## ആത്മകഥ

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട്

ഗ്രന്ഥകർത്താവായ ഞാൻ എന്റെ ആത്മകഥാഖ്യാനം നിർവഹിക്കുന്ന ഈ അദ്ധ്യായത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ ,എന്റെ ഓർമ്മയിൽ വന്നത് ആത്മകഥാ രചനയിൽ പ്രശസ്തിയാർജ്ജിച്ച ഇൻഡ്യയുടെ മഹാനായ പ്രഥമപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു തദ്വിഷയത്തിൽ ചെയ്ത ഒരു പരാമർശമാണ്. അദ്ദേഹത്തിന്റെ ആത്മകഥയുടെ ആമുഖത്തിൽ, തന്റെ കൃതിക്ക് അതർഹിക്കുന്നതിൽ കുടുതൽ വ്യാപകമായ പ്രാധാന്യം കല്പിച്ച് അനുവാചകർ വഴി തെറ്റി പോകാതിരിക്കുവാനായി, അതിലെ പ്രതിപാദനം തികച്ചും ഏകപക്ഷീയവും ആത്മപ്രശംസാപരവുമാണെന്ന് അദ്ദേഹംതന്നെ മുന്നറിപ്പു നൽകുന്ന പ്രസ്താവമാണിത്. എന്നാൽ ആത്മകഥാപ്രസ്ഥാനത്തിൽ വിശ്വവിഖ്യാതി നേടിയിട്ടുള്ള പ്രസ്തുത കൃതിയുടെ രചയിതാവിൽ തിളങ്ങിയിരുന്ന അത്യുൽകൃഷ്ടമായ സാംസ്കാരികനിലവാരത്തിന്റെ പ്രതിഫലനം മാത്രമായിരുന്നു എത്രയും വിനായാന്വിതമായ ഈ സ്വയം വിലയിരുത്തലെന്ന് സ്പഷ്ടമാണ്. പ്രത്യുത എന്റെ ആത്മകഥനത്തിൽ ഇപ്രകാരമുള്ള മുൻകരുതലുകൾ ആദ്യന്തം അപ്രസക്തമാക്കുമാറ് നിലനിൽക്കുന്ന അടിസ്ഥാനപരമായ ഒരു സത്യം, വിശുദ്ധ പൗലുസ് അപ്പോസ്തലൻ 1 കൊരി. 15:10-ൽ പറയുന്ന പ്രകാരം "ഞാനാകുന്നത് ദൈവകൃപയിലാകുന്നു" എന്നതാണ്. തിരുവുള്ളം കനിഞ്ഞ് എന്നിൽ കൂടി സമൃദ്ധിയായി പ്രവഹിച്ചിട്ടുള്ള ദൈവകൃപയെയും സ്വർഗ്ഗീയവാഴ്വുകളെയും കുറിച്ച് സാക്ഷാത്തായ ഒരു ക്രസ്തീയസാക്ഷ്യം വഹിച്ച് രേഖപ്പെടുത്തുകയെന്ന എന്റെ സ്ഥാനോചിതമായ കർത്തവ്യനിർവ്വഹണമാണ് ഏവംവിധമായ ഒരു ആത്മകഥാരചനയുടെ മൂലകാരണവും പ്രചോദനവും.

### ജനനവും ബാല്യകാലവും

കോട്ടയത്ത് വട്ടക്കുന്നേൽ കിഴക്കേതിൽ ചെറിയാൻ കുര്യൻ കത്തനാരുടെയും, കോട്ടയത്തിനു പടിഞ്ഞാറു ഭാഗത്തുള്ള ഒളശ്ശയിൽ പുളിക്കപ്പറമ്പിൽ മറിയം ഇട്ടിഐപ്പ് എന്ന ചിന്നമ്മയുടെയും പതിനൊന്നാമത്തെ സന്താനമായി എ. ഡി. 1907 മാർച്ച് 27-ാം തീയതി എം. ഇ. 1082 മീനം 14-ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 41/2 മണിക്ക് പുരം നക്ഷത്രത്തിൽ ഞാൻ ഭുജാതനായി. എന്റെ പിതാവ് വട്ടക്കുന്നേൽ വലിയച്ചൻ എന്നറിയപ്പെടുന്ന കുര്യൻ കത്തനാർ മണർകാട് വടക്കംമണ്ണൂർ, പുതുപ്പള്ളി, നിലയ്ക്കൽ എന്നീ പള്ളികളിലെ സ്ഥിരം വികാരിയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പ്രഥമവും പ്രധാനവുമായ ചുമതല വടക്കംമണ്ണൂർ ഇടവകയുടെ വികാരിസ്ഥാനമായിരുന്നു. അതിനാൽ അക്കാലത്ത് എന്റെ മാതാപിതാക്കൾ സൗകര്യാർത്ഥം വടക്കംമണ്ണൂർ പള്ളിക്കു സമീപമുള്ള ഓമത്തിൽ പുരയിടം എന്നറിയപ്പെടുന്ന സ്വന്തം ഭവനത്തിൽ അധിവസിച്ചിരുന്നു. അതിനു മുമ്പ് താമസിച്ചിരുന്ന മണർകാട് പള്ളിക്കു സമീപമുള്ള ചോറാറ്റിൽ ഭവനത്തിൽ നിന്ന് എ. ഡി. 1903-ൽ (എം. ഇ. 1078) വടക്കംമണ്ണൂരേക്ക് താമസം മാറ്റിയിരുന്ന കാര്യം നേരത്തെ 85-ാം പേജിൽ വിവരിച്ചിട്ടുണ്ട്. വടക്കംമണ്ണൂർ പള്ളിയിൽ വച്ച് 1907 മെയ് മാസം 21-ാം തീയതി പുതുഞായറാഴ്ച ദിവസം എന്റെ മാമോദീസാ കുദാശ നിർവ്വഹിക്കപ്പെടുകയും വട്ടക്കുന്നേൽ കുര്യൻ മാത്യു (വി. കെ. മാത്യു) എന്ന് പേരിടുകയും ചെയ്തു. ഞങ്ങളുടെ ഒരകുന്ന ബന്ധുവായ ഓമത്തിൽ തൊമ്മൻ തോമ്മായിരുന്നു എന്റെ തലതൊട്ടപ്പൻ. ഞങ്ങൾ വാങ്ങിയ ഓമത്തിൽ പുരയിടം അവരുടേതായിരുന്നു.

എന്റെ ജനനസമയം, ജന്മനക്ഷത്രം ആദിയായ കാര്യങ്ങളെക്കുറിച്ച് അക്കാലത്ത് ഒരു പ്രസിദ്ധ ജ്യോത്സ്യനും നിലയ്ക്കൽ പള്ളിയംഗവുമായിരുന്ന കുന്നുകുഴിയിൽ കുരുവിള എൻജീനിയർ എന്റെ പിതാവിൽ നിന്നും താല്പര്യപൂർവ്വം അറിഞ്ഞ ശേഷം കുട്ടി പതിനൊന്നാമിടം വ്യാഴത്തിലാണ് ജനിച്ചിരിക്കുന്നതെന്നും, ഒരുന്നത ഭരണാധികാരിയായി തീരുമെന്നും, അത് പിതാവിന്റെ സാഹചര്യത്തിൽ പരിഗണിക്കുമ്പോൾ ഒരു പ്രമുഖ വൈദികനാകമെന്നാണ് സൂചനയെന്നും അതുല്യനായ ഒരാളകയാൽ

സമുദായത്തിന്റെ പ്രധാന മേലദ്ധ്യക്ഷനാകുവാനാണ് സാദ്ധ്യതയെന്നും പറയുകയുണ്ടായി. ഇക്കാര്യം എന്നോടു പറഞ്ഞത് അയ്മനം വട്ടയ്ക്കാട്ടിൽ കെട്ടിച്ച എന്റെ മൂത്ത സഹോദരി വി. കെ. ഏലിയാണ്. കൂടാതെ മൈസൂർ റീജീനൽ കോളേജിൽ പഠിപ്പിക്കുന്ന പി. സി. ഈപ്പൻ കത്തനാരും ഈ രീതിയിലുള്ള ഒരു ജ്യോത്സ്യാഭിപ്രായം എന്നെ അറിയിക്കുന്നതിനിടയായി. ഞാൻ പഴയ സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ ഒരു വൈദികവിദ്യാർത്ഥിയായിരുന്ന പി. സി. ഈപ്പൻ കോട്ടയം നാഗമ്പടത്തുള്ള ഒരു ജ്യോതിഷക്കാരനെക്കൊണ്ട് ഞാനറിയാതെ എന്റെ ജാതകം എഴുതിച്ച് എന്നെ ഏല്പിക്കുകയാണുണ്ടത്. ഈ ജാതകത്തിലും കുരുവിള എൻജീനയർ പറഞ്ഞ കാര്യങ്ങൾ തന്നെ അന്യോന്യമറിയാതെ ആവർത്തിച്ചിരിക്കുന്നതായി കാണുന്നു. ഞാൻ ജാതകത്തിൽ വിശ്വസിക്കുന്നു എന്നല്ല, എന്നാൽ എന്റെ ജീവിതത്തെ നിയന്ത്രിച്ച് നടത്തി മാർഗ്ഗനിർണയം ചെയ്യുകയും ഞാനാഗ്രഹിച്ചിരുന്ന ജീവിതചര്യയിൽനിന്നു വിഭിന്നമായ മറ്റൊന്നിലേക്ക് തിരിച്ചുവിടുകയും ചെയ്ത ദൈവതമ്പുരാൻ, മുന്നറിയിക്കപ്പെട്ടതായി മുകളിൽ വിവരിച്ച പ്രകാരം തന്നെയാണ് എന്നെ വഴി നടത്തിയതെന്നതിന് പിൽക്കാലാനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു ഡോക്ടറാകുവാനാണ് ഞാനാഗ്രഹിച്ചിരുന്നത്. എന്നാൽ അതിനിടയാകാതെ ഓരോരോ തടസ്സങ്ങൾ സൃഷ്ടിച്ച് എന്നെ വൈദികനാക്കുകയും അചിരേണ ആഗോളപ്രശ്സ്തിയുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷപദവിയായ പൗരസ്ത്യകാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും എന്ന നിലയിലേക്കുയർത്തുകയും ചെയ്ത ദൈവികനടത്തിപ്പിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ജ്യോതിഷത്തിൽ എങ്ങനെ വിശ്വസിക്കാതിരിക്കും?

ഞാൻ ജനിച്ച ഓമത്തിൽഗൃഹത്തിൽ എന്റെ 4-ാം വയസ്സു വരെ മാത്രമേ ഞങ്ങൾ താമസിച്ചുള്ളു. വടക്കംമണ്ണൂർ ഒരു ഗ്രാമപ്രദേശമായിരുന്നതിനാൽ വിദ്യാഭ്യാസസൗകര്യം മുൻനിർത്തി കോട്ടയത്തേക്ക് താമസം മാറ്റേണ്ടതായി വന്നു. അതിനു മുമ്പ് എന്റെ മൂന്നു സഹോദരികളുടെ വിവാഹം നടന്നു. മൂത്ത പെങ്ങൾ ഏലിയെ വട്ടയ്ക്കാട്ടിലും, രണ്ടാമത്തെ പെങ്ങൾ കൊച്ചീക്കൻ എന്ന അക്കാമ്മയെ മീനടത്ത് മാപ്പിളക്കുന്നേലും ,മൂന്നാമത്തെ പെങ്ങൾ കുഞ്ഞുപെണ്ണ് എന്ന ശോശയെ അമയന്നൂർ ഉടുമ്പുനാട്ടും വിവാഹം കഴിപ്പിച്ചിരുന്നു. ഞങ്ങൾ വടക്കംമണ്ണൂർ വിട്ട്, കോട്ടയത്തേക്കു പോന്നത് ഞാൻ ഓർക്കുന്നുണ്ട്. വീട്ടുസാധന സാമഗ്രികളെല്ലാം കൂടി ഒരു കെട്ടുവള്ളത്തിൽ കയറ്റി, അവിടത്തെ ഗ്രാമീണ ബോട്ടുജെട്ടിയെന്നു പറയാവുന്ന ഒരു ആഞ്ഞിലി ചുവടുമുക്കിൽ നിന്നാണ് വള്ളത്തിൽ കയറി യാത്ര ചെയതത്. ഇത് എം. ഇ. 1086 (എ. ഡി. 1911)-ലായിരുന്നു. അന്ന് എനിക്ക് 4 വയസ്സോളം മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. വടക്കംമണ്ണൂർ വിട്ടു പോരുന്നതിന് എനിക്ക് മടിയായിരുന്നു. ഞാൻ കരഞ്ഞുകൊണ്ട് പുറകോട്ടു മാറിയതിനാൽ ഞങ്ങളുടെ അയൽവാസിയും ബന്ധുമായിരുന്ന കൊച്ചുട്ടൻ ചിറ്റപ്പൻ എന്നെ എടുത്തുകൊണ്ടാണ് തോട്ടുമുക്കിലേക്കു കൊണ്ടുപോയത്. വീണ്ടും ഞാൻ കരഞ്ഞുകൊണ്ടിരുന്നതിനാൽ കൊച്ചുട്ടൻ ചിറ്റപ്പൻ കുറച്ചു ദുരം ഞങ്ങളുടെ കൂടെ വള്ളത്തിൽ പോന്നു. പിന്നീട് ഞാൻ കരഞ്ഞുകരഞ്ഞുറങ്ങി പോയപ്പോഴാണ് ചിറ്റപ്പൻ വള്ളത്തിൽ നിന്ന് ഇറങ്ങി പോയത്. ഈ യാത്രയുടെ പിന്നീടുള്ള വിവരങ്ങളൊന്നും എന്റെ ഓർമ്മയിലില്ല. പള്ളിക്കാര്യം സംബന്ധിച്ച് എന്തോ തിടുക്കമുള്ള ആവശ്യം പ്രമാണിച്ച് അപ്പച്ചൻ ഞങ്ങളുടെ കൂടെ പോന്നില്ല. മാത്രമല്ല ഞങ്ങൾ കോട്ടയത്തിനു പോന്നെങ്കിലും അപ്പച്ചൻ പള്ളിനടത്തിപ്പു സൗകര്യം മുൻനിർത്തി വടക്കംമണ്ണൂർ ഓമത്തിൽ പുരയിടത്തിൽത്തന്നെ തുടർന്നു താമസിച്ചു കൊണ്ട് കൂടെക്കൂടെ കോട്ടയത്ത് വരികയായിരുന്നു പതിവ്. ഞങ്ങളും ചിലപ്പോഴൊക്കെ അവിടെ പോയി താമസിക്കുമായിരുന്നു. അവിടെ കിഴങ്ങുവർഗങ്ങളിൽ ഉണ്ടായിരുന്ന കൃഷി എടുക്കുന്ന സമയങ്ങളിലാണ് ഇപ്രകാരം പൊയ്ക്കൊണ്ടിരുന്നത്. അങ്ങനെ ഒരവസരത്തിൽ മാതാപിതാക്കളൊഴികെ കുടുംബത്തിലെല്ലാവർക്കും ചിക്കൻപോക്സ് പിടിപെട്ടു. ഏറെക്കുറെ ഗുരുതരമായിരുന്നെങ്കിലും അപായമൊന്നും സംഭവിച്ചില്ല. എന്റെ വലത്തെ ചെള്ളയിൽ ഒരു കുരു മാത്രമുണ്ടായി. തമിഴരിൽ ചിലർ ഇത് മുത്തപ്പന്റെ വിളയാട്ടമാണെന്നു പറഞ്ഞ് ഒരു നല്ലകാലത്തിന്റെ ഭാഗ്യലക്ഷണമായി കരുതാറുണ്ട്.

വടക്കംമണ്ണൂർ ഓമത്തിൽ പുരയിടത്തിൽ താമസിക്കുമ്പോളായിരുന്നു എന്റെ രണ്ടു സഹോദരിമാരായ ചിന്നാച്ചി എന്ന അന്നയും എം. ഇ. 1080 ചിങ്ങം 8-ാം തീയതി (1904 ഓഗസ്റ്റ് 23) റാഹേൽകുട്ടി എന്ന സാറായും 1084 തുലാം 28-ാം തീയതി (1908 നവംബർ 13) ജനിച്ചത്. അതിനു മുമ്പ് മണർകാട്ട് ചോറാറ്റിൽ താമസിക്കുമ്പോളായിരുന്നു എന്റെ മറ്റൊരു സഹോദരി കുഞ്ഞൂഞ്ഞി എന്ന ഡോ. മേരി കുര്യനും 1073 മകരം 13(1898 ഫെബ്രുവരി 5)-നും എന്റെ സഹോദരന്മാരായ പാപ്പച്ചൻ എന്ന വി. കെ. ജോസഫും 1075 ധനു 15(1900 ജനുവരി 8) കുഞ്ഞുകൊച്ച് എന്ന വി. കെ. കുര്യനും 1077 തുലാം 26 (1901 നവംബർ 11) ജനിച്ചത്. എന്റെ സഹോദരി സഹോദരന്മാരിൽ ആദ്യത്തെ നാലു പേർ, അതായത് കുഞ്ഞാമ്മ എന്ന വി. കെ. ഏലി1060 കുംഭം 3, കൊച്ചീക്കൻ എന്ന അക്കാമ്മ 1063 മീനത്തിലും, കുഞ്ഞപ്പൻ എന്ന കെ. ചെറിയാൻ

വക്കീൽ 1067 കുംഭം 9 (1892 ഫെബ്രുവരി 19) കുഞ്ഞുപെണ്ണ് എന്ന ശോശ 1071 മകരം 13 (1896 ജനുവരി 25) എന്നിവർ എന്റെ മാതാപിതാക്കളുടെ ആദ്യത്തെ ഭവനമായ മുട്ടമ്പലം കിഴക്കേതിൽ തറവാട്ടിൽ താമസിക്കുമ്പോൾ ജനിച്ചവരാണ്. (എന്റെ മാതാപിതാക്കളുടെ പ്രഥമ അധിവാസസ്ഥലമായ കിഴക്കേതിൽ തറവാട്ടിൽ ഇപ്പോൾ താമസിക്കുന്നത് ഈ ചരിത്രഗ്രന്ഥത്തിന്റെ പ്രസാധകനായ എന്റെ പിതൃസഹോദരപൗത്രൻ റിട്ട. ഇൻകം ടാക്സ് കമ്മീഷണർ കെ. സി. തോമസ്സും കുടുംബവുമാണ്.) എന്റെ മാതാവ് 13 കുട്ടികളെ പ്രസവിച്ചു. 3 കുട്ടികൾ പ്രസവത്തോടുകൂടി മരിച്ചുപോയി. ശേഷിച്ച 10 പേരിൽ ഇപ്പോൾ എന്നോടുകൂടെ അവശേഷിക്കുന്നത് എന്റെ ഇളയ സഹോദരി റാഹേൽകുട്ടി മാത്രമാണ്.

എന്റെ 5 വയസ്സു വരെയുള്ള ചരിത്രത്തിലെ ചില ബാല്യകാല കുസൃതികൾ ഓർക്കുന്നത് യഥാതഥവും വാസ്തവികവുമായ ചരിത്രരചന മുൻനിർത്തി മാത്രമാണ് ഇവിടെ ചേർക്കുന്നത്. എന്റെ ഇളയ പെങ്ങൾ റാഹേൽകുട്ടിയുടെ ഒരു പുസ്തകം ഞാൻ ഒരിക്കൽ വലിച്ചുകീറി. അതിന് അമ്മച്ചിയുടെ തല്ലും താക്കീതും കിട്ടിയതായി ഓർക്കുന്നുണ്ട്. ഇതിനെക്കുറിച്ച് എന്റെ ശതാഭിഷേകം സംബന്ധിച്ച് മലയാളമനോരമ റിപ്പോർട്ടർ രാമചന്ദ്രന് അനുവദിച്ച അഭിമുഖത്തിൽ രേഖപ്പെടുത്തി. 27/3/90-ലെ പത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലെ ചോദ്യോത്തരങ്ങൾ താഴെ ഉദ്ധരിക്കുന്നു:

ചോദ്യം: ഒരു നല്ല കാര്യത്തിനു വേണ്ടി നുണ പറയുന്നതിൽ കുഴപ്പമുണ്ടോ?

ഉത്തരം: "കുഴപ്പമുണ്ടോ എന്നു ചോദിച്ചാൽ താൻ ഒരു വലിയ കള്ളനാണെന്നാണ് അതിന്റെ അർഥം. (ചിരിക്കുന്നു.) ഞാൻ ഒരിക്കൽ മാത്രമേ കള്ളം പറഞ്ഞതായി ഓർക്കുന്നുള്ളു. അന്ന് തീരെ കൊച്ചാ. കുശുമ്പു തോന്നി, ഇളയ പെങ്ങളുടെ ഒരു പുസ്തകം ഞാൻ വലിച്ചുകീറി. അവൾ കരഞ്ഞു. എന്നോട് ചോദിച്ചപ്പോൾ ഞാൻ സമ്മതിച്ചില്ല. പിന്നീടു സമ്മതിച്ചു. ആ ഒരു നുണയേ ഞാൻ പറഞ്ഞിട്ടുള്ളു."

മറ്റു രണ്ട് സംഭവങ്ങൾ കൂടി ഉണ്ട്. ഞങ്ങളുടെ ചിറയിൽ കണ്ടത്തിൽ രണ്ടാം കൃഷി കഴിഞ്ഞ് കച്ചിയും പീലിയും ഉണക്കാൻ കുട്ടിയിട്ടിരുന്നു. അതിൽ ഞാനും പെങ്ങന്മാരും കൂടി ചാടിക്കളിച്ച് പീലി നിരത്തുന്നത് ചിറയുടെ തെക്കേ അറ്റത്തുനിന്ന് കണ്ടുകൊണ്ടു വന്ന ഞങ്ങളുടെ പിതാവ് ഞങ്ങളെ വിളിച്ച് ഓരോ അടി തന്നതായി ഓർക്കുന്നു. പിന്നീടൊരിക്കൽ ഞങ്ങളുടെ അടുത്തുള്ള തൃക്കേൽ അമ്പലപ്പറമ്പിൽ ഓടിക്കയറി ചെന്ന് ഞങ്ങൾ കളിച്ചു. ഇതറിഞ്ഞ് അമ്മച്ചി ഒരു വടിയുമായി വന്ന് ഞങ്ങളെ വഴക്കു പറഞ്ഞുകൊണ്ട് വീടിന്റെ തിണ്ണയിൽ മുട്ടിന്മേൽ നിർത്തിയതും ഓർമ്മയിൽ വരുന്നുണ്ട്. കൂടാതെ ഞങ്ങളുടെ വീടിരിക്കുന്ന സ്ഥലത്തുള്ള കണ്ടത്തിൽ ഓടിക്കളിക്കുക സൗകര്യമായിരുന്നു. കോട്ടയത്തുള്ള സ്കൂളുകളിൽ പഠിച്ചിരുന്ന ഞങ്ങൾ കുട്ടികൾ 4 മണിക്കു ശേഷം ഒരുമിച്ചുകൂടി കളികളിൽ ഏർപ്പെടുമായിരുന്നു. അക്കാലത്ത് പെൺകുട്ടികൾക്കായി പ്രാഥമികവിദ്യാഭ്യാസത്തിന് ബേക്കർ സ്കൂൾ കൂടാതെ തിരുനക്കരയിൽ ഒരു കൊച്ചുസാറും ഭാര്യയും പഠിപ്പിച്ചിരുന്ന ഒരു മിഷ്യൻ സ്കൂളും ഉണ്ടായിരുന്നു. എന്റെ നാലാമത്തെ പെങ്ങൾ കുഞ്ഞുഞ്ഞി മൂത്ത പെങ്ങളുടെ മകൾ അന്നമ്മ, എന്റെ രണ്ടാമത്തെ പെങ്ങളുടെ മകൾ കുട്ടിയമ്മ എന്നിവർ ഈ സ്കൂളുകളിൽ പഠിച്ചിരുന്നു. ഞങ്ങളെല്ലാംവരും കൂടി കണ്ടത്തിൽ കളിക്കുന്നതിനു പുറമെ, ചില്ലറ കൃഷിപ്പണികളും ചെയ്തിരുന്നു. കണ്ടം തയ്യാറാക്കി ചെമ്പകനെൽവിത്തിടുന്ന ഒരു രീതിയുണ്ടായിരുന്നു. കാള പൂട്ടി ചാലുണ്ടാക്കി, അതിനു പുറകിൽ ചെറിയ പാത്രങ്ങളിൽ നെൽവിത്തും ചാരവും കുട്ടിയിളക്കി ഒരു ചാൺ അകലത്തിൽ വിത്തിടുകയാണ് ചെയ്തിരുന്നത്. അതൊക്കെ ഞങ്ങൾ കുട്ടികൾ ചേർന്ന് ഇടുമായിരുന്നു. മാത്രമല്ല, കാള പൂട്ടുന്ന ആളുടെ സൗമനസ്യത്തോടു കൂടി ചിലപ്പോൾ കാള പൂട്ടുപണി അരക്കൈ പരീക്ഷിച്ചു നോക്കുവാനും ഞാൻ മടിച്ചിട്ടില്ല. പക്ഷേ ഇന്ന് അതെല്ലാം കേവലം ഗതകാല സുഖസ്മരണകളായി മാത്രം നിലകൊള്ളുന്നു.

### വിദ്യാഭ്യാസം

ഞങ്ങൾ ചെറുപ്പമായിരുന്നപ്പോൾ ഞങ്ങളുടെ അയൽപക്കക്കാരൻ ചിറയിൽ അയ്യപ്പൻപിള്ള ഞങ്ങളുടെ വീട്ടിൽ വന്ന് ട്യൂഷൻ പഠിപ്പിക്കുമായിരുന്നു. അദ്ദേഹം എന്റെ മൂത്ത സഹോദരൻ ചെറിയാൻ വക്കീലിന്റെ സ്നേഹിതനായിരുന്നു. അയ്യപ്പൻപിള്ളയെ, ഞങ്ങളുടെ മേൽനോട്ടത്തിനാക്കിയുംവച്ചാണ് ചെറിയാൻ വക്കീൽ കൽക്കട്ടായിൽ ബി. എ. യ്ക്കു പഠിച്ചുകൊണ്ടിരുന്നത്. അദ്ദേഹം ആ സമയം പത്രം വായിക്കുന്നത് കേൾക്കുകയും വായിച്ചുകേട്ട കാര്യങ്ങളെക്കുറിച്ച് ഞങ്ങളുമായി ചർച്ച ചെയ്യുകയും ചെയ്യുമായിരുന്നു. 1914-1918 കാലത്ത് നടന്ന 1-ാം ലോകമഹായുദ്ധത്തെക്കുറിച്ച് വായിച്ചു കേൾക്കുന്നത് ഞങ്ങൾക്ക് ആനന്ദകരമായിരുന്നു. അയ്യപ്പൻപിള്ള തന്നെയാണ് 1912-1914 കാലത്ത് എന്നെ നിലത്തെഴുത്ത് പഠിപ്പിച്ചത്.

### പ്രൈമറി സ്കൂൾ

എന്റെ പ്രൈമറിസ്കൂൾ വിദ്യാഭ്യാസം1914-1918 കാലത്ത് എം. ഡി. സെമിനാരി എൽ. പി. സ്കൂളിലായിരുന്നു. അന്നത്തെ ഏലിയാ ചാപ്പലിന്റെ കിഴക്കു ഭാഗത്തായുണ്ടായിരുന്ന ചെറിയ

കെട്ടിടങ്ങളിലാണ് പ്രൈമറി സ്കൂൾ നടത്തിയിരുന്നത്. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ കത്തോലിക്കാ സമുദായത്തിൽപ്പെട്ട കോങ്കണ്ണുള്ള ഒരു വർക്കി സാറായിരുന്നു. അദ്ദേഹം നാലാം ക്ലാസ്സിലും നമ്മുടെ സമുദായക്കാരായ പുതുപ്പള്ളിക്കാരൻ ഒരു ചെറിയാൻ സാർ മൂന്നാം ക്ലാസ്സിലും പഠിപ്പിച്ചിരുന്നു. ചെറിയാൻസാർ വലിയ ഒരടിക്കാരനായിരുന്നതിനാൽ എല്ലാവർക്കും പേടിയായിരുന്നു. രണ്ടാം ക്ലാസ്സിലെ വാദ്ധ്യാരുടെ പേരു നല്ല ഓർമ്മയില്ല. ഒരു ഏബ്രഹാം സാറായിരുന്നുവെന്നു തോന്നുന്നു. ഒന്നാം ക്ലാസ്സിൽ പഠിപ്പിച്ചിരുന്നത് ഒരു യോഹന്നാനച്ചനായിരുന്നു. അവസാനകാലം അദ്ദേഹം പുത്തനങ്ങാടിയിൽ താമസിച്ചിരുന്നു. 1-ാം ക്ലാസ്സിൽ പഠിപ്പിക്കുമ്പോൾ അദ്ദേഹം അയ്മേനിയായിരുന്നു.

**മിഡിൽ സ്കൂൾ വിദ്യാഭ്യാസം അഥവാ യു. പി. സ്കൂൾ കാലം**

1918-1922 വർഷങ്ങളിലായിരുന്നു. പ്രിപ്പാറട്ടറി ക്ലാസ്സ് ടീച്ചർ സമർത്ഥനായ ഒരു നാരായണപിള്ളയായിരുന്നു. അദ്ദേഹത്തിന് മലയാളം നല്ല വശമായിരുന്നതിനാൽ മലയാളത്തിലും ക്ലാസ്സുകൾ എടുത്തിരുന്നു. എന്നാൽ മലയാളത്തിന് പ്രത്യേകമായി മുൻഷി സാർ, നട്ടാശ്ശേരിക്കാരൻ മറ്റൊരു നാരായണപിള്ള സാറായിരുന്നു. അദ്ദേഹം ഹൈന്ദവപുരാണങ്ങളിൽ നിന്നു പറയുന്ന കഥകൾ വളരെ രസകരമായിരുന്നതിനാൽ അവ ഇപ്പോഴും എന്റെ മനസ്സിൽ തിളങ്ങി നിൽക്കുന്നുണ്ട്. യഥാർത്ഥത്തിൽ എനിക്ക് മലയാളം വല്ലതുമറിയാമെങ്കിൽ അത് നാരായണപിള്ള സാർ പഠിപ്പിച്ചിട്ടുള്ളതാണ്. ഫസ്റ്റ് ഫോമിൽ പഠിപ്പിച്ചിരുന്നത് താഴങ്ങാടി പടിഞ്ഞാറേ തലയ്ക്കൽ അവറാൻകുട്ടി സാറായിരുന്നു. സുമുഖനായിരുന്ന അദ്ദേഹത്തിന്റെ ക്ലാസ്സുകൾ പ്രയോജനകരമായിരുന്നു. സെക്കണ്ട് ഫോമിൽ പഠിപ്പിച്ചിരുന്നത് പുത്തനങ്ങാടി പടിഞ്ഞാറെ പറമ്പിൽ ഉതുപ്പു സാറായിരുന്നു. 'മേരീ ഹാഡ് എ ലിറ്റിൽ ലാമ്പ്' എന്ന ഇംഗ്ലീഷ് പദ്യം അദ്ദേഹം എന്നെക്കൊണ്ട് കൂടെക്കൂടെ ചൊല്ലിക്കുമായിരുന്നു. തേർഡ് ഫോമിൽ ഒരു നല്ല അടിക്കാരനായി അറിയപ്പെട്ടിരുന്നതു വേളൂർ ചേരിക്കൽ വർക്കി സാറായിരുന്നു. എങ്കിലും ഞാനദ്ദേഹത്തിന്റെ അടി കൊണ്ടിട്ടില്ല. തേർഡ് ഫോമിന്റെ മറ്റൊരു ഡിവിഷൻ പഠിപ്പിച്ചിരുന്നത് പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ ഗീവറുഗീസ് ശെമ്മാശ്ശനായിരുന്നു. അന്ന് ബി. ഡി. പാസ്സായിരുന്ന അദ്ദേഹം പിന്നീട് എം. എ. ബിരുദവും കരസ്ഥമാക്കി. അദ്ദേഹമാണ് പിൽക്കാലത്ത് തുമ്പമൺ ഇടവകയുടെ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രപ്പോലീത്തയായി സ്ഥാനമേറ്റത്. അദ്ദേഹത്തിന് ഇംഗ്ലീഷിൽ നല്ല അഭിജ്ഞാനമുണ്ടായിരുന്നതിനാൽ മറ്റു ക്ലാസ്സുകാരും ശെമ്മാശ്ശനെ വിളിച്ചുകൊണ്ടുപോയി പ്രസംഗം പറയിക്കുമായിരുന്നു.

പ്രൈമറി സ്ക്കുളിൽ പഠിക്കുമ്പോഴുണ്ടായ ചില സംഭവങ്ങൾ ഓർക്കുന്നത് രേഖപ്പെടുത്തുന്നു. ഒരിക്കൽ ഹൈസ്ക്കുളിൽ വാർഷികദിനാഘോഷങ്ങൾ ബിഷപ്പ് വിൽ സായ്പിന്റെ അദ്ധ്യക്ഷതയിൽ നടത്തിയപ്പോൾ പ്രസംഗവേദിയിൽ കയറിനിന്നു സദസ്യരെ അഭിമുഖീകരിച്ച് സഭാകമ്പം കൂടാതെ ഒരാശംസാഗാനം പാടുവാനായി എന്നെയാണ് തെരഞ്ഞെടുത്തത്. ഒരു ഷർട്ട് കോട്ടു ധരിച്ചുകൊണ്ട് ഞാൻ പാടിയ ഗാനം എല്ലാവരെയും സന്തോഷിപ്പിച്ചു. കൂടാതെ ലോവർ പ്രൈമറിസ്കൂളിലെ വാർഷികദിനത്തിൽ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുയുണ്ടായി. അതിനു വേണ്ടി ചമയുവാനായി വീട്ടിൽ ചെന്ന് ശല്യമുണ്ടാക്കിയതായി ഓർക്കുന്നുണ്ട്. മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ ഞങ്ങളുടെ കായികവിനോദങ്ങൾ ഊഞ്ഞാലാട്ടം, അരിയാസുകളി, കിളികളി ആദിയായവയായിരുന്നു. ഞാൻ എപ്പോഴും പൊതുക്കിളിയാണ്. ഓടിച്ചാടി നടന്ന് കൈയും കാലും കൊണ്ടടിക്കുന്നതിൽ ഞാൻ വിദഗ്ദ്ധനായിരുന്നു.

**ഹൈസ്കൂൾ വിദ്യാഭ്യാസം**

1922-1925 കാലത്ത് എം. ഡി. സെമിനാരിയിൽതന്നെ തുടർന്ന് നടത്തി. ഹെഡ്മാസ്റ്റർ വി. ജെ. ഇട്ടിച്ചെറിയാ മാസ്റ്ററായിരുന്നു. എന്നാൽ അദ്ദേഹം സാധുവാണെന്നും, അദ്ദേഹത്തിന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചിരുന്ന ചരിത്രം പഠിപ്പിക്കുന്ന വി. ജി. ജോർജ് സാറാണ് സകല കുഴപ്പങ്ങൾക്കും കാരണമെന്നും കിംവദന്തിയുണ്ടായിരുന്നു. അയ്മനംകാരൻ കെ. സി. ജോൺ സാർ കെമിസ്ട്രി, ഫിസിക്സ് തുടങ്ങിയ ശാസ്ത്രീയവിഷയങ്ങൾ പഠിപ്പിച്ചിരുന്നു. ഫോർത്ത് ഫോമിൽ പഠിപ്പിച്ചിരുന്ന വേളൂർകാരൻ മാണി സാർ ദേഷ്യം വരുമ്പോൾ തല്ലുകയില്ലെങ്കിലും, വിദ്യാർത്ഥികളെ 'മഫ്' എന്ന് വിളിക്കുമായിരുന്നു. മാത്മാറ്റിക്സ് പഠിപ്പിച്ചിരുന്നത് ഒരു നാരായണപിള്ള സാർ ആയിരുന്നു. അന്ന് ഹൈസ്കൂൾ ക്ലാസ്സുകളിൽ ഐച്ഛികവിഷയങ്ങൾ എടുക്കുന്ന പതിവുണ്ടായിരുന്നു. പൊതുവേയുള്ള നിർബ്ബന്ധിതവിഷയങ്ങൾക്കു പുറമെ ഞാൻ എടുത്തത് മാത്മാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളായിരുന്നു.

ഹൈസ്കൂൾ കാലയളവിൽ ഏർപ്പെട്ടിരുന്ന കായികവിനോദങ്ങളിൽ പ്രഥമസ്ഥാനം ഫുട്ബോളിനായിരുന്നു. എന്റെ കുടുംബാംഗങ്ങളായ പലരും അന്ന് എം.ഡി. സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്നതിനാൽ, ഒരു വട്ടക്കുന്നേൽ ഫുട്ബോൾ ടീം തന്നെ രൂപികരിക്കാൻ ആലോചിച്ചിരുന്നെങ്കിലും അധികാരികൾ അനുവദിച്ചില്ല. ഞങ്ങളിൽ ഏറ്റവും വിദഗ്ദ്ധനായ കളിക്കാരൻ

കിഴക്കേതിൽ കൊച്ച് എന്ന കെ. വി. കുര്യനായിരുന്നു. ഇദ്ദേഹത്തെക്കുറിച്ച് പ്രഗത്ഭനായ ഫുട്ബോൾ താരം എന്ന ശീർഷകത്തിൽ മുകളിൽ 109-ാം പേജിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പുത്രനാണ് കുര്യൻ മെമ്മോറിയൽ ഹോസ്പിറ്റലിന്റെ ഉടമയായ കാർഡിയോളജിസ്റ്റ് ഡോ. കുര്യൻ ജോർജ്. ഫുട്ബോൾ കളിക്കാര്യത്തിൽ മുകളിൽ സൂചിപ്പിച്ചപ്രകാരം സ്റ്റാഫംഗമായിരുന്ന ഗീവറുഗീസ് ശെമ്മാശ്ശ (പിൽക്കാലത്ത് പുത്തൻകാവിൽ പീലക്സിനോസ് തിരുമേനി) നുമായി ബന്ധപ്പെട്ടുണ്ടായ ഒരു സംഭവകഥനം ഇവിടെ പ്രസക്തമാണ്. ഫുട്ബോളിൽ എനിക്കുണ്ടായിരുന്ന താത്പര്യം മുൻനിർത്തി എന്നെ സ്കൂൾ ടീമിന്റെ ക്യാപ്നാക്കിയിരുന്നു. ശെമ്മാശ്ശനും ഫുട്ബോൾ കളിക്കുവാൻ വരുമായിരുന്നു. അദ്ദേഹം സ്ഥൂല ശരീരിയായിരുന്നതിനാൽ കളിക്കളത്തിലെ ഗതിചലനങ്ങൾ നിയന്ത്രണാധീനമാകാതെ ‘ചത്തേ’ എന്നു പറഞ്ഞാണ് നീങ്ങിക്കൊണ്ടിരുന്നത്. അതിന്റെ അർത്ഥം മറ്റുള്ളവർ മാറിക്കൊടുക്കണമെന്നായിരുന്നു. അല്ലെങ്കിൽ കുട്ടിമുട്ടി നീലത്ത് വീഴുമായിരുന്നു. സ്റ്റാഫംഗങ്ങളിൽ ആരെങ്കിലും കളിക്കുവാൻ വരുമ്പോൾ വിസിൽ അദ്ദേഹത്തെ ഏല്പിക്കുക പതിവായിരുന്നു. 41/2 മണിക്കു തുടങ്ങി 51/2 മണിക്ക് കളി നിർത്തണമെന്നായിരുന്നു നിബന്ധന. എന്നാൽ കളിയിലുള്ള അമിതതാത്പര്യം നിമിത്തം സമയപരിധി അറിയിക്കുന്ന മണിയടി കേട്ടു കഴിഞ്ഞും ശെമ്മാശ്ശൻ കളി നിർത്തുമായിരുന്നില്ല. ഞാൻ പറഞ്ഞാലും സമ്മതിക്കുകയില്ല. ഇപ്രകാരമുള്ള അതിലംഘനം ആവർത്തിച്ചിരുന്ന ഒരവസരത്തിൽ പന്ത് പൊട്ടുകയും ഞാൻ ഇട്ടിച്ചെറിയാ സാറിനെ സമീപിക്കുന്നതിനിടയാകുകയും ചെയ്തു. പണം തന്ന ശേഷം ശെമ്മാശ്ശൻ സമയപരിധി ലംഘിക്കുന്നതിനെക്കുറിച്ച് സാർ എന്നെ ശകാരിച്ചു. എനിക്ക് വളരെ ദുഃഖം തോന്നി. വാങ്ങിയ പണം അവിടെ വച്ചുംവച്ച് ഞാൻ തിരിച്ചു പോകുവാൻ തുടങ്ങി. അപ്പോൾ ഹെഡ്മാസ്റ്റർ എന്നെ സാന്ത്വനപ്പെടുത്തിയതിനാൽ ഞാൻ പണം സ്വീകരിച്ച് പുതിയ പന്ത് വാങ്ങുകയും ചെയ്തും. എങ്കിലും പിറ്റെ ദിവസം ഞാനും മറ്റൊരാളും കൂടി സംസാരിച്ചുകൊണ്ടിരുന്ന കാരണം പറഞ്ഞ് എന്നെയും അയാളെയും ഒരാഴ്ചത്തേക്ക് സസ്പെന്റ് ചെയ്തു. എന്നോടുള്ള ദേഷ്യം ശമിച്ചിട്ടില്ലെന്ന് അപ്പോൾ ഞാൻ മനസ്സിലാക്കി. ഏതാനും ദിവസങ്ങൾക്കു ശേഷം എന്നെ മാത്രം ക്ലാസ്സിൽ കയറ്റി. മറ്റെയാൾ അതിൽ പിണങ്ങുകയും അയാളുടെ വീട്ടിൽ വക്കീലന്മാരും മറ്റുമില്ലാത്തതിനാലാണ് അയാളെ ക്ലാസ്സിൽ കയറ്റാത്തതെന്ന് പഴി പറയുകയും ചെയ്തു. ഇത് ഇട്ടിച്ചെറിയാസാറിന്റെ ചെവിയിൽ എത്തിയ സമയം അയാളെയും വിളിച്ചു ക്ലാസ്സിൽ കയറ്റിയ ശേഷം ഞാൻ അയാളെക്കാൾ ചെറുപ്പമായതിനാലും വീട്ടിൽ ലാളിച്ചു വളർത്തുന്നതു കൊണ്ടുമാണ് നേരത്തെ കയറ്റിതെന്നും പറഞ്ഞ് ഒഴിയുവാൻ ശ്രമിച്ചെങ്കിലും അയാൾക്ക് തൃപ്തിയായില്ല.

ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് കോട്ടയത്ത് തിരുനക്കരമൈതാനത്ത് പ്രഗത്ഭരായ രണ്ടു ടീമുകൾ തമ്മിൽ നടന്ന ഒരു ഫുട്ബോൾ മത്സരം ഓർക്കുന്നു. അത് ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിൽ നടന്ന ഒരു മത്സരമായിരുന്നു. പ്രധാന കളിക്കാരായി ക്രിസ്ത്യാനികളുടെ ഭാഗത്ത് ‘കടുവാച്ചി’ എന്ന ഒരാളും ഹിന്ദുക്കളുടെ വശത്ത് ‘വടരാമൻ’ എന്നു പേരുള്ള ഒരു ഭീമാകാരനുമുണ്ടായിരുന്നു. കളി ഉഗ്രമായപ്പോൾ ആരോ ഒരാൾ വടരാമന്റെ വലത്തുകാലിന്റെ മുട്ടിന് കീഴെ കാലുകൊണ്ട് വെട്ടി. ഉടനെ ടക് എന്ന ശബ്ദത്തോടെ വടരാമന്റെ കാൽ ഒടിഞ്ഞത് ഇപ്പോഴും എന്റെ ചെവിയിൽ മുഴുങ്ങുന്നതായി അനുഭവപ്പെടുന്നു. ഇക്കാലത്തെ കളിയുടെ ശൈലി ശീഘ്രഗതിയിൽ പാസ് ചെയ്ത് മുന്നേറുകയാണ്. എന്നാൽ അന്ന് പൊക്കി അടിച്ച് കളിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. കടുവാച്ചി, വടരാമൻ തുടങ്ങിയവർ തങ്ങളുടെ ഗോൾപോസ്റ്റിൽ നിന്നടിക്കുന്ന പന്ത് മൈതാനത്തിന്റെ മദ്ധ്യഭാഗത്ത് വന്ന് വീണശേഷമായിരുന്നു ഇതരർ പാസ് ചെയ്ത് മുന്നേറിക്കൊണ്ടിരുന്നത്. കോർണർ കിക്കുകൾ പൊക്കിയടിച്ച് ഗോൾ പോസ്റ്റിന്റെ വലയിൽ കൃത്യമായി വീഴിക്കുവാൻ പ്രാപ്തിയുള്ള പ്രഗത്ഭന്മാരായ താരങ്ങളും അക്കാലത്തുണ്ടായിരുന്നു.

**കോളേജ് വിദ്യാഭ്യാസം**

ഇന്ന് പ്രീ ഡിഗ്രി എന്നറിയപ്പെടുന്ന ക്ലാസ്സിന്റെ അന്നത്തെ പേര് ഇന്റർ മീഡിയറ്റ് എന്നായിരുന്നു. ഇന്റർ മീഡിയറ്റിനും ഡിഗ്രി ക്ലാസ്സിനും ഈരണ്ടു വർഷമായിരുന്നു കാലാവധി. പക്ഷേ കൂടുതൽ വിഷമമേറിയ പാഠ്യവിഷയങ്ങളുണ്ടായിരുന്നു. ഞാൻ കോട്ടയം സി.എം.എസ്.കോളേജിൽ ഇന്റർമീഡിയറ്റിനു പഠിക്കുമ്പോൾ പ്രിൻസിപ്പൽ പി. റ്റി. ചെറിയാൻ മാസ്റ്റർ ആയിരുന്നു. പ്രായാധിക്യപരിധിപ്രകാരം അദ്ദേഹം ആ വർഷം തന്നെ വിരമിച്ചു. തദനന്തരം പില്ക്കാലത്ത് സി.എം.എസ് ബിഷപ്പായി തീർന്ന ചിറക്കരോട്ട് ജേക്കബ് ബിഷപ്പിന്റെ സഹോദരൻ സി. കെ. തോമസ് പ്രിൻസിപ്പലായി. വളരെ വിനയാന്വിതനായിരുന്ന അദ്ദേഹത്തിൽ ഉന്നത സാംസ്കാരികനിലവാരങ്ങൾ വിളങ്ങിക്കണ്ടിരുന്നു. അദ്ദേഹം കെമിസ്ട്രിയും ഫിസ്ക്സും പഠിപ്പിച്ചിരുന്നു. ഒരു സുബ്രഹ്മണ്യഅയ്യരായിരുന്നു മാത്മാറ്റിക്സ് പഠിപ്പിച്ചിരുന്നത്. പക്ഷെ എന്റെ പഠനവിഷയങ്ങളിൽ മാത്സ് ഉൾപ്പെട്ടിട്ടില്ലായിരുന്നതിനാൽ അദ്ദേഹവുമായി അടുത്തു പരിചയപ്പെടുവാൻ അവസരമുണ്ടായില്ല.എന്റെ

വിഷയങ്ങൾ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയായിരുന്നു. ബയോളജി പ്രൊഫസർ ഒരു പശുപതി അയ്യരായിരുന്നു. സി. കെ. തോമസ്, പശുപതി അയ്യർ എന്നീ സാറന്മാരുമായി മാത്രമെ എനിക്ക് ഇടപെടേണ്ടി വന്നിട്ടുള്ളു. ഈ മൂന്നു വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസ്സുകൾക്കായി രണ്ട് ലാബറട്ടറികൾ ഉണ്ടായുരുന്നു. ബയോളജിപഠനത്തിന് മുയൽ, തവള എന്നിവയെ കീറി മുറിച്ച് കാണിക്കേണ്ടിയിരുന്നു. പ്രൊ. പശുപതി അയ്യർ ബ്രാഹ്മണനായിരുന്നെങ്കിലും ഇപ്രകാരമുള്ള പ്രകിയകളിൽ അദ്ദേഹത്തിന് വൈമുഖ്യമുണ്ടായിരുന്നില്ല. കൂടാതെ പാറ്റകളെ അവയുടെ ചിറകുകൾ വിടർത്തി പലകയിൽ പിന്നുകൾ കുത്തി ഉറപ്പിച്ചാണ് പഠിപ്പിക്കുക. പഠിപ്പിച്ചതെല്ലാം ഇപ്പോൾ വ്യക്തമായി ഓർക്കുന്നില്ല. പാഠ്യക്രമപ്രകാരമുള്ള വിഷയങ്ങൾക്കു പുറമേ ബൈബിൾപഠനവുമുണ്ടായിരുന്നു. തേറത്താനത്ത് ടി.ജെ.പുന്നൻസാറാണ് വേദക്ലാസ്സുകൾ നടത്തിയിരുന്നത്. വളരെ അനർഗളമായി ഇംഗ്ലീഷ് സംസാരിക്കുവാൻ കഴിയുമായിരുന്നതിനാൽ ഇംഗ്ലീഷിലും അദ്ദേഹം ചിലപ്പോൾ ക്ലാസ്സുകൾ എടുക്കുമായിരുന്നു.അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വളരെ രസകരമായിരുന്നു. അദ്ദേഹത്തിന് പ്രത്യേകമായ ലോജിക് എന്ന വിഷയം ഞങ്ങളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. എല്ലാ ദിവസവും പഠനാരംഭത്തിനു മുമ്പ് കോളേജ് ഹോളിൽ ഒരുമിച്ചു വേദവായനയും പ്രാർത്ഥനയും നടത്തിയിരുന്നു. പ്രാർത്ഥനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ച് ശ്രുതിമധുരമായി സ്തുതിഗീതങ്ങൾ ആലപിക്കുന്ന അദ്ധ്യാപകരും കുട്ടികളുമടങ്ങുന്ന ഒരു ഗായകസംഘവുമുണ്ടായിരുന്നു. 'എബൈഡ് വിത്ത് മീ' 'ഫാസ്റ്റഫോൾസ് ദി ഈവൻ റൈഡ്' 'ലീഡ് കൈൻഡ്ലി ലൈറ്റ്' തുടങ്ങിയ ഗാനങ്ങൾ അവർ ഇമ്പകരമായി പാടുമായിരുന്നു.

കോളേജിലെ കായികവിഭാഗം അന്ന് കോളേജിലെ മാനേജരായിരുന്ന സ്ക്വയർ (Squire) സായ്പിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. സായ്പ് വിഗ്ദ്ധനായ ഒരു ഫുട്ബോൾ കളിക്കാരനായിരുന്നതിനാൽ ഫുട്ബോൾ കളിക്കായിരുന്നു പ്രഥമസ്ഥാനം. കളിയിൽ ഉന്നതനിലവാരം അദ്ദേഹം പാലിച്ചിരുന്നു. ഇക്കാര്യത്തിൽ അന്നത്തെ നാടൻകളിയിൽ കണ്ടിരുന്ന പരുക്കനും പരുഷവുമായ ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിന് അദ്ദേഹം നിഷ്കർച്ചിരുന്നു. സ്യ്പ് ഞങ്ങളെ പഠിപ്പിച്ചത് കഴിയുന്നിടത്തോളം അന്യോന്യസ്പർശനം കൂടാതെ കളിക്കണമെന്നാണ്. കോളേജിന്റെ ഫുട്ബോൾഗ്രൗണ്ടാണ് പിൽക്കാലത്ത് നെഹ്റു സ്റ്റേഡിയമായി തീർന്നത്. ഫുട്ബോളിനു പുറമേ ഞാൻ ടെന്നീസും കോളജ് ഹോസ്റ്റലിൽ വച്ച് കാരംസും ഭംഗിയായി കളിക്കുമായിരുന്നു. അക്കാലത്ത് കോളേജ് ആൺകുട്ടികൾക്കു മാത്രമായുള്ളതായിരുന്നു. ഇന്നത്തെ പോലെ ആൺ-പെൺ കുട്ടികൾ ഒരുമിച്ചിരുന്നുള്ള പഠനരീതി അന്ന് ചിന്താതീതമായിരുന്നു.

**പുതപ്പ് മിഷ്യൻ**

മേല്പറഞ്ഞ കോളേജിന്റെ ഹോസ്റ്റൽ ആരംഭിക്കുന്നതിനു മുമ്പ് അതിന്റെ സ്ഥാനത്ത് പുതപ്പു മിഷ്യൻ എന്ന പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച ഒരു സംഘം ആഭാസന്മാർ കുറെ നാൾ വിളയാടിയിരുന്നു. ഇവർ അന്നത്തെ കോളേജുവിദ്യാർത്ഥികൾ തന്നെയായിരുന്നുവെന്ന് പിന്നീടു വെളിപ്പെട്ടു വന്നു. കോളേജിനു ചുറ്റുമുള്ള വലിയ വീടുകളിലെ കുട്ടികൾ തന്നെയാണ് ഈ വിഭ്രാന്തിക്ക് വിധേയരായിരുന്നത്. എങ്കിലും വീട്ടുകാരും നാട്ടുകാരുമറിയാതെയാണ് അവർ ഇമ്മാതിരി വികടത്തരങ്ങളിൽ ഏർപ്പെട്ടിരുന്നത്. കൂടാതെ അവരുടെ നേതാവിനെ ബിഷപ്പ് എന്നു വിളിച്ച് പാവനമായ ആ നാമത്തെ നിന്ദിക്കുകയും ചെയ്തിരുന്നു. അവരുടെ പ്രവർത്തനശൈലി രാത്രികാലങ്ങളിൽ ആളുകൾ നിദ്രാധീനരാകാറുള്ള സമയം കഴിഞ്ഞ് കോളേജിനു സമീപമുള്ള വിജനസ്ഥലത്ത് ആൽബന്ധമില്ലാതെ ശീർഷാസനരായി നിൽക്കുക തുടങ്ങിയ അഭ്യാസാഭാസങ്ങളിലേർപ്പെടുകയായിരുന്നു. കൂടാതെ ചുറ്റുപാടുകളിലുള്ള വീടുകളിലെ കോഴി, താറാവ്, ആട്, കാള മുതലായവയെ അപഹരിച്ച് അറുത്ത് പാകപ്പെടുത്തി അവർ ഭക്ഷിക്കുകമായിരുന്നു. ഇമ്മാതിരി പ്രകിയകൾക്കായി തീ കത്തി ജ്വലിക്കുന്നതായി കാണാമായിരുന്നതിനാൽ പരിസരവാസികളും, വഴിപോക്കരും ഭയപ്പെട്ട് ആ ഭാഗത്തേക്ക് കണ്ണോടിക്കാതെ വേഗം കടന്നു പോകുമായിരുന്നു. ഇപ്രകാരമുള്ള ഒരു വഷളസംഘത്തെക്കുറിച്ച് ഞാനങ്ങനെ അറിഞ്ഞുവെന്ന് വായനക്കാർ ചിന്തിച്ചേക്കാം. അതിനു നിദാനം ഇവർ വൈദികരെയും ശല്യപ്പെടുത്തിയിരുന്നുവെന്നതാണ്. പരിസരങ്ങളിലും പ്രാന്തപ്രദേശങ്ങളിലുമുള്ള പട്ടക്കാരുടെയും അഭിഭാഷകരുടെയും നാമഫലകങ്ങൾ (name boards) മാറ്റിമറിച്ച് വയ്ക്കുകയെന്നത് ഇവരുടെ നിശാടനകൃത്യങ്ങളിൽ പെട്ടിരുന്നു. മാത്രമല്ല, മാന്യമായി ജീവിക്കുന്നവരുടെ വീട്ടുപടിക്കൽ ചെന്ന് അസഭ്യം വിളിച്ചു പറയുകയും ചെയ്തിരുന്നു. ഈദൃശമായ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിമിത്തം പൊറുതി മുട്ടിയ പൊതുജനങ്ങൾ ഇവരെക്കുറിച്ച് പോലീസിൽ പരാതിപ്പെടുകയും തത്ഫലമായി അവരെ പിടികൂടുവാനായി നിയമപാലകർ രംഗപ്രവേശം ചെയ്തതോടെ പുതപ്പ് മിഷ്യന്റെ വീരന്മാർ ത്വരിതപലായനം ചെയ്ത് ചിതറി പോകുകയും അതോടെ ഈ കുത്സിതപ്രസ്ഥാനത്തിന് തീരശ്ശീല വീഴുകയും ചെയ്തു.

**ബിരുദപഠനം**

1927-1929 കാലയളവിൽ തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളേജിൽ ഞാൻ കെമിസ്ട്രി മുഖ്യമായും ഫിസിക്സ് അനുബന്ധികവുമായുള്ള പാഠ്യപദ്ധതി പ്രകാരമുള്ള ബി. എ. ബിരുദ പഠനകാലാവധി പൂർത്തിയാക്കിയ ശേഷം 1930-ൽ എനിക്ക് ബി. എ. ബിരുദം ലഭിക്കുകയും ചെയ്തു. അക്കാലത്ത് ബി. എ., ബി. എസ്. സി. എന്നിങ്ങനെ വ്യവഛേദിച്ച് കലാശാസ്ത്ര വിഷയങ്ങൾക്ക് പ്രത്യേകമായി ബിരുദങ്ങൾ കൊടുക്കുക പതിവില്ലായിരുന്നു. ശാസ്ത്രത്തിനും കലയ്ക്കുമുള്ള ബിരുദനാമം ബി. എ. തന്നെയായിരുന്നു.

**സുറിയാനിപഠനം 1930-1932**

ബി. എ. പാസ്സായ ശേഷം ഞാൻ മാങ്ങാനം എബനസേർ ദയറായിൽ കുറെ നാൾ സുറിയാനി പഠിക്കുന്നതിനിടയായി. ഇത് വൈദികവൃത്തി സ്വീകരിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഒന്നുമായിരുന്നില്ല. ഞങ്ങളുടെ കുടുംബശേഖരത്തിൽപ്പെട്ട മടുക്കാനി പുത്തൻപുരയിൽ പി.സി. ചെറിയാന്റെ പിതാവ് കുട്ടിച്ചായൻ എന്നറിയപ്പെട്ടരുന്ന തോമ്മാ ചെറിയാന്റെ നിർബ്ബന്ധപ്രകാരമായിരുന്നു ഞാൻ സുറിയാനി പഠിക്കുവാൻ പോയത്. എന്നാൽ ആരംഭത്തിൽത്തന്നെ എന്നെ അതിൽ നിന്നു പിന്തിരിപ്പിക്കുവാനോയെന്നു തോന്നിക്കുമാറ് ഒരശുഭലക്ഷണം കാണുന്നതിനിടയായി. ഞാനാദ്യമായി സുറിയാനി പഠിക്കുന്നതിനെപ്പറ്റി പറയുവാൻ എബനസേർ ദയായിലേക്ക് പോകവെ കുറച്ചു ദൂരം ചെന്നപ്പോൾ പെട്ടെന്ന് ശക്തിയായി മഴ പെയ്തു വഴിയിൽ ചെളി കുത്തി ഒഴുകുകയും തത്സമയം അതിലെ ഓടിച്ചുവന്ന ഒരു കാറിന്റെ ചലനശക്തിയാൽ തെറിക്കപ്പെട്ട ചെളിവെള്ളം ഞാൻ ധരിച്ചിരുന്ന ഷർട്ടും മുണ്ടും കളങ്കപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ആരംഭത്തിൽ കണ്ട ദുർലക്ഷണം ഞാൻ പട്ടമേൽക്കുന്നതിനെതിരായി ദൈവം കാണിച്ചുതന്ന മുന്നറിയിപ്പായി ഞാൻ അന്യഥാ ധരിച്ചു. അന്ന് ഞാൻ ബി. എ. പാസ്സായിരുന്നെങ്കിലും ഈവക കാര്യങ്ങളിലുള്ള എന്റെ നിഗമനം പരിപക്വ മായിരുന്നില്ലായെന്ന് പിന്നീട് ഞാൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി തീർന്നുവെന്ന വസ്തുതയുടെ വെളിച്ചത്തിൽ സമ്മതിക്കേണ്ടിയിരിക്കുന്നു. എബനസേർ ദയറായിൽ സുറിയാനി പഠിപ്പിച്ചിരുന്നത് ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പനായിരുന്നു. മല്പാനച്ചന് എന്നോട് വലിയ താല്പര്യമായിരുന്നു. സുറിയാനിപഠനത്തിലുള്ള എന്റെ അഭിനിവേശവും പെരുമാറ്റത്തിലുള്ള ശാലീനതയുമായിരുന്നു ഇതിന്റെ നിദാനം. എബനേസർ ദയാറായ്ക്കു സമീപമുള്ള മാർത്തോമ്മ പള്ളി വികാരിയായിരുന്ന കാഞ്ഞിരപ്പള്ളിക്കാരനായ ഒരു മല്പാനച്ചനും എന്നോടുകൂടെ സുറിയാനി പഠിച്ചിരുന്നു. അദ്ദേഹം സുറിയാനിമല്പാനായി അറിയപ്പെട്ടിരുന്നെങ്കിലും സുറിയാനിയിൽ അഭിജ്ഞനായിരുന്നില്ല. അക്കാലത്ത് കോട്ടയം സി. എം. എസ്. കോളേജിൽ സുറിയാനിമല്പാനായി നിയമിക്കുവാൻ ഒരാൾ ആവശ്യമായി വന്നപ്പോൾ ചെറിയമഠത്തിത്തിലച്ചനും ഈ കാഞ്ഞിരപ്പള്ളിക്കാരനച്ചനും അപേക്ഷിക്കുകയും സി. എം. എസ്. കാരുടെ മാർത്തോമ്മപ്രതിപത്തി കാരണം ഈ മാർത്തോമ്മാ അച്ചന് നിയമനം ലഭിക്കുകയും ചെയ്തു. ഇപ്രകാരം കോളേജ് തലത്തിൽ മല്പാൻ സ്ഥാനലബ്ധിക്കു ശേഷമായിരുന്നു അദ്ദേഹം നമ്മുടെ ചെറിയ മഠത്തിലച്ചന്റെ ശിഷ്യത്വം സ്വീകരിച്ച് സുറിയാനി പഠിക്കുവാനായി എബനേസർ ദയറായിൽ ചേർന്നത് എന്ന അനുഭവവൈരുദ്ധ്യം നിലനിൽക്കുന്നു. മാർത്തോമ്മ അച്ചനും എന്നോട് അതീവ താല്പര്യമായിരുന്നു. തൻനിമിത്തം മാർത്തോമ്മ അച്ചൻ താമസിച്ചിരുന്നത് ഞാൻ പോകുന്ന വഴിയിലായിരുന്നുവെന്ന വസ്തുതയും പരിഗണിച്ച് ദയറായിലേക്കു പോകുമ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ കയറി സൗഹൃദസംസാരത്തിനു ശേഷമായിരുന്നു ദയറായിലേക്കു പൊയ്ക്കൊണ്ടിരുന്നത്. കുട്ടച്ചൻ എന്നു വീട്ടിൽ എനിക്കുണ്ടായിരുന്ന വാത്സല്യ പേര് മുൻനിർത്തി മല്പന്മാരിരുവരും എന്നെ കുട്ടി എന്നാണ് വിളിച്ചിരുന്നത്.

**ബിഷപ്പ്സ് കോളേജിലെ ബി. ഡി. ബിരുദപഠനം**

ഏതെങ്കിലും വൈദികകോളേജിൽ ചേർന്നു പഠിക്കണമെന്ന് എനിക്ക് ഒട്ടും തന്നെ ആഗ്രഹമുണ്ടായിരുന്നില്ല. എന്റെ മൂത്ത ജ്യേഷ്ഠൻ അഡ്വ. കെ. ചെറിയാനോ, വീട്ടിൽ മറ്റാരെങ്കിലുമോ ഇക്കാര്യത്തിൽ ഉത്സാഹിക്കുകയോ പ്രേരണ ചെലുത്തുകയോ ചെയ്യാതെ എന്റെ സ്വാതന്ത്ര്യത്തിന് വിട്ടിരിക്കുകയായിരുന്നു. അവർക്ക് ഈ വിഷയത്തിൽ ആഗ്രഹമുണ്ടായിരുന്നിരിക്കാമെങ്കിലും അവർ അതിൽ ഇടപെട്ടിരുന്നില്ല. ഈ തരുണത്തിലാണ് തുമ്പമൺ ഭദ്രാസനത്തിന്റെ അക്കാലത്തെ അധിപനായിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി തദ്വിഷയത്തിൽ എന്നെ പ്രേരിപ്പിക്കുവാനിടയായത്. ഒരു ദിവസം യാദൃച്ഛികമായി തിരുമേനി ദയറായിൽ വന്നപ്പോൾ മല്പന്മാരിവരും കൂടി എന്നെപ്പറ്റി വളരെ ഉയർന്ന തരത്തിൽ അദ്ദേഹത്തോടു സംസാരിച്ചു. ഇതിൽ എത്രയും ആഹ്ലാദഭരിതനായ തിരുമേനി പോയത് പഴയസെമിനാരിയിലേക്കായിരുന്നു. അവിടെ ചെന്ന്

അന്നത്തെ മലങ്കരമെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിയിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനിയോട് എന്നെക്കുറിച്ച് താല്പര്യപൂർവ്വം സംസാരിക്കുകയും തിരുമേനിമാരിരുവരുംകൂടി ആ കൊല്ലംതന്നെ എന്നെ കല്ക്കട്ടായിലെ ആംഗ്ലിക്കൻ വൈദികകോളജായ ബിഷപ്സ് കോളേജിൽ വിടണമെന്ന് എന്നോടാലോചിക്കാതെ തീരുമാനിക്കുകയും ചെയ്തു. തത്സമയം അന്നേക്ക് എകദേശം പത്തു വർഷം മുമ്പ് ഞാൻ തേർഡ് ഫോമിൽ പഠിച്ചിരുന്ന സമയം, വലിയ തിരുമേനി എന്നെ വിളിച്ച് സംസാരിച്ചിരുന്ന കാര്യം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. അത് വടക്കംമണ്ണൂർ പള്ളി പെരുനാളിന് തിരുമേനി വന്ന സന്ദർഭത്തിലായിരുന്നു. പള്ളിവികാരിയായിരുന്ന എന്റെ അപ്പനും മറ്റ് കുടുംബാംഗങ്ങളും അപ്പോൾ അവിടെ ഉണ്ടായിരുന്നു. തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് അപ്പൻ എന്നെ തിരുമേനിയുടെ അടുത്ത് കൊണ്ടുപോയി. എന്നോട് തിരുമേനി എന്തൊക്കെയോ സംസാരിച്ചു. എന്താണ് സംസാരിച്ച തെന്നോർക്കുന്നില്ല. എന്റെ പ്രാപ്തി പാടവങ്ങൾ എത്രമാത്രമെന്ന് അദ്ദേഹം പരിശോധിച്ച് മനസ്സിലാക്കി. അന്ന് തിരുമേനിയുടെ മനസ്സിൽ പതിഞ്ഞിരുന്ന എന്നോടുള്ള പ്രതിപത്തി പീലക്സിനോസ് മെത്രാച്ചന്റെ സംസാരം ഉത്തേജിപ്പിക്കുകയും എന്നെ വിളിച്ച് ഇക്കാര്യത്തെപ്പറ്റി സംസാരിക്കുവാൻ വലിയ മെത്രാച്ചൻ കൊച്ചു മെത്രാച്ചനോട് കല്പിക്കുകയും ചെയ്തു.

കൊച്ചു മെത്രാച്ചൻ അറിയിച്ചതനുസരിച്ച് താമസിയാതെ ഞാൻ പഴയസെമിനാരിയിൽ ചെന്ന് വലിയ മെത്രാച്ചനെ കണ്ട് കൈമുത്തി. വലിയ തിരുമേനി എന്നോട് കൊച്ചു തിരുമേനിയെ കാണുവാൻ കല്പിച്ചു. തിരുമേനിമാരിരുവരും അന്ന് പഴയ സെമിനാരിയുടെ മുകളിലത്തെ നിലയിലാണ് താമസിച്ചിരുന്നത്. ഞാൻ കൊച്ചു മെത്രാച്ചന്റെ മുറിയിൽ ചെന്നപ്പോൾ അദ്ദേഹം എന്നോട് എല്ലാ വിഷയങ്ങളും വിശദമായി സംസാരിച്ചു. ഞാൻ ശക്തിയായി എതിർത്തു. പട്ടമേല്ക്കുന്നതിന് എനിക്കു താല്പര്യമില്ലെന്നും ബിഷപ്സ് കോളേജിൽ പോകുന്നില്ലെന്നും പറഞ്ഞ് ഞാൻ സെമിനാരിയിൽ നിന്നു തിരികെ പോകുവാനിറങ്ങിയപ്പോൾ കൊച്ചുതിരുമേനി എന്റെ കൂടെ പുറത്തേക്കിറങ്ങി, സെമിനാരിയുടെ മുൻവശത്ത് എന്നെയും കുട്ടി കുറെ നേരം ഉലാത്തുകയും, ബിഷപ്സ് കോളേജിൽ പോകുവാൻ വളരെ നിർബ്ബന്ധിക്കുകയും ചെയ്തു. പട്ടമേൽക്കുന്നില്ലെങ്കിൽ വേണ്ടായെന്നും ഒരു ഡിഗ്രി കിട്ടുന്നതു നല്ലതല്ലേ എന്നും ചോദിച്ചപ്പോൾ ഞാൻ ഒടുവിൽ സമ്മതിച്ചു. ആ ആ വർഷം ബിഷപ്സ് കോളജിലേക്കായി അഞ്ചു പേരെ എടുക്കുന്നുണ്ടെന്നും, നാലു പേരെ കിട്ടിയിട്ടുണ്ടെന്നും, അഞ്ചാമനായി എന്നെയാണ് നിശ്ചയിച്ചിരിക്കുന്നതെന്നും പറഞ്ഞു. പാത്രിയർക്കീസ് കക്ഷിയിൽ നിന്നും ഒരു സി.റ്റി.കുറിയാക്കോസ് ശെമ്മാശ്ശനെയും, മാർത്തോമ്മാസഭയിൽ നിന്നും റ്റി. എൻ. കോശിയെയും (പിൽക്കാലത്ത് ഇയാൾ അവരുടെ മലയായിലെ സുവിശേഷവേലയിൽ പങ്കെടുത്തു.) ഓർത്തഡോക്സ് സഭയിൽ നിന്ന് എന്നെയും, തടാകം ആശ്രമത്തിൽ പിൽക്കാലത്ത് ചേർന്ന കെ. സി. വർഗീസിനെയുമാണ് എടുത്തത്. ഞങ്ങൾ ബിഷപ്സ് കോളേജിൽ ചേർന്നതിന്റെ പിറ്റെ വർഷം ചേർന്ന തുമ്പമൺ തോപ്പിൽ റ്റി. ഒ. മാത്യുവും കൂടി ഞങ്ങൾ മുകളിൽ സൂചിപ്പിച്ചപ്രകാരം അഞ്ച് പേരായി. ഈ അഞ്ചു പേരിൽ ഇപ്പോൾ ഞാൻ മാത്രമാണ് അവശേഷിക്കുന്നത്.*

ഞങ്ങളെല്ലാവരും ഒരുമിച്ചാണ് കൽക്കട്ടായിലേക്ക് യാത്രയായത്. എന്നാൽ ചെറുപ്പം മുതൽ എനിക്ക് യാത്രാച്ഛർദ്ദി എന്ന അസുഖമുണ്ടായിരുന്നതിനാൽ യാത്രയിൽ വളരെ പ്രയാസം നേരിടേണ്ടി വന്നു. എന്റെ ഛർദ്ദി കാരണം കൂട്ടുകാരെല്ലാം എന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ശരീരഘടനയിൽ സമതുലിതാ വസ്ഥ നിലനിർത്തുന്നതിനായി കർണ്ണാന്തർഭാഗത്ത് അർദ്ധവൃത്താകൃതിയിലുള്ള മൂന്ന് ധമനികളിൽ കൂടി ഒഴുകുന്ന ദ്രാവകങ്ങളെ, വാഹനങ്ങളുടെ ഗതിവേഗത ബാധിച്ച് ക്രമഭംഗപ്പെടുത്തുന്നതുകൊണ്ടാണ് ഇപ്രകാരമുള്ള യാത്രാഛർദ്ദി അനുഭവപ്പെടുന്നതെന്ന് ആധുനികവൈദ്യശാസ്ത്രം അനുശാസിക്കു ന്നുണ്ടെങ്കിലും, അക്കാലത്ത് ഇതിന് പ്രത്യേകം ചികിത്സ ഇല്ലായിരുന്നു. അതിനാൽ സാമാന്യ ജ്ഞാനപ്രകാരം പറങ്കിമാവിന്റെ ഇല ചവയ്ക്കുന്നത് ആശ്വാസപ്രദമാണെന്ന് അറിയാമായിരുന്നതിനാൽ വഴിയരികിലുള്ള പറങ്കിമാവിന്റെ ഇല ചവയ്ക്കുകമാത്രം ചെയ്തിരുന്നു. ഇപ്രകാരം എന്നെ സംബന്ധിച്ചിടത്തോളം ക്ലേശകരമായ യാത്രയ്ക്കു ശേഷം ഞങ്ങൾ കൽക്കട്ടായിൽ എത്തിച്ചേരുകയും, ലോവർ സർക്കുലർ റോഡിലുള്ള ബിഷ്പ്സ് കോളേജിൽ ചെന്ന് ചേരുകയും ചെയ്തു. അവിടെയുള്ള സ്റ്റുഡന്റ്സ് ബാറക്സിലാണ് താമസിച്ചത്.

ബി. ഡി. ഡിഗ്രി ക്ലാസ്സുകൾക്കായി ഞങ്ങൾ, കുടിവന്നിരുന്നത് കോളേജ് ലൈബ്രറിയിൽ തന്നെയായിരുന്നു. തിയോളജിയും സഭാചരിത്രവും പഠിപ്പിച്ചിരുന്നത് ബിഷപ്പ് വോൾഷ് ആയിരുന്നു. മിസ്സിസ്സ് വോൾഷും അദ്ധ്യാപകഗണത്തിൽ പെട്ടിരുന്നു. കൂടാതെ അവർ വിദ്യാത്ഥികളോടു സ്നേഹവാത്സല്യത്തോടെ പെരുമാറുകയും ചെയ്തിരുന്നു. അവരുടെ വസതിയിൽ വച്ച് ഞങ്ങൾ വിദ്യാർത്ഥികൾക്ക് കൂടെക്കൂടെ ചായസൽക്കാരങ്ങൾ ലഭിക്കുകമായിരുന്നു. ഇതിനായി അവർ തന്നെ പാകപ്പെടുത്തിയിരുന്ന വളരെ അസ്വാദ്യകരമായ മധുരപദാർത്ഥങ്ങൾ സാധാരണയായി

ഉപയോഗിച്ചിരുന്നു. കൂടാതെ രോഗബാധിതരാകുന്ന വിദ്യാർത്ഥികളെ ശുശ്രൂഷിക്കുവാനായി അവർ തൽക്ഷണം മരുന്നുകളും ബാർലിവെള്ളവും മറ്റുമായി എത്തുമായിരുന്നു. ഇംഗ്ലണ്ടിൽ നിന്നു വന്ന ചെറുപ്പക്കാരനായ ഒരു റ്റി. എച്ച്. ഡാർട്ട് (T. H. Dart) ആണ് പുതിയനിയമം പഠിപ്പിച്ചിരുന്നത്. തമിഴ്നാട്ടുകാരനായ ഒരു റവ. സിത്തർ (Rev. Sither) ഗ്രീക്ക് പുതിയനിയമം പഠിപ്പിച്ചിരുന്നു. മറ്റൊരു തമിഴ്നാട്ടുകാരൻ ഡോ. അപ്പാസ്വാമി മതങ്ങൾ എന്ന വിഷത്തിൽ ക്ലാസ്സുകൾ എടുത്തിരുന്നു.

കോളേജിനോടനുബന്ധിച്ചുണ്ടായിരുന്ന മനോഹരമായ ഒരു ചാപ്പലിൽ രാവിലെ മാറ്റിൻസ്, ഉച്ചയ്ക്ക് സെക്സ്റ്റ്, സായാഹ്നത്തിൽ ഈവൻസേർവീസ് എന്നീ പ്രാർത്ഥനകൾ നടത്തിയിരുന്നു. എല്ലാ ഞായറാഴ്ചകളിലും നടത്തിയിരുന്ന മലയാളം സേർവീസിൽ ചുറ്റുമുള്ള മലയാളികൾ വന്ന് സംബന്ധിക്കുമായിരുന്നു. അന്ന് സെറാമ്പൂർ കോളേജിൽ ബേർസറായിരുന്ന തിരുവല്ലാക്കാരൻ റവ. സി. ഇ. ജോർജ് ആണ് മലയാളംസേർവീസ് നടത്തിയിരുന്നത്. കൂടാതെ ഞായാറാഴ്ചകളിൽ വെളുപ്പിന് അഞ്ചു മണിക്ക് ബിഷപ്പ് വോൾഷ് താമസിച്ചിരുന്ന കെട്ടിട്ടത്തിന്റെ രണ്ടാമത്തെ നിലയിൽ സന്ധ്യ എന്ന പേരിൽ ഒരു പ്രത്യേക പ്രാർത്ഥന നടത്തുമായിരുന്നു. അതിന് എല്ലാ വിഭാഗങ്ങളിലും പെട്ട ഞങ്ങൾ സംബന്ധിക്കുമായിരുന്നു. വിദ്യാർത്ഥികളിൽ പലരുടെയും പേര് ഓർക്കുന്നില്ല. എന്റെ സീനിയറായി പഠിച്ചിരുന്ന ജബരാജ് പിൽക്കാലത്ത് തമിഴ് ചർച്ചിൽ ബിഷപ്പായി. എന്റെ സതീർത്ഥ്യനായ ഒരു പെരേരായെ ഓർക്കുന്നുണ്ട്. കൂടാതെ ഇനി പറയുന്ന സംഭവകഥനത്തിലെ നായകനായ ആഗ്ലോ ഇൻഡ്യൻ ഒരു ട്രുട് വെയിൻ (Trutwein) എന്നയാളെ മറന്നുകളയാൻ എളുപ്പമല്ല. ഞങ്ങളുടെ ക്ലാസ്സുകൾ നടത്തിയിരുന്ന ലൈബ്രറിയിൽ തന്നെയാണ് മിഡിൽടൺ സൊസൈറ്റി (Middleton Society) എന്ന പേരിലുള്ള പ്രസംഗപരിശീലനയോഗങ്ങളും നടത്തിയിരുന്നത്. ഒരു വർഷം അതിന്റെ സെക്രട്ടറി ഞാനായിരുന്നു. ഒരിക്കൽ യോഗം നടന്നു കൊണ്ടിരുന്നപ്പോൾ, സൊസൈറ്റിയുടെ കണക്കുകൾ സംബന്ധിച്ചുള്ള ചർച്ച യിലാണെന്നു തോന്നുന്നു, ഞാൻ കള്ളനാണെന്ന് ട്രുട് വെയിൻ പറഞ്ഞു. അവിടെ കുടിയിരുന്ന ബിഷപ്പ് വാൾഷിനും മറ്റുള്ളവർക്കും അതു തികച്ചും അയോഗ്യവും അക്ഷന്തവ്യവുമായി തോന്നുകയും തൽക്ഷണം മാപ്പ് ചോദിക്കുവാൻ ബിഷപ്പ് വാൾഷ് അയാളോടാജ്ഞാപിക്കുകയും അയാൾ ഉടനെ അനുസരിക്കുകയും ചെയ്തു.

ഞായറാഴ്ച ദിവസങ്ങളിലെ മറ്റൊരു പരിപാടി അടുത്തുള്ള സെന്റ് പോൾസ് ആംഗ്ലിക്കൻ കത്തീഡ്രലിലെ സന്ധ്യാനമസ്കാരത്തിൽ സംബന്ധിക്കുകയായിരുന്നു. അത് കൽക്കട്ടാ മെത്രാപോലീത്തായുടെ കത്തീഡ്രലാണ്. എല്ലാ വിഭാഗങ്ങളിലും പെട്ട ഒരു വലിയ സംഘം അവിടെ കുടിവരുമായിരുന്നു. ആരാധനയിൽ സംഗീതോപകരണങ്ങളോടുകൂടിയുള്ള ഗീതങ്ങൾ അത്യന്തം ആകർഷകമായിരുന്നതിനാൽ അവ കേൾക്കുന്നതിനും വിജ്ഞാനപ്രദമായ പ്രസംഗങ്ങൾ ശ്രദ്ധിച്ച് നോട്ട് കുറിക്കുന്നതിനുമായിരുന്നു ഞങ്ങൾ പോയിരുന്നത്. ഒരിക്കൽ മാർത്തോമ്മാസഭയിലെ മാരേട്ട് ബിഷപ്പ് ഏബ്രഹാം അവിടെ വന്ന് ഇംഗ്ലീഷിൽ നന്നായി പ്രസംഗിച്ചു.

ബിഷപ്സ് കോളജിലെ പഠനകാലത്ത് നടന്ന ഒന്നുരണ്ട് രസകരമായ സംഭവങ്ങൾകൂടി പറയേണ്ടതുണ്ട്. ഏപ്രിൽ ഒന്നിന് പാശ്ചാത്യരാജ്യങ്ങളിലെ പാരമ്പര്യപ്രകാരം 'ഏപ്രിൽ ഫൂൾ' എന്ന ഹാസ്യവിനോദം അവിടെ നടമാടിയിരുന്നു. ഇപ്രകാരമൊരവസരത്തിൽ ബിഷപ്പ് വോൾഷ് സൈക്കിളിൽ പുറത്തേയ്ക്കു പോയ സമയം വിദ്യാർത്ഥികൾ അടുത്തുകൂടി ബഷപ്പിനെ സൈക്കിളിൽ നിന്നുമിറക്കി പിടിച്ചുകൊണ്ടുപോയി കോളേജ് ചാപ്പലിനടുത്തുണ്ടായിരുന്ന ആഴമേറിയ ഒരു കുളത്തിൽ ഇട്ടു. ബിഷപ്പിന് നീന്തലറിയാമായിരുന്നതിനാൽ അപകടമൊന്നുമുണ്ടാകയില്ലെന്ന് വിദ്യാത്ഥികൾക്കറിയാമായിരുന്നു. അദ്ദേഹം കുളത്തിൽ നിന്നു കയറി, സന്ദർഭോചിതമായ നർമ്മരസത്തിൽ തന്നെ, 'എന്നെ ഏപ്രിൽ ഫൂളാക്കുകയായിരുന്നു അല്ലേ' എന്ന് ചോദിച്ച ശേഷം പോകേണ്ടിയ വഴി പോകുകയും ചെയ്തു. പിന്നീടൊരവസരത്തിൽ ഒരു വിദ്യാർത്ഥി എന്നെയും ഏപ്രിൽഫൂൾ കളിപ്പിച്ചു. സ്റ്റാഫിലുള്ള റെവ. സിത്തർ എന്നെ വിളിക്കുന്നുവെന്ന് ആ വിദ്യാർത്ഥി പറഞ്ഞതനുസരിച്ച് ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് അദ്ദേഹം എന്നെ വിളിച്ചില്ലായെന്നും ഇന്ന് ഏപ്രിൽ ഫൂൾ ദിവസ മാണെന്നറിയരുതോ എന്നും ചോദിച്ചപ്പോഴാണ് ദിവസത്തിന്റെ പ്രത്യേകതയെക്കുറിച്ച് ഞാൻ ഓർമ്മിച്ചത്. എല്ലാ വർഷവും ഇപ്രകാരമുള്ള ഹാസ്യപ്രകടനങ്ങൾ ആവർത്തിക്കപ്പെടുകയും വിദ്യാർത്ഥികളിൽ പലരും അതിലകപ്പെടുകയും ചെയ്തിരുന്നു. കൂടാതെ ഏപ്രിൽ ഫൂൾ വിനോദങ്ങളിൽ ഡക്കിംഗ് എന്ന സമ്പ്രദായവും ഉൾപ്പെട്ടിരുന്നു. ഇതിൻപ്രകാരം വൃത്തിയായി വസ്ത്രം ധരിച്ച് ഗോവണി വഴി മുകളിലേക്ക് കയറിവരുന്ന വിദ്യാർത്ഥികളുടെ മേൽ, പാത്രത്തിൽ നിറച്ച വെള്ളം കമത്തി ഒഴിച്ച് വിരുപമാക്കി വിടുകയായിരുന്നു ചെയ്തിരുന്നത്. സന്ദർഭം മുൻനിർത്തി ആരും മുഷിയുകയോ കലഹിക്കുകയോ ചെയ്തിരുന്നില്ല. മാത്രമല്ല, ഇക്കാലത്ത് വിദ്യാർത്ഥി ഹോസ്റ്റലുകളിൽ റാഗിംഗ് എന്ന പുകമറയ്ക്ക് പിറകിൽ നടമാടുന്ന വികൃതവും വഷളവുമായ ആഭാസപീഡനങ്ങളുമായി താരതമ്യപ്പെടുമ്പോൾ ഡക്കിംഗ് തികച്ചും

നിരുപദ്രവകരവും അനുവദനീയവുമായിരുന്നു.

ബിഷപ്സ് കോളജിൽ വച്ച് ഒരവസരത്തിൽ എനിക്ക് തോൾപലയ്ക്കുള്ളിൽ എന്തോ വേദനയുണ്ടായപ്പോൾ അതിന് നിദാനമായ രോഗനിർണയം ചെയ്യുന്നതിന് യഥാസമയം സാധിക്കാഞ്ഞതിനാൽ അത് പ്ലൂറസി (Pleurisy) അഥവാ പതപ്പവീക്കമെന്ന രോഗമാണെന്ന തെറ്റിദ്ധാരണയിൽ യുറോപ്യൻ ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഈ ആശുപത്രിയിൽ ഞങ്ങളുടെ കോളേജിലെ ഇൻഡ്യൻവിദ്യാർത്ഥികളെയും പ്രത്യേക പരിഗണനപ്രകാരം പ്രവേശിപ്പിച്ചിരുന്നു. നമ്മുടെ അക്കാലത്തെ ചികിത്സാമുറപ്രകാരം രോഗികൾ ഭക്ഷണം ലഘൂകരിക്കുകയോ വർജ്ജിക്കുക തന്നെയോ ചെയ്യുവാൻ നിർബ്ബന്ധിക്കുന്ന രീതി അവിടെ ഇല്ലായിരുന്നു. പകരം മത്സ്യമാംസാദികളടങ്ങുന്ന പോഷകഗുണമുള്ള ഭക്ഷണരീതിയാണ് പിന്തുടർന്നിരുന്നത്. രണ്ടാഴ്ച കഴിഞ്ഞ് ഞാൻ കോളജിലേക്ക് തിരിച്ചുപോയി. പിന്നീട് എനിക്ക് ആ രോഗം ഉണ്ടായിട്ടില്ല.

**തടാകം ക്രൈസ്തവാശ്രമം**

ബിഷപ്സ് കോളേജിൽ അക്കാലത്തു പഠിച്ചുകൊണ്ടിരുന്ന ഞങ്ങൾ മലയാളിവിദ്യാർത്ഥികൾ ഒരുമിച്ചു പല അവസരങ്ങളിലും നടത്തിയിരുന്ന ധ്യാനനിരതമായ പര്യാലോചനകളുടെയും ചർച്ചകളുടെയും ഫലമായിട്ടാണ്, പിൽക്കാലത്ത് വിഖ്യാതമായ തടാകം ക്രൈസ്തവാശ്രമം ഉടലെടുത്തത്. പഠനം കഴിഞ്ഞ് ഞങ്ങൾ തിരികെ പോന്നപ്പോൾ ബിഷപ്പ് വോൾഷും ജോലി രാജി വച്ച് ഞങ്ങളുടെ കൂടെ പോരികയും കോയമ്പത്തുരിനടുത്ത് തടാകം ആശ്രമം സ്ഥാപിക്കുകയും ചെയ്തു. കുറിയാക്കോസ് ശെമ്മാശ്ശനും ഞാനും ഒഴികെ മറ്റെല്ലാവരും തടാകം ആശ്രമത്തിൽ അംഗങ്ങളായി. അവിടത്തെ പ്രധാന പ്രവർത്തനം ഒരു മിഷ്യൻ ആശുപത്രി നടത്തുകയെന്നതായിരുന്നു. ചിലപ്പോൾ ഗ്രാമപ്രദേശങ്ങളിൽ പോയി തമിഴിൽ പ്രസംഗിക്കാറുണ്ടായിരുന്നെങ്കിലും വ്യക്തിപരമായ സമീപനത്തിൽകൂടി ക്രിസ്തീയവെളിച്ചം പരത്തുകയെന്നതായിരുന്നു ആശ്രമത്തിന്റെ മുഖ്യപ്രവർത്തനശൈലി. ബിഷപ്പും മിസ്സസ് വോൾഷും തങ്ങളുടെ ശിഷ്ടായുസ്സ് പൂർണ്ണമായും ആശ്രമത്തിനായി സമർപ്പിക്കുകയും, ആശ്രമത്തിൽതന്നെ അവരുടെ ജീവിതം പര്യവസാനിക്കുകയും ചെയ്തു. അവരുടെ ഓർമ്മദിവസം എല്ലാ വർഷവും അവിടെ ആചരിച്ചുപോരുന്നുണ്ട്. ബിഷപ്പും ഭാര്യയും ആംഗ്ലിക്കൻ സഭയിൽപ്പെട്ടവരായിരുന്നെങ്കിലും അവർക്കു സുറിയാനിസഭയോടും സഭാംഗങ്ങൾക്ക് അവരോടും അത്യന്തം താല്പര്യമുണ്ടായിരുന്നു. തൻനിമിത്തമാണ് അവരുടെ ഓർമ്മദിവസത്തിൽ എല്ലാ വർഷവും നമ്മുടെ സഭാംഗങ്ങളും അവിടെ കൂടിവരുന്നത്. ആശ്രമത്തിന്റെ ആചാര്യ, അയ്മേനിയായിരിക്കുമ്പോഴും വൈദികനായ ശേഷവും കെ. സി. വർഗീസായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതൻ കെ. എം. ഏബ്രഹാം എം. എ., ബി. ഡി. സമ്പാദിച്ച് ആശ്രമത്തിന് ദാനം ചെയ്തതാണ് അട്ടപ്പാടി മലകൾ. അവിടെ എല്ലാവിധ സസ്യങ്ങൾക്കും വൃക്ഷങ്ങൾക്കും പുറമേ തേയിലത്തോട്ടവുമുണ്ടായിരുന്നു. എങ്കിലും ആ പ്രദേശം മലമ്പനിബാധിതമായിരുന്നതിനാൽ അവിടെ പോയി താമസിക്കുവാൻ ആളുകൾ വൈമനസ്യം കാണിച്ചിരുന്നു. എന്നിരുന്നാലും മലമ്പനി കാര്യമാക്കാതെ അവിടെ പോയി നിർഭയരായി അട്ടപ്പാടിമലയിലെ ദേഹണ്ഡങ്ങൾക്കു മേൽനോട്ടം വഹിച്ചിരുന്നത് കോട്ടയത്തടുത്ത് അമയന്നൂരിൽ മണലേൽവീട്ടിലെ ഒരംഗമായിരുന്നു. അവിടെത്തന്നെയാണ് കെ.സി.വറുഗീസച്ചനും കബറടങ്ങിയിരിക്കുന്നതെന്നാണ് എന്റെ ഓർമ്മ. ഇപ്പോഴത്തെ ആചാര്യ പുതുപ്പള്ളിക്കാരൻ ഫാ. എം. കെ. ജേക്കബ്ബ് ആണ്. ഇപ്പോൾ തുമ്പമൺ മെത്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ അയ്മേനിയായിരിക്കുമ്പോൾ അവിടെ താമസിച്ചിരുന്നതിനാൽ അവിടത്തെ വാർഷികമീറ്റിങ്ങിൽ സംബന്ധിക്കാറുണ്ട്. ആശ്രമത്തിലെ വിസിറ്റിംഗ് ബിഷപ്പ് ഫീലിപ്പോസ് മാർ തെയോഫീലോസ് തിരുമേനിയാണ്. 1935-ൽ എനിക്കും എന്റെ കൂടെ ബി. ഡി. ക്ക് പഠിച്ച കുറിയാക്കോസ് ശെമ്മാശ്ശനും ബി. ഡി. ബിരുദം ലഭിച്ചു. മലയാളികളിൽ മറ്റാരും അന്ന് ബി. ഡി. പാഠ്യപദ്ധതിപ്രകാരം പഠിച്ചിരുന്നില്ല.

**സണ്ടേസ്കൂൾ പ്രവർത്തനം**

ബിഷപ്സ് കോളേജിൽ നിന്നു തിരിച്ചു വന്ന ശേഷം ഒരു ദശവർഷത്തോളം ഞാൻ പട്ടമേൽക്കാതെ സഭാസംബന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. പ്രവൃത്തിദിവസങ്ങളിൽ വൈദികസെമിനാരിയിൽ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരുന്ന അക്കാലത്തുതന്നെ, ഞായറാഴ്ച ദിവസങ്ങളിൽ മാർ ഏലിയാ ചാപ്പലിന്റെ ആഭിമുഖ്യത്തിൽ എം. ഡി. സെമിനാരിയിൽ നടത്തിയിരുന്ന സണ്ടേസ്കൂളിന്റെ ഹെഡ്മാസ്റ്ററായി ഞാൻ പ്രവർത്തിച്ചിരുന്നു. അന്ന് സണ്ടേസ്കൂൾ ക്ലാസ്സുകളിൽ ഏറ്റവും ഉയർന്നത് ഏഴാം ക്ലാസ്സായിരുന്നു. പിൽക്കാലത്താണ് പത്താം ക്ലാസ്സു വരെയുള്ള പാഠ്യപദ്ധതികളിലായി സണ്ടേസ്കൂൾ അദ്ധ്യാപനം വികസിപ്പിച്ചത്. ഞാൻ പഠിപ്പിച്ചിരുന്ന ഏഴാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥി അഖിലമലങ്കര മത്സരപരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ കാര്യവും അന്ന് സണ്ടേസ്കൂൾ

സെക്രട്ടറിയായിരുന്ന ഫാ. കെ. ഡേവിന്റെ ക്ഷണപ്രകാരം അദ്ധ്യാപകർക്കായുള്ള വാർഷികപരീശീലനവേളയിൽ വി. പൗലുസ് ശ്ലീഹായുടെ മിഷ്യനറിയാത്രകൾ, ലേഖനങ്ങൾ എന്നിവയെക്കുറിച്ച് ഞാൻ പഠിപ്പിച്ചിരുന്നതും സമ്മാനദാനയോഗങ്ങളിൽ ഞാൻ പ്രസംഗിക്കുകയും ചെയ്തിരുന്ന കാര്യങ്ങൾ മുകളിൽ 113-ാം പേജിൽ വിവരിച്ചിട്ടുണ്ട്.

**വൈദികസെമിനാരിയും അദ്ധ്യാപകവൃത്തിയും**

അയ്മേനിയായിരിക്കുമ്പോൾതന്നെ കുറച്ചു നാൾ കൂടി സുറിയാനി പഠിച്ച ശേഷം അക്കാലത്ത് എം. ഡി. സെമിനാരിയിൽ നടത്തിയിരുന്ന വൈദികസെമിനാരിയിൽ ഞാൻ പഠിപ്പിക്കുമായിരുന്നു. എന്നെക്കാൾ പ്രായം കുടിയവരും വിദ്യാർത്ഥികളിലുണ്ടായിരുന്നു. അന്ന് എനിക്ക് 29 വയസ്സിൽ കുടുതൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് ഒരു ചാപ്പലായിരുന്ന ഇപ്പോഴത്തെ മാർ ഏലിയാ കത്തീഡ്രലിനടുത്തുണ്ടായിരുന്ന 'ചിതൽകൊട്ടാര'മെന്നറിയപ്പെട്ടിരുന്ന ഓല മേഞ്ഞ ഒരു ചെറിയ കെട്ടിടത്തിന്റെ ചായ്പിലാണ് വൈദികസെമിനാരി പ്രവർത്തിച്ചിരുന്നത്. പിന്നീട് അതിനോടടുത്ത് പണിത കെട്ടിടം ഞങ്ങൾ അദ്ധ്യാപകരുടെ ശമ്പളം മുടക്കി നിർമ്മിച്ചതാണ്. കൂടാതെ അക്കാലത്ത് സ്ഥിരം അദ്ധ്യാപകരായുണ്ടായിരുന്ന ഞങ്ങൾ രണ്ടു പേർ, ഞാനും കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശനും (ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) മാത്രമായിരുന്നതിനാൽ ഞങ്ങൾ ഇരുവരും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പിറ്റേ ദിവസത്തെ പണിച്ചെലവിനുള്ള പണം ഓരോ വീട്ടിലും പോയി ശേഖരിച്ചാണ് ആ കെട്ടിടം പണി തീർത്തത്. 1933 മുതൽ 1937 പൂർവ്വാർദ്ധം വരെ ഇപ്രകാരം സൗകര്യാർത്ഥം വൈദികസെമിനാരി എം. ഡി. സെമിനാരിയിൽ നടത്തിയ ശേഷം, 1937 ജൂൺ മാസത്തിൽ വൈദികസെമിനാരി അതിന്റെ പൂർവ്വസ്ഥാനമായ പഴയ സെമിനാരിയിലേക്കു മാറ്റി. 1937-40 വരെ ഞാൻ സുറിയാനിഭാഷ, ആരാധനാക്രമങ്ങൾ, ചരിത്രം, കാനോൻ മുതലായ വിഷയങ്ങൾ പഠിക്കുകയും പഴയസെമിനാരിയിലെ വൈദികസെമ്മിനാരിയിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. 1940-1941 കാലത്തു വൈദികസെമ്മിനാരി നടന്നില്ല. ഇക്കാലത്തു സഭാസംബന്ധമായ കാര്യങ്ങൾ ഞാൻ സ്വയമേവ പഠിച്ചുകൊണ്ടിരുന്നു. 1941 ഉത്തരാർദ്ധത്തിൽ വൈദികസെമ്മിനാരി വീണ്ടും എം. ഡി. സെമ്മിനാരിയിലേക്കു മാറ്റി. ഇതിലേക്കു നയിച്ച സംഭവവികാസങ്ങൾ ഇപ്രകാരമായിരുന്നു. പഴയസെമ്മിനാരിയിൽ സുറിയാനിപഠനം മുടങ്ങിക്കിടന്ന സമയം ഒരു ദിവസം പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ആലുവാ യു. സി. കോളേജു പ്രിൻസിപ്പലായിരുന്ന എ. എം. വർക്കിയും ചെറിയമഠത്തിൽ സി.ജെ.സ്കറിയാ മല്പാനച്ചനും കൂടി എം. ഡി. സെമ്മിനാരി പുരയിടത്തിൽ മാർ ഏലിയാ ചാപ്പലിനോടനുബന്ധിച്ചുണ്ടായിരുന്ന സ്വീകരണമുറിയിൽ വന്നിരുന്നുകൊണ്ട് എന്നെ ആൾ വിട്ടു വിളിപ്പിച്ച് എം. ഡി. സെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം പുനരാരംഭിക്കുകയാണെന്നും ഞാൻ അതിൽ ഒരദ്ധ്യാപകനായിരിക്കണമെന്നും പറഞ്ഞു. ഞാൻ ഒന്നും പ്രതികരിച്ചില്ല. പിന്നീടു പ്രിൻസിപ്പൽ ആരായിരിക്കണമെന്ന് അവർ അന്യോന്യം ചോദിച്ചു. ചെറിയമഠത്തിലച്ചൻ കുമരകം സെ. ജോൺസ് പള്ളി വികാരിസ്ഥാനവും വഹിച്ചിരുന്നതിനാൽ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കുക പ്രയാസമാണെന്നു പറഞ്ഞു. അപ്പോൾ ബാവാ തിരുമേനി എന്നെ ചുണ്ടിക്കാണിച്ചുകൊണ്ട് ഞാനായിരിക്കണമെന്നു കല്പിച്ചു. ഒരു അയ്മേനി മാത്രമായ ഞാൻ പ്രിൻസിപ്പലാകുന്നതു വിഹിതമല്ലെന്നു ഞാൻ പറഞ്ഞു. അതു സാരമില്ലെന്നും വേഗം കത്തനാരാക്കി കൊള്ളാമെന്നും ബാവാ കല്പിച്ചു. എന്നാൽ അത് എളുപ്പമല്ലെന്നും വീട്ടുകാരോടാലോചിച്ചിട്ടില്ലെന്നും ഫാ. കെ. ഡേവിഡിന് ഒരവസരം ലഭിച്ചാൽ സെമ്മിനാരിയിൽ പഠിപ്പിക്കുന്നതിനാഗ്രഹമുള്ളതായി എന്നെ അറിയിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. അച്ചനു സമ്മതമായിരുന്നതിനാൽ 1941-ൽതന്നെ വൈദികസെമ്മിനാരി എം. ഡി. സെമ്മിനാരിയിൽ പുനരാരംഭിക്കുകയും ദാവീദച്ചൻ ഒരു കൊല്ലത്തിലധികം പ്രിൻസിപ്പൽസ്ഥാനം വഹിക്കുകയും ചെയ്തു. സെമ്മിനാരിയിൽ അദ്ധ്യാപകരായി ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശൻ എന്നിവരോടുകൂടെ ഞാനും നിയമിക്കപ്പെട്ടുവെങ്കിലും 1938-43 കാലത്തു കോട്ടയം ജില്ലാക്കോടതിയിൽ നടന്നിരുന്ന സമുദായക്കേസ്സിന്റെ നടത്തിപ്പിൽ സഹായിക്കേണ്ടിയിരുന്നതിനാൽ 1941-ൽ പഠിപ്പിക്കുന്നതിന് എനിക്കു സാധിച്ചില്ല. പ്രാരംഭദശയിൽ കുറച്ചുനാൾ എ. എം .വർക്കിയും അടൂർക്കാരൻ നെല്ലിമൂട്ടിൽ ചാവടിയിൽ ഡോ. സി. റ്റി. ഈപ്പനും സെമ്മിനാരിയിൽ പഠിപ്പിരുന്നെങ്കിലും പിന്നീട് അവർക്കു തുടർന്ന് പ്രവർത്തിക്കുവാൻ സാധിച്ചില്ല. സമുദായക്കേസ്സ് സംബന്ധിച്ചുള്ള ജോലികൾക്കു ശേഷം ഞാൻ 1942 മുതൽ സെമിനാരിയിൽ വേദശാസ്ത്രം, സഭാചരിത്രം, പുതിയനിയമം, മതങ്ങളുടെ താരതമ്യപഠനം, കതോലിക്കേറ്റിന്റെ ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപകവൃത്തിയിൽ വീണ്ടും ചേർന്നപ്പോഴും ദാവീദച്ചൻ പ്രിൻസിപ്പലായി തുടർന്നു. 1943-ൽ ഫാ. സി. ജെ. സ്കറിയാ ചെറിയമഠം പ്രിൻസിപ്പലായി സ്ഥാനമേറ്റു. 1946-ൽ കണ്ടനാടിടവകയുടെ മാർ തിമോത്തിയോസ് തിരുമേനി (പിൽക്കാലത്ത് പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനി) വൈദികസെമ്മിനാരിയിൽ പഠിപ്പിക്കുവാൻ

വന്നു. തിരുമേനി ഔദ്യോഗികസ്ഥാനങ്ങൾ സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയാൽ ചെറിയമഠത്തിൽ അച്ചൻ പ്രിൻസിപ്പലായി തുടർന്നു. തിമോത്തിയോസ് തിരുമേനി സുറിയാനിപണ്ഡിതനും, കാനോൻ, വേദശാസ്ത്രം, സഭാചരിത്രം മുതലായ വിഷയങ്ങളിൽ വിദഗ്ദ്ധനുമായിരുന്നതിനാൽ വലിയ ബാവായുടെ കല്പനപ്രകാരം ഈ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. 1947-ൽ മല്പാനച്ചൻ പൂനാ കൌളി മിഷ്യൻ ആശുപത്രിയിൽ വിശ്രമാർത്ഥം പോയപ്പോൾ, ഞാൻ ആക്ടിംഗ് പ്രിൻസിപ്പലായി ചാർജ്ജ് വഹിച്ചു. 1948 മെയിൽ മല്പാനച്ചൻ തിരികെ വരികയും തിമോത്തിയോസ് തിരുമേനി സെമിനാരി വിടുകയും ചെയ്തു. വൈദികനായിരിക്കുമ്പോൾ എന്റെ താമസം തൊട്ടടുത്തുള്ള ഞങ്ങളുടെ ഭവനത്തിലായിരുന്നതിനാൽ പകൽസമയമെല്ലാം ഞാൻ സെമിനാരിയിൽ കാണുമായിരുന്നു. അദ്ധ്യാപനത്തിനു പുറമെ സെമിനാരിയിലെ വിദ്യാർത്ഥികളുടെ കൂടെ ബാഡ്മിൻടൻ, ഷട്ടിൽകോക്ക്, കാരംസ് എന്നിവയും ഒരുമിച്ചു കളിക്കുമായിരുന്നു. പിന്നീട് പഴയ സെമിനാരി സഭയ്ക്കു സ്വതന്ത്രമായി കിട്ടിയ ശേഷമാണ് വൈദിക സെമിനാരി വീണ്ടും അങ്ങോട്ടു മാറ്റിയത്. അവിടെ ചെറിയമഠത്തിലച്ചനും ഞാനും ഫീലിപ്പോസ് അച്ചനും തുടർന്ന് പഠിപ്പിച്ചിരുന്നു. കൂടാതെ റവ. എം. വി. ജോർജച്ചനും (പിൽക്കാലത്ത് മാർ ഒസ്ത്താത്തിയോസ് മെത്രാൻ) മാവേലിക്കരക്കാരൻ കെ.എം.അലക്സാണ്ടറും അദ്ധ്യാപകരായി ചേർന്നു. ഇവരിരുവരും ജബൽപൂരിലെ ലിയോനാർഡ് (പ്രൊട്ടസ്റ്റന്റ്) കോളേജിൽ നിന്നു പാസ്സായവരാണ്. 1949-ൽ ഇതര ജോലികൾക്കായി ചെറിയമഠത്തിൽ അച്ചൻ സെമിനാരി വിട്ടപ്പോൾ കണ്ടനാടിടവകയുടെ മാർ തിമോത്ത്യോസ് തിരുമേനി വീണ്ടും സെമിനാരിയിലേക്കു വരികയും പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു. തിരുമേനി ഒരു വർഷം പ്രിൻസിപ്പലായിരുന്നു.1950-ൽ വൈസ് പ്രിൻസിപ്പലായി നിയമിച്ചെങ്കിലും തിമോത്ത്യോസ് തിരുമേനിയുടെ കൃത്യാന്തരബഹുലത നിമിത്തം ഒരു വർഷത്തേക്ക് ഞാൻ പ്രിൻസിപ്പലിന്റെ ചാർജ്ജ് വഹിക്കേണ്ടി വന്നു. 1951-ൽ ഞാൻ റമ്പാനായി. അനന്തരം തീമോത്ത്യോസ് തിരുമേനി സെമിനാരി വിട്ടുപോകുകയും 1951 ജൂണിൽ ഞാൻ പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു. തുടർന്ന് 1966 വരെ ഞാൻ അവിടെ റമ്പാൻ, മെത്രാൻ, മെത്രാപ്പോലീത്ത എന്നീ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് പ്രിൻസിപ്പലായി പ്രവർത്തിച്ചിട്ടുണ്ട്. 1953-ൽ മെത്രാനായും 1959-ൽ മെത്രാപ്പോലീത്തയായും ഞാൻ അവരോധിക്കപ്പെട്ടു. അതിനു മുമ്പ് അയ്മേനി, ശെമ്മാശ്ശൻ, കശ്ശീശാ എന്നീ നിലകളിലും ഞാൻ വൈദിക സെമിനാരിയിൽ 1935 മുതൽ ദീർഘകാലം പഠിപ്പിച്ചിട്ടുണ്ട്.1964-ൽ സെമിനാരി സെറാമ്പൂർ കോളേജുമായി അഫിലിയേറ്റു ചെയ്യുകയും ബി. ഡി. ഡിഗ്രി ക്ലാസ്സുകൾ തുടങ്ങുകയും ചെയ്തു. 1966-ൽ, 32 വർഷത്തെ അദ്ധ്യാപനവൃത്തിക്കു ശേഷം ഞാൻ സെമിനാരി വിട്ടു പോന്നു.

**കാനോൻ വിദഗ്ദ്ധൻ**

ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപനവൃത്തിയിലേപ്പെട്ടിരുന്ന മൂന്നു ദശകങ്ങൾക്കുമേൽ നീളുന്ന കാലയളവിൽ ഏകദേശം ഒരു വർഷത്തേക്കു 1941-1942-ൽ, ഇതിന് ഒരു ഹൃസ്വകാലവിഘ്നം സംഭവിച്ചതായും അതിനു നിദാനം സമുദായക്കേസ്സ് സംബന്ധിച്ചുള്ള ജോലികളിൽ സഹായിക്കുന്നതിനായിരുന്നുവെന്നും മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സിൽ 1941-ൽ കാനോൻ വിദഗ്ദ്ധനായി ഞാൻ മൊഴി കൊടുത്തു. ഇതിനായി പ. ഗിവറുഗീസ് ദ്വിതീയൻ ബാവാ തന്നെയാണ് എന്റെ പേരു നിർദ്ദേശിച്ചത്. ഉടൻ തന്നെ ഞാൻ അയ്മേനിയും ചെറുപ്പക്കാരനുമാണെന്നു പറഞ്ഞ് ഒഴിയുവാൻ ശ്രമിച്ചു. പകരം ആ സ്ഥാനത്തേക്കായി ഞാനും പഴയസെമിനാരി മാനേജർ റ്റി. സി. ജേക്കബ് കത്തനാരും കൂടി ആവശ്യപ്പെട്ടതനുസരിച്ചു പൂതക്കുഴിയിൽ പി. റ്റി. ഏബ്രഹാം കത്തനാര് മൊഴി കൊടുക്കുന്നതിനു ബാവാ സമ്മതിച്ചുവെങ്കിലും പിന്നീടു പൂതക്കുഴിയിലച്ചന്റെ നാവിനു തളർച്ച ഭവിച്ചതിനാൽ പകരം ആളെ നിശ്ചയിക്കേണ്ടിവരികയും ബാവാ എന്റെ പേരുതന്നെ വീണ്ടും കല്പിച്ചതിനാൽ ഞാൻ ചുമതല ഏറ്റെടുക്കേണ്ടി വരികയുമാണുണ്ടായത്. പാത്രിയർക്കീസ് പക്ഷത്തെ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാൻ 1938-ൽ പ. കാതോലിക്കാബാവായ്ക്കും മറ്റും എതിരായി കോട്ടയം ജില്ലാക്കോടതിയിൽ കേസ്സു കൊടുത്തതും സെപ്ഷ്യൽ ജഡ്ജി ബി. കൃഷ്ണയ്യരുടെ ബെഞ്ചിൽ നടന്ന അതിന്റെ വിസ്താരം, വിധി മുതലായ കാര്യങ്ങളെക്കുറിച്ചു മുകളിൽ 119-12 പേജുകളിൽ വിവരിച്ചിട്ടുണ്ട്. ഈ കേസ്സിലെ വിസ്താരവേളയിൽ ഞാനും എറിയാട്ടു ബേബിയും (പിന്നീട് സമുദായ സെക്രട്ടറിയായ ഈ. ജെ. ജോസഫ്) പാറമ്പുഴക്കാരനായ മറ്റൊരാളും കൂടി കോടതിയിൽ പോയി കേസ്സു കേൾക്കുമായിരുന്നു. എങ്കിലും ആദ്യമായി മൊഴി കൊടുക്കുവാൻ പോയ ദിവസം അശുഭസൂചകമായ ഒരനുഭവം ഉണ്ടാകുകയും ശുഭാശുഭസൂചനകളെക്കുറിച്ചുള്ള ധാരണകൾ നിരർത്ഥകമാണെന്ന് ഒരിക്കൽകൂടി തെളിയുകയും ചെയ്തു. കാതോലിക്കാഭാഗം അഭിഭാഷകനായ തെള്ളി വക്കീലിന്റെ ഭവനത്തിൽ വച്ചായിരുന്നു കോടതിക്രമങ്ങൾ എന്നെ പരീശിലിപ്പിച്ചത്. മൊഴി കൊടുക്കേണ്ടിയിരുന്ന ദിവസം വക്കീലും ഞാനും വിഷയത്തിന്റെ രസാനുഭൂതിയിൽ മുഴുകിയിരുന്നതിനാൽ സമയം അതിക്രമിച്ചതറിഞ്ഞില്ല.

കോടതിയിൽ ഹാജരാകേണ്ടയിരുന്ന സമയം പതിനൊന്നു മണിയായിരുന്നു. ചില ജഡ്ജിമാർ സമയം തെറ്റി വരികയും പതിവുണ്ടായിരുന്നു. പക്ഷെ അന്നേദിവസം ജഡ്ജി കൃത്യസമയം വരികയും കേസ്സു വിളിക്കുകയും ചെയ്തു. അപ്പോൾ ഞാനോ വക്കീലോ ഹാജരില്ലായിരുന്നു. ഞാൻ തിടുക്കത്തിൽ അടുത്തുള്ള എന്റെ ഭവനത്തിൽ ചെന്ന് ഭക്ഷണം കഴിച്ച് വസ്ത്രം മാറി വന്നപ്പോൾ 'താൻ ഇത്രയും സമയം എവിടെയായിരുന്നു'വെന്ന് ജഡ്ജി ചോദിച്ചു. ഞാൻ ക്ഷമ പറഞ്ഞതിനു ശേഷം 'ഭക്ഷണം കഴിച്ച് വസ്ത്രം മാറുവാൻ താമസിച്ചുപോയി' എന്നു പറഞ്ഞു. അപ്പോൾ കോടതിയിൽ കൃത്യസമയത്ത് വരേണ്ടതല്ലയോ എന്നും, താൻ പറഞ്ഞ ഉപശാന്തികളൊക്കെ തന്റെ മുത്തശ്ശിയോടു പറയേണ്ടതല്ലേയെന്നും പറഞ്ഞ് ജഡ്ജി എന്നെ ശാസിക്കുകയും ചെയ്തു. മാന്യതയുടെ മാനദണ്ഡങ്ങൾ അതിലംഘിക്കുന്ന ജഡ്ജിയുടെ പദപ്രയോഗം എന്നിൽ അസാമാന്യമായ കോപം ജ്വലിപ്പിച്ചെങ്കിലും സഭയ്ക്കു ദോഷം വരത്തക്കവണ്ണം എന്തെങ്കിലും പ്രവർത്തിക്കുവാൻ തക്ക പ്രകോപനം ഒഴിവാക്കുവാനായി ഞാൻ സംയമനം പാലിച്ച് മൗനം ദീക്ഷിച്ചു. കുടാതെ എന്റെ ജ്യേഷ്ഠൻ ചെറിയാൻ വക്കീലും ആ ജഡ്ജിയും തമ്മിൽ നിലനിന്നിരുന്ന സൗഹാർദ്ദതയെയും കുറിച്ച് ഞാൻ ചിന്തിക്കാതിരുന്നില്ല. തുടർന്ന് ഇത് കോടതിയാണെന്നു ചിന്തിച്ചുവേണം സംസാരിക്കുവാൻ എന്നു പറഞ്ഞ് ജഡ്ജി ആ വിഷയം വിടുകയും ജഡ്ജിയുടെ കോപം ശമിക്കുകയും ചെയ്തു. എന്നാൽ വിസ്താരവേളയിൽ പാത്രിയർക്കീസ് പക്ഷത്തെ പ്രഗത്ഭനായ ഒരു സാക്ഷിക്കുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ, ഈ സംഭവകഥനം തികച്ചും മൃദുലമായ ഒരനുഭൂതിയായി വെളിപ്പെട്ടുവരുന്നതാണ്. തിരുവല്ലാ മുനിസിപ്പാലിറ്റിയുടെ പ്രസിഡണ്ടായിരുന്ന കോടിയാട്ട് കെ. ജെ. ഏബ്രഹാമായിരുന്നു ഇദ്ദേഹം. തെള്ളി വക്കീലിന്റെ ക്രോസ്സുവിസ്താരത്തിൽ ഇദ്ദേഹം പല അബദ്ധങ്ങളും ജല്പിച്ചതിനാൽ ജഡ്ജി അയാളോട് വളരെ കോപിച്ച് സംസാരിക്കുകയും, അയാൾ അത്യന്തം പരിഭ്രമിക്കുകയും തൽഫലമായി ശരീരഘടനയിൽ സ്വഭാവികമായ പ്രഥമകൃത്യം കോടതിയിൽ വച്ചു തന്നെ അയാൾക്ക് നിയന്ത്രണാതീതമായി അനുഭവപ്പെടുകയും ചെയ്തു.

കാനോൻവിദഗ്ദ്ധനായി എന്നെ മൂന്നു ദിവസം വിസ്തരിച്ചു. ചീഫ്, ക്രോസ്, റീ എന്നീ വിസ്താരങ്ങളിലെ ചോദ്യങ്ങൾക്കു ഞാൻ സമുചിതമായും ഭംഗിയായും ഉത്തരം പറഞ്ഞു. ഈ കേസ്സിൽ കാതോലിക്കാഭാഗം ജയിച്ചതായി സെപ്ഷ്യൽജഡ്ജി 18/1/43-ൽ പ്രഖ്യാപിച്ച വിധിന്യായത്തിൽ, എന്റെ മൊഴിയെ സ്പർശിക്കുന്ന പ്രസ്താവനകൾ തികച്ചും പ്രശംസാപൂർവ്വമായാണു രേഖപ്പെടുത്തിയിട്ടുള്ളത്. സമുദായക്കേസിനു വേണ്ടിയുള്ള എന്റെ സേവനങ്ങൾക്കു പൊതുവെയും കാനോൻ വിദഗ്ദ്ധനെന്ന നിലയിൽ ഞാൻ കൊടുത്ത മൊഴിക്കു പ്രത്യേകമായുമുള്ള അഭിനന്ദനാസൂചകമായി പ. ബാവാതിരുമേനി എനിക്ക് ഒരു സ്വർണ്ണമോതിരം സമ്മാനിക്കുകയുണ്ടായി. നമ്മുടെ സമുദായക്കേസ്സ്, സഭാകേസ്സ് എന്നിവയ്ക്കു പുറമെ മറ്റു പല കേസ്സുകളിലും ഞാൻ മൊഴി കൊടുക്കുന്നതിനിടയായിട്ടുണ്ട്. മർത്തോമ്മാസഭയിലെ യൂഹാനോൻ മെത്രാപ്പോലീത്തായും കെ. എൻ. ദാനിയേലും തമ്മിലുണ്ടായ കേസ്സിൽ 1958 ഓഗസ്റ്റിലും, കുടാതെ നിരണം പള്ളിവികാരി മട്ടക്കൽ ജോർജ്ജ് കത്തനാരുടെ കേസ്സ് എന്നിവയിലും കൊടുത്ത മൊഴികളെക്കുറിച്ച് അവയുടെ വിധിന്യായങ്ങളിൽ എനിക്ക് എത്രയും അനുകൂലമായ പ്രസ്താവനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാകേസ്സിൽ ഞാൻ കൊടുത്ത മൊഴിയെക്കുറിച്ചു പിന്നീടു വിശദമായി പ്രതിപാദിക്കുന്നതാണ്.

**വർക്കിംഗ് കമ്മറ്റി അംഗം**

1942-ൽ എം. ഡി. സെമിനാരിയിൽ വൈദികസെമിനാരി പുനരാരംഭിച്ച് നടത്തിവരവെ പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയുടെയും യു. സി. കോളേജു പ്രിൻസിപ്പൽ ഏ. എം .വർക്കി തുടങ്ങിയവരുടെയും ഉത്സാഹഫലമായി സഭയുടെ വർക്കിംഗ് കമ്മിറ്റിയിൽ ഒരംഗമായി എന്നെ പ. ബാവാതിരുമേനി നിയമിച്ചു. സ്ഥാനന്യായേന അതോടുകൂടി ഞാൻ മാനേജിംഗ് കമ്മറ്റിയിലെയും മെമ്പറായി തീർന്നു. വകുപ്പടിസ്ഥാനത്തിൽ രൂപീകൃതമായ വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കപ്പെട്ട അവസരമായിരുന്നു അത്. പള്ളിക്കെട്ടിടങ്ങളും ആരാധനയും എന്ന വകുപ്പാണ് എന്നെ ഏല്പിച്ചത്. സഭയിലെ പ്രാർത്ഥനകളും ആരാധനയും കുടുതൽ പ്രയോജനപ്രദവും ആകർഷകവുമാക്കുന്നതിനു വേണ്ടി പ. ബാവാതിരുമനസ്സിലെ അനുമതിപ്രകാരം സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സഹായത്തോടുകൂടി ഞാൻ ആ ദൗത്യം യഥോചിതം നിർവഹിച്ചു. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ബുധനാഴ്ച നമസ്കാരം, വി.കുർബ്ബാനയുടെ രണ്ടാം ഭാഗം, ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ, ഹുത്തോമ്മ, കുദാശക്രമങ്ങൾ എന്നിവ ഞാൻ അക്കാലത്ത് ഇപ്രകാരം രചിച്ചിട്ടുള്ള ആരാധനക്രമങ്ങളാണ്. 1949 ഫെബ്രു. 7th വരെ ഈ കമ്മറ്റി കുടിയിട്ടുണ്ട്. ഇതിനു പുറമെ 1966-ൽ വി. കുർബ്ബാനക്രമവും കുട്ടികൾക്കായുള്ള നിത്യപ്രാർത്ഥനാക്രമവും വിദേശരാജ്യങ്ങളിൽ അധിവസിച്ചിരുന്ന സഭാംഗങ്ങളുടെ പ്രത്യേകസാഹചര്യങ്ങൾ മുൻനിർത്തി ഇംഗ്ലീഷിൽ പ്രസിദ്ധികരിച്ചു.

**വൈദികസ്ഥാനലബ്ധി**

1945 ഓഗസ്റ്റ് 18-ാം തീയതി (1121 ചിങ്ങത്തിൽ) മുപ്പത്തി ഒമ്പതാമത്തെ വയസ്സിൽ പഴയസെമ്മിനാരി ചാപ്പലിൽ വച്ചു പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് എനിക്കു മസ്മൂറോനോ ആയി ആദ്യം പട്ടം നല്കി. അടുത്ത ദിവസം തന്നെ ഓഗസ്റ്റ് 19-ാം തീയതി മറുരുപപ്പെരുനാൾ ദിവസത്തിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് എനിക്കു ബാവാതിരുമേനിതന്നെ പൂർണ്ണശെമ്മാശുപട്ടവും നല്കി. പട്ടമേറ്റതിൽ എന്നെ അനുമോദിച്ചുകൊണ്ട് ഒരു സുഹൃത്ത് അയച്ച സന്ദേശത്തിൽ 'വൈദികവൃത്തിയിൽ പ്രവേശിച്ചതിൽ വളരെ സന്തോഷമുണ്ട്. അങ്ങ് ഇപ്പോൾ കയറിയത് ആദ്യപടിയാണ്. ഇനിയും പലപല പടികൾ കയറാനുണ്ട്. ദൈവം അങ്ങയെ വഴി നടത്തട്ടെ' എന്നു പറഞ്ഞിരുന്നു. പൗരോഹിത്യത്തിന്റെ അത്യുന്നതപദവിയിലേക്ക് എന്നെ ഉയർത്തിയ പിൽക്കാലസംഭവങ്ങൾ, ഈ സന്ദേശത്തിന് ഒരു പ്രവചനത്തിന്റെ പരിവേഷം നല്കിയിട്ടുണ്ട്. ഒരു വർഷത്തിനു ശേഷം 1946 ഒക്ടോബർ 27-ാം തീയതി മാർ ഏലിയാ ചാപ്പലിൽ വച്ചുതന്നെ പ. ബാവാതിരുമേനി, മാർ ഔഗേൻ തീമോത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ, എനിക്കു കശ്ശീശാപട്ടവും നല്കി. ബാവാതിരുമേനിയുടെ പ്രീതി വാത്സ്യല്യങ്ങളുടെ നിദർശനമായി ഒരു സെറ്റ് പൂജാപാത്രങ്ങൾ എനിക്കു സമ്മാനമായി നല്കി. സ്വന്തം ഇടവകയായ മണർകാട്ട് മർത്തമറിയം പള്ളിയിലേക്കായിരുന്നു ഞാൻ പട്ടമേറ്റത്. അതിനും പുറമെ അവിടെ പരമ്പരാഗതമായി എന്റെ കുടുംബത്തിൽ നിന്നു വികാരിമാരായിരുന്നിട്ടുള്ളവർ ഉൾപ്പെടെ ഞാൻ വട്ടക്കുന്നേൽ കുടുംബത്തിലെ 28-ാമത്തെ പട്ടക്കാരനുമായിരുന്നു. എന്നിരുന്നാലും കാതോലിക്കാഭാഗത്തുനിന്നു പട്ടമേറ്റതിനാലും മണർകാട്ട് പള്ളിയിൽ കക്ഷിഭിന്നതകൾ നിലനിന്നിരുന്നതുകൊണ്ടും പൂർവ്വികന്മാരായ പട്ടക്കാരെപ്പോലെ മണർകാട്ടുപള്ളിയിൽ വി.കുർബ്ബാന ചൊല്ലുവാൻ ശ്രമിച്ചില്ല. ആസന്നഭാവിയിൽ സമാധാനം ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു മണർകാട്ട് പള്ളിയിലേക്കായി പട്ടമേറ്റത്. പക്ഷെ ഞാൻ എന്നെങ്കിലും മണർകാട്ട് പള്ളിയിൽ പോകണമെന്ന് എന്റെ അപ്പന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഞാനോ എന്റെ വീട്ടിൽ മറ്റാരെങ്കിലുമോ ഇപ്രകാരം ആഗ്രഹിച്ചിരുന്നില്ല. അതിനാൽ ഞാൻ കോട്ടയം മാർ ഏലിയാ ചാപ്പൽ വികാരിയെ സഹായിച്ചുകൊണ്ടിരുന്നു. ബി. ഡി. പാസ്സായ ശേഷം കശ്ശീശായാകുന്നതുവരെ ഏലിയാ ചാപ്പലിലെ സണ്ടേസ്ക്കൂളിലും ചാപ്പൽ ഇടവകയിലെ ഇതര പ്രവർത്തനങ്ങളിലും ഞാൻ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ മുൻനിർത്തി പള്ളിയിൽ നിന്നു വെള്ളിമറുവഹ്സാ തുടങ്ങിയ വില പിടിച്ച സാധനങ്ങൾ എനിക്ക് സമ്മാനമായി നൽകുകയുണ്ടായി.

**മണർകാട്ട് പള്ളി ഇടവകയും അവകാശപരിത്യാഗവും**

വട്ടക്കുന്നേൽ പൂർവ്വകുടുംബക്കാർ കടത്തനാട്ടു നിന്നു 15-ാം ശതകത്തിൽ, അക്കാലത്ത് തെക്കുംകൂർരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന തിരുവഞ്ചൂരിൽ അധിനിവേശം ആരംഭിച്ചതിനു ശേഷം, മണർകാട്ടു പള്ളിയുടെ പ്രാരംഭകാലം, അതായത് എ. ഡി. 1585 മുതൽ, മണർകാട്ട് പള്ളിയിൽ അവർക്ക് അംഗത്വമുണ്ടായിരുന്നതിനു പുറമെ, കുടുംബത്തിൽ ഓരോ തലമുറയിലുണ്ടായിരുന്ന പട്ടക്കാർ അവിടെ വികാരിസ്ഥാനവും വഹിച്ചിരുന്നു. ഇപ്രകാരം 28-ാമത്തെ പട്ടക്കാരനായിരുന്ന എന്റെ അവകാശം കുടുംബപ്രതിനിധിയെന്ന നിലയിൽ പരമ്പരാഗതമായി വിലമതിക്കപ്പെട്ടിരുന്ന ഒരു കുടുംബാവകാശമായിരുന്നു. കൂടാതെ പൗരോഹിത്യചര്യയിൽനിന്നു ലഭ്യമായിരുന്ന ആദായത്തിന്റെ കാര്യത്തിൽ മണർകാട്ട് പള്ളിക്ക് ഏറ്റവും മുൻപന്തിയിൽതന്നെ സ്ഥാനവുമുണ്ടായിരുന്നു. ഈദൃശ സാഹചര്യങ്ങളിൽ ആദർശപരവും തത്ത്വാധിഷ്ഠിതവുമായ എന്റെ നിലപാട് നിമിത്തം, പ്രസ്തുത അവകാശങ്ങൾ കൈവെടിയുവാനുള്ള തീരുമാനം, കുടുംബചരിത്രത്തിൽ സംഭവിച്ച മഹത്തായ ഒരു പരിത്യാഗം തന്നെയായിരുന്നു. എന്നാൽ ഈപ്രതിസന്ധിയിൽ വട്ടക്കുന്നേൽ കുടുബാംഗങ്ങൾ മൂല്യാധിഷ്ഠിതമായ എന്റെ നിലപാടിൽ എന്നോടുകൂടെ ഉറച്ചുനിന്നുവെന്ന വസ്തുത, ഞാൻ അഭിമാനപരസ്സരം അനുസ്മരിക്കുന്നു. സത്യം, നീതി, വിശ്വസ്തത എന്നീ ക്രീസ്തീയമൂല്യങ്ങൾ, എത്രയും ലാഭദായകമായ ഭൗതികാവകാശങ്ങളെക്കാൾ അഭികാമ്യമായി വട്ടക്കുന്നേൽ കുടുംബാംഗങ്ങൾ വിലമതിക്കുന്നുവെന്നത് നൂറ്റാണ്ടുകളിലായി ഈ കുടുംബാംഗങ്ങൾ പിന്തുടർന്നുപോന്നിട്ടുള്ള ക്രൈസ്തവ ധർമ്മശാസ്ത്രത്തിന് മകുടോദാഹരമായി പരിലസിക്കുന്നു സർവ്വോപരി, 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' എന്ന് അരുളിച്ചെയ്ത നമ്മുടെ രക്ഷകനായ ക്രിസ്തുയേശുവിനു വേണ്ടി ഭവനങ്ങൾ, നിലങ്ങൾ ആദിയായ ഐഹികനേട്ടങ്ങൾ ത്യജിച്ച് തന്നെ അനുഗമിക്കുന്നവർക്ക് ഇവയെല്ലാം നുറു മടങ്ങ് ലഭിക്കുമെന്ന വാഗ്ദാനം (Mt. 19:29) തന്റെ ശ്ലൈഹികസിംഹാസനത്തിലേക്ക് എന്നെ ഉയർത്തിയതിൽ നിറവേറ്റിയിരിക്കുന്നുവെന്നതും, സങ്കീർത്തനക്കാരൻ 58:11-ൽ ഖണ്ഡിതമായി പറയുന്ന പ്രകാരം 'ആകയാൽ നീതിമാന് പ്രതിഫലമുണ്ട്, നിശ്ചയം; ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട് നിശ്ചയം എന്ന് മനുഷ്യർ പറയും' എന്ന വേദവാക്യം ഇക്കാര്യത്തിൽ പ്രത്യക്ഷമായി അന്വർത്ഥമായിരിക്കുന്നുവെന്നതും എത്രയും ദിവ്യാത്മപ്രചോദകമായ പരമാർത്ഥങ്ങളാണ്.

### ഇടവകഭരണം

1947 ജൂൺ 27-ാം തീയതി കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നെ കോട്ടയം കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ വികാരിയായി നിയമിച്ചു. കൂടാതെ കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ അഖിലലോക സഭാകൗൺസിൽ സമ്മേളനത്തിൽ സംബന്ധിക്കുവാനായി ആംസ്റ്റർഡാമിലേക്കു പോയപ്പോൾ തൽസ്ഥാനത്ത് കോട്ടയം ചെറിയ പള്ളി, പുത്തൻ പള്ളി, കുരിശുപള്ളി എന്നിവയുടെ വികാരിയായി 1948 ഏപ്രിൽ 15-ാം തീയതി ഞാൻ നിയമിക്കപ്പെട്ടു. 1948 ഡിസംബർ 18-ാം തീയതി അദ്ദേഹം വന്ന് ചുമതലകൾ തിരികെ ഏറ്റെടുക്കുന്നതുവരെ ഞാൻ സ്ഥാനം വഹിച്ചുകൊണ്ട്, വൈദികസെമിനാരി സംബന്ധമായ കർത്തവ്യങ്ങൾക്കു പുറമെ ഇടവകഭരണവും നിർവഹിച്ചുപോന്നു.

കാരാപ്പുഴ ചാപ്പൽ വികാരിസ്ഥാനം വഹിച്ചിരുന്ന കാലത്തുണ്ടായ ഒരു സംഭവകഥനം, നമ്മുടെ സഭയുടെ പ്രശസ്തരായ അയ്മേനിനേതാക്കളിലൊരാളായിരുന്ന യശഃശരീരനായ കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിളയ്ക്ക് എന്റെ വി. കുർബ്ബാനാഘോഷത്തെക്കുറിച്ചുണ്ടായിരുന്ന അസാധാരണമായ ആദരവും മതിപ്പും പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. കാരാപ്പുഴ ചാപ്പൽ ഒരു കുന്നിന്റെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ വട്ടക്കുന്നേലച്ചൻ അർപ്പിക്കുന്ന വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനുള്ള അപാരമായ അഭിനിവേശം നിമിത്തം അദ്ദേഹം തന്റെ പ്രായാധിക്യവും ശരീരാസ്വാസ്ഥ്യങ്ങളും അവഗണിച്ചുകൊണ്ട് തന്റെ കാർ കുന്നിന്റെ അടിവാരത്തിൽ ഇട്ട ശേഷം, മറ്റൊരാളുടെ സഹായത്തോടുകൂടി കുന്ന് നടന്നുകയറി ചാപ്പലിലേക്ക് വന്നു. അപ്പോഴേക്കും അദ്ദേഹം തളർന്നുപോയിരുന്നതുകൊണ്ട് ഞാനദ്ദേഹത്തിന് കാപ്പി വരുത്തി കൊടുക്കുകയും എന്തിനീ അവിവേകം കാണിച്ചുവെന്ന് ചോദിക്കുകയും ചെയ്തു. അച്ചന്റെ കുർബ്ബാന കണ്ടിട്ട് വളരെ നാളായിരുന്നതിനാൽ, കാണുന്നതിനുള്ള താല്പര്യം കൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. പിന്നീടൊരവസരത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞതായി ബന്ധപ്പെട്ടവർ എന്നെ അറിയിച്ചു. 'ഞാൻ മരിക്കാറാകുമ്പോൾ വട്ടക്കുന്നേലച്ചനെ വരുത്തി അദ്ദേഹം എന്റെ കിടയ്ക്കക്കരികിൽ നിന്ന് വായിക്കുകയും പാടുകയും ചെയ്യുമ്പോൾ, സ്വർഗ്ഗത്തിലേക്കുയർത്തുന്ന ആ ശബ്ദം കേട്ടുകൊണ്ടു വേണം എനിക്കു മരിക്കുവാൻ.' ഇത്രമാത്രം എന്റെ വായനയും, പാട്ടും, പ്രാർത്ഥനയും കേൾക്കുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു. അദ്ദേഹം മരിച്ചത് 1953 ഡിസംബർ 31-നായിരുന്നു. തത്സമയം ഞാൻ പനയമ്പാല മർത്തമറിയം പള്ളിയിലായിരുന്നു. വിവരമറിഞ്ഞ് ഞാൻ വന്ന് കോട്ടയം ചെറിയപള്ളിയുടെ പുത്തൻപള്ളി സെമിത്തേരിയിൽ അദ്ദേഹത്തെ കബറടക്കുകയും തദ്വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിലാഷം നിറവേറ്റുകയും ചെയ്തു.

### പത്രലേഖനരചന

1943-ലെ സമുദായക്കേസ്സ് വിധിയിൽ പരാജയപ്പെട്ട പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും 1946 ഓഗസ്റ്റ് 8-ാം തീയതി ഒന്നിനെതിരെ രണ്ട് ജഡ്ജിമാർ അപ്പീലനുവദിക്കുകയും ചെയ്തു. ഇതിനെതിരെ കാതോലിക്കാഭാഗം കൊടുത്ത റിവ്യൂഹർജ്ജി തിരു-കൊച്ചി ഹൈക്കോടതി 1951 ഡിസംബർ 21-ാം തീയതി തള്ളിക്കളഞ്ഞു. തദനന്തരം ഇൻഡ്യൻ ഭരണഘടനയുടെ 136-ാം വകുപ്പുപ്രകാരം സുപ്രീംകോടതിയിൽ പ്രത്യേകാനുമതി അപ്പീലിനപേക്ഷിക്കുകയും 1952 ഏപ്രിൽ 14-ാം തീയതി അപ്പീലനുമതി ലഭിക്കുകയും ചെയ്തു. ഇതഃപര്യന്തം വ്യവഹാരത്തിൽ അടിക്കടി തോൽവി ഭവിച്ചുകൊണ്ടിരുന്നതിനാൽ സഭാന്തരീക്ഷത്തിൽ പൊതുവേ നിരാശ നിഴലിക്കുകയും സഭാമക്കൾ നിർവീര്യരാകുകയും ചെയ്തിരുന്നു. ഈ പതനത്തിൽ സഭയിൽ ഒരു ആദ്ധ്യാത്മിക ഉണർവും വീറും ഉദ്ദീപിപ്പിക്കുവാനായി സഭാകേന്ദ്രത്തിൽ നിന്നു രൂപവത്ക്കരിച്ച പദ്ധതികളുടെ നടത്തിപ്പിനു നേതൃത്വം നൽകുവാൻ എനിക്ക് അവസരം ലഭിച്ചു. മലങ്കരസഭാമാസിക, ചർച്ച് വീക്കിലി എന്നീ ആനുകാലിക പ്രസിദ്ധീകരങ്ങളുടെ പത്രാധിപസംഘത്തിൽ അംഗമായി പ്രവർത്തിച്ച് സഭാസംബന്ധമായ അനേകം ലേഖനങ്ങൾ എഴുതുകയും കൂടാതെ സഭാസേവകൻ എന്ന വാരിക 1950 ഏപ്രിൽ ഇസഡ്. എം. പാറേട്ടിന്റെ പ്രധാന ചുമതലയിൽ ആരംഭിച്ചപ്പോൾ അതിന്റെ സഹപത്രാധിപർ എന്ന നിലയിൽ എതിർഭാഗത്തെ ജിഹ്വയായ സഭാചന്ദ്രികയുടെ പത്രാധിപരായിരുന്ന കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായുമായി ഭിന്നാഭിപ്രായമുള്ള വിഷയങ്ങളിൽ കാതോലിക്കാഭാഗത്തിനനുകൂലമായി സംവാദത്തിലേർപ്പെട്ട് കാതോലിക്കാഭാഗത്തിന്റെ നിലപാടിലെ സത്യവും നീതിയും നിയമസാധുതയും സഭാംഗങ്ങളുടെ മുമ്പാകെ വെളിപ്പെടുത്തപ്പെടുകയും, തൽഫലമായി സഭാമക്കളുടെ ഐക്യദാർഢ്യം സഫലീഭവിക്കുകയും ചെയ്തു. ഇപ്രകാരം സഭാംഗങ്ങളെ ബുദ്ധിപരമായും വൈകാരികമായും സുസ്ഥിരമാക്കികൊണ്ടിരുന്ന അവസരത്തിലായിരുന്നു റിവ്യൂഹർജ്ജി തള്ളിക്കളഞ്ഞുകൊണ്ടുള്ള തിരു-കൊച്ചി ഹൈക്കോടതിയുടെ എത്രയും നിരാശാജനകമായ വിധിയുടെ കനത്ത ആഘാതം സഭാഗാത്രത്തിന്മേൽ പതിച്ചത് എന്ന വസ്തുതയാണു സഭാമക്കൾ ഭഗ്നാശരാകാതെ കൂറും, സഹനശക്തിയും, വിശ്വസ്തതയും അഭംഗുരം പാലിച്ച് സത്യസഭയിൽ ഉറച്ചുനിൽക്കുവാൻ അവരെ

പ്രാപ്തരാക്കിയത്. ആ സമയം പ.കാതോലിക്കാ ബാവാ തിരുമേനി ഉത്തരേന്ത്യൻ പര്യടനത്തിലായിരുന്നു. കൽക്കട്ടായിൽ വച്ച് കേസ്സ് തോറ്റതായി അറിഞ്ഞ പ. ബാവാ തിരുമേനി ഉടൻതന്നെ അയച്ച കമ്പിസന്ദേശം ഇപ്രകാരമായിരുന്നു: 'ദുഃഖവെള്ളിയാഴ്ച സത്യത്തെ കുരിശിൽ തറച്ചു. ഞായറാഴ്ച താൻ ഉയിർത്തെഴുന്നേറ്റു.' കേസ്സ് വിധിച്ചത് ഒരു വെള്ളിയാഴ്ചയായിരുന്നു. തിരുമേനിയുടെ സന്ദേശത്തിൽ സുനിശ്ചിതമായി മുന്നറിയിച്ചിരുന്ന പ്രകാരം 1958 സെപ്റ്റംബർ 12-ാം തീയതിയിലെ സുപ്രീംകോടതിയുടെ വിധിയുടെ ഫലമായി സത്യം ഉയിർത്തെഴുന്നേല്ക്കുകയും പ്രസ്തുത പ്രവചനം നിറവേറുകയും ചെയ്തുവെന്ന പിൽക്കാലസംഭവം സാന്ദർഭികമായി ഇവിടെ സൂചിപ്പിപ്പിക്കുകമാത്രം ചെയ്യുന്നു.

**രണ്ടാം കുനൻകുരിശുസത്യം**

പ്രതികൂലമായ വിധി അറിഞ്ഞ തിരുമേനി ഉടൻ നാട്ടിലേക്ക് തിരിച്ചു. മടക്കയാത്രയിൽ സംസ്ഥാനത്തിൽ പ്രവേശിച്ച ശേഷം അടൂർ മുതൽ കോട്ടയം വരെ പ. ബാവാ തിരുമേനിക്ക് ലഭിച്ച വരവേല്പ് വർണ്ണോജ്ജ്വലവും, പ്രൗഢഗംഭീരവും തികച്ചും അഭൂതപൂർവ്വവുമായിരുന്നു. നാനാപ്രകാരേണയും ഒരു രാജകീയ ജൈത്രയാത്രയുടെ പ്രതീതീ ജനിപ്പിക്കുന്ന ആ വരവേല്പ് സഭാചരിത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. തോൽവിയെ വിജയമാക്കി രൂപാന്തരപ്പെടുത്തിയ ആ മഹാസംഭവത്തെക്കുറിച്ച് അന്ന് ശെമ്മാശ്ശനായിരുന്ന നമ്മുടെ മക്കാറിയോസ് മെത്രാപ്പോലീത്താ 1986 ആഗസ്റ്റിലെ മലങ്കരസഭാമാസികയിൽ 'സത്യപ്രതിജ്ഞയ്ക്കു പിമ്പിൽ' എന്ന ശീർഷകത്തിൽ എത്രയും ഹൃദയസ്പർശിയായ രീതിയിൽ വിവരിച്ചിട്ടുണ്ട്. അതിലെ പ്രസക്തമായ ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. 'കോട്ടയത്ത് നമ്മുടെ വൈദിക സെമ്മിനാരിയിൽ (അന്ന് എം. ഡി. സെമിനാരി) ഞാൻ ഒരു നാലാം വർഷ വിദ്യാർത്ഥിയായിരുന്നു. ശെമ്മാശ് പട്ടമേറ്റിട്ട് ഏതാനും മാസങ്ങളെ ആയിരുന്നുള്ളു. 1951-ലെ ക്രിസ്തുമസ് അവധിക്ക് ഡിസംബർ 21-ാം തീയതി ... വീട്ടിലേക്കുള്ള യാത്രയ്ക്ക് ഞങ്ങളെല്ലാവരും തയ്യാറായി കഴിഞ്ഞ ശേഷമാണ് .. വിതയത്തിലിന്റെ വിധിയെന്നറിയപ്പെടുന്ന കേരള ഹൈക്കോടതി (യഥാർത്ഥത്തിൽ തിരുകൊച്ചി ഹൈക്കോടതി വിധിയുടെ) വിവരങ്ങൾ മനോമരമയിൽ ലഭിച്ചത്. അവിടെ നിന്നും അന്ന് വൈദികസെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന വി. കെ. മാത്യൂസ് റമ്പാനെ (ഇപ്പോഴത്തെ പ. കാതോലിക്കാബാവാതിരുമേനി) അറിയിക്കുകയും ചെയ്തു. .... വെള്ളിടി വെട്ടിയതുപോലെയുള്ള അനുഭവമായിരുന്നു അത്. ...' അനന്തരം ശെമ്മാശ്ശൻ എന്റെ നിർദ്ദേശപ്രകാരം പഴയസെമിനാരിയിലേയ്ക്കു പോയ കാര്യങ്ങൾ വിവരിച്ച ശേഷം ഇപ്രകാരം തുടരുന്നു. 'പഴയസെമിനാരിയിലെത്തി മാനേജരച്ചനെയും (ഫാ. റ്റി. സി. ജേക്കബ്) മണലിലച്ചനെയും (മണലിൽ യാക്കോബ് കത്തനാർ) കണ്ട് സംസാരിച്ചു. അടുത്ത ദിവസം തന്നെ പഴയസെമിനാരിയിൽ ഒരു നേതൃസമ്മേളനം കൂടണമെന്നും, അതിന് വി. കെ. മാത്യൂസ് റമ്പാൻ നേതൃത്വം നൽകണമെന്നും പൊതുവെ അഭിപ്രായമുള്ളതായി അവരിൽ നിന്നു ഗ്രഹിക്കുകയും എം. ഡി. സെമിനാരിയിൽ മടങ്ങിച്ചെന്ന് ആ വിവരം റമ്പാച്ചനെ ധരിപ്പിക്കുകയും ചെയ്തു. അടുത്ത ദിവസംതന്നെ നേതൃസമ്മേളനം പഴയസെമിനാരിയിൽ വച്ച് റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. കൽക്കട്ടയിൽ നിന്നു മടങ്ങിയെത്തുന്ന പ. ബാവാതിരുമേനിക്ക് ആയിരം കാറുകളുടെ അകമ്പടിയോടെ കൊട്ടാരക്കര നിന്നു കോട്ടയത്തേയ്ക്ക് ഒരു സ്വീകരണം നല്കണമെന്നും, തിരുമേനി തിരിച്ചെഴുന്നള്ളു മ്പോൾ താമസത്തിന് മനോഹരമായ പുതിയ അരമനകെട്ടിടം ഉണ്ടാക്കണമെന്നും തീരുമാനിച്ചു. .... മേൽപ്പറഞ്ഞ വൻകാര്യങ്ങളെല്ലാം സാധിതപ്രായമാകുന്നതിന് ഏതാനും ദിവസങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. തോറ്റ് നിലംപരിശായി വീണെന്നു കരുതിയിരുന്ന ഒരു സമുദായം ഇതെങ്ങനെ സാധിക്കുവാൻ പോകുന്നുവെന്ന് പലരും സംശയിച്ചു. പക്ഷെ വി. കെ. മാത്യൂസ് റമ്പാച്ചന്റെ സുധീരമായ നേതൃത്വവും ആത്മധൈര്യവും പരാജയബോധത്തിന്റെ നിദ്രയിൽ നിന്നു സഭാംഗങ്ങളെ തട്ടിയുണർത്തി. തളർന്നുപോയെന്നു വിചാരിച്ചിരുന്ന സിരകളിൽ അദ്ദേഹം വിശ്വാസത്തിന്റെയും ധീരതയുടെയും ആത്മവീര്യം കുത്തിവച്ചു. അത് സഭാംഗങ്ങളെ പ്രബുദ്ധരാക്കി. ... ബാവായുടെ കൽക്കട്ടായിൽ നിന്നുള്ള ആഗമനദിനം അടുത്തുവരുംതോറും തങ്ങളുടെ എല്ലാമായിരുന്ന ആ പുണ്യപുരുഷന് കേരളം അതുവരെ ദർശിച്ചിട്ടില്ലാതിരുന്ന വമ്പിച്ച സ്വീകരണം നൽകുന്നതിനുള്ള വ്യാപകമായ ഒരുക്കങ്ങൾ നാടെങ്ങും ആരംഭിച്ചുകഴിഞ്ഞിരുന്നു. കൊട്ടാരക്കര മുതൽ കോട്ടയം വരെയുള്ള രാജവീഥികൾ തോരണങ്ങളുടെയും കമാനങ്ങളുടെയും അലങ്കാരങ്ങളുടെയും പ്രളയമായി മാറിക്കഴിഞ്ഞിരുന്നു. സമ്മേളത്തിന് മാർ ഏലിയാ ചാപ്പലിന്റെ (ഇന്ന് ഏലീയാ കത്തീഡ്രൽ) മുൻവശത്തുള്ള മൈതാനം സജ്ജമാക്കുന്നതിന് കോട്ടയത്തുള്ള യുവജനങ്ങൾ ചുറുചുറുക്കോടെ അദ്ധ്വാനിച്ചു. ഈ ഒരുക്കങ്ങളെപ്പറ്റി ദിനംതോറും മനോരമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഔദ്യോഗികപ്രസ്താവനകളും വാർത്തകളും ജനങ്ങൾക്ക് ആവേശം പകർന്നു കൊടുത്തു. വട്ടക്കുന്നേൽ മാത്യൂസ് റമ്പാച്ചന്റെ നിർദ്ദേശപ്രകാരം മേല്പറഞ്ഞ വാർത്തകളും പ്രസ്താവനങ്ങളും എഴുതിയുണ്ടാക്കി എല്ലാ ദിവസവും സന്ധ്യയ്ക്ക് മനോരമയിൽ പോയി കെ. സി. മാമ്മൻ മാപ്പിളയെ വായിച്ചു കേൾപ്പിച്ച് അംഗീകാരം വാങ്ങി പ്രസ്സിൽ കൊടുക്കുന്ന ചുമതല എന്നിൽ

തന്നെയാണ് വന്നു ചേർന്നത്. ... സ്വീകരണത്തിന്റെ തലേ രാത്രി റമ്പാച്ചൻ എന്നെ വിളിച്ച് സ്വീകരണസമ്മേളനത്തിൽ സംബന്ധിക്കുന്ന ജനലക്ഷങ്ങൾ ഏറ്റു ചൊല്ലുന്നതിന് ഒരു സത്യപ്രതിജ്ഞാവാചകം എഴുതിയുണ്ടാക്കണമെന്നാവശ്യപ്പെട്ടു. ... സത്യപ്രതിജ്ഞാവാചകം പലവുരു എഴുതി റമ്പാച്ചനെ വായിച്ചു കേൾപ്പിച്ച് മാറ്റങ്ങളും തിരുത്തലുകളും വരുത്തി അവസാനരൂപം കൊടുത്തു കഴിഞ്ഞപ്പോഴേക്കും രാത്രിയുടെ മദ്ധ്യയാമം കഴിഞ്ഞിരുന്നു. ... 'ഓർത്തഡോക്സ് സഭയുടെ ചൈതന്യം ജ്വലിക്കുന്നു' എന്ന് അടുത്ത ദിവസത്തെ പത്രങ്ങൾ വിശേഷിപ്പിച്ച അടൂർ മുതലുള്ള സ്വീകരണഘോഷയാത്ര കോട്ടയത്തെത്തിയപ്പോഴേക്കും എം. ഡി. സെമിനാരിയും പരിസരങ്ങളും ഒരു മനുഷ്യമഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. പ്രതിജ്ഞാവാചകം വായിക്കുന്നതിനുള്ള സമയം, രണ്ടാം കുനൻകുരിശുസത്യപ്രതിജ്ഞയെന്ന് വിഖ്യാതി സമ്പാദിച്ച താഴെ പറയുന്ന സത്യപ്രതിജ്ഞ റമ്പാച്ചൻ ചൊല്ലിക്കൊടുക്കുകയും ജനലക്ഷങ്ങൾ എഴുന്നേറ്റു നിന്ന് അത് ഉറച്ചശബ്ദത്തിൽ ഏറ്റുചൊല്ലുകയും ചെയ്തു.'മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ആവർത്തിച്ച് പ്രഖ്യാപനം ചെയ്യുകയും, ആ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷചിഹ്നമായ പരിശുദ്ധ കതോലിക്കാസിംഹാസനത്തിന്റെ കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്തതികളും എന്നാളും നിലനിൽക്കുന്നതാണെന്ന് ദൈവതിരുമുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു.' ആ മനുഷ്യമഹാസമുദ്രം 1951 ഡിസംബർ 31-ാം തീയതി ഞാൻ ചൊല്ലിക്കൊടുത്ത പ്രകാരം പ്രതിജ്ഞാവാചകം ഏറ്റുചൊല്ലുകയും അന്നേക്ക് ഏകദേശം 300 വർഷങ്ങൾക്കു മുമ്പ് 1653-ൽ നടന്ന ഒന്നാം കൂനൻകുരിശുസത്യത്തിന് സമാനമായ മറ്റൊരു സർവ്വജന സത്യപ്രതിജ്ഞയായി ഈ മഹാസംഭവത്തിന് സഭാചരിത്രത്തിൽ സ്ഥാനം ലഭിക്കുകയും ചെയ്തു. അന്ന് ശെമ്മാശ്ശനായിരുന്ന നമ്മുടെ മക്കാറിയോസ് മെത്രാച്ചന്റെ ലേഖനത്തിൽ വികാരോജ്ജ്വലമായി വിവരിച്ചിരിക്കുന്ന പ്രകാരം സമുദായക്കേസ്സിൽ പരാജയത്തിന്റെ കനത്ത ആഘാതമേറ്റ് ചിന്താകുലരായിരുന്ന സഭാംഗങ്ങൾക്ക് ഉണർവും ഉത്സാഹവും നല്കി സത്യവിശ്വസത്തിൽ ഉറച്ചുനില്ക്കുവാൻ തക്കവണ്ണം പ്രതിജ്ഞാബദ്ധരാക്കിയ പ്രകിയയുടെ നേതൃത്വം വഹിക്കുവാനായി ദൈവംതമ്പുരാൻ അന്ന് റമ്പാനായിരുന്ന എന്നെ നിയോഗിച്ച സമയം, പ്രസ്തുത കേസ്സിന്റെ അന്തിമവിധിയിൽകൂടി സഭയ്ക്കു ലഭിച്ച നിർണ്ണായകമായ വിജയത്തെ തുടർന്ന് നടന്ന സമാധാനലോചനകളിലും അനന്തര സംഭവവികാസങ്ങളിലും സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നതിനും സർവ്വോപരി അവയുടെയെല്ലാം പരിണതഫലമായി നടന്ന സഭാകേസ്സ് വമ്പിച്ച വിജയത്തിലേക്ക് സഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തുനിന്നു നയിച്ചുകൊണ്ട് പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം, പ. സൂന്നഹദോസ്, സഭയുടെ ഭരണഘടന, മലങ്കര അസ്സോസിയേഷൻ എന്നിവയുടെ അനിഷേദ്ധ്യമായ നിയമസാധ്യത സുസ്ഥിരമാക്കുന്നതിനുമായി തിരുവുള്ളം പ്രസാദിച്ച് എന്നെ തന്നെ തെരഞ്ഞെടുക്കുന്നതിന്റെ മുന്നറിയിപ്പായിരുന്നുവെന്ന് എനിക്കോ അതിൽ പങ്കെടുത്ത മറ്റാക്കെർങ്കിലുമോ അറിയാമായിരുന്നില്ല.

**ദേവലോകം അരമനയുടെ ആരംഭം**

വ്യവഹാരത്തിലുണ്ടായ വിപര്യാസം മുൻനിർത്തി പ. കാതോലിക്കാബാവായ്ക്ക് തന്റെ സ്ഥാനോചിതമായ മാന്യതയും മഹിമയും നിലനിർത്തിക്കൊണ്ട് അധിവസിക്കുന്നതിനനുയോജ്യമായ ഒരു പുതിയ അരമന സജ്ജമാക്കേണ്ടതാണെന്ന് സഭാംഗങ്ങൾക്ക് ബോദ്ധ്യമായതിനാൽ, അതിലേക്കുള്ള പ്രയത്നം സത്വരം ആരംഭിച്ചു. ഇതിനായി മുൻകൈ എടുത്തു പ്രവർത്തിച്ചത് യശഃശരീരനായ കെ. സി. മാമ്മൻ മാപ്പിളയാണ്. അരമനയ്ക്കു വേണ്ടിയുള്ള പണപ്പിരിവിൽ അദ്ദേഹം നേതൃത്വം വഹിച്ചത് എന്റെ നിർബ്ബന്ധപ്രകാരമായിരുന്നു. അദ്ദേഹത്തിന് എന്നോടുണ്ടായിരുന്ന അതീവതാല്പര്യം മുകളിൽ 163-ാം പേജിൽ വിവരിച്ചിട്ടുണ്ട്. ദേവലോകം അരമന സ്ഥിതി ചെയ്യുന്ന പുരയിടത്തിന്റെ ഉടമ ഒരു മി. കെ. എം. ഏബ്രഹാമായിരുന്നു. ഒരു ലക്ഷം രൂപയ്ക്ക് ആ പുരയിടം വാങ്ങുന്നതിനായി കെ. എം. ഏബ്രഹാമും കെ. സി. മാമ്മൻ മാപ്പിളയും തമ്മിൽ ചർച്ച ചെയ്ത് അന്യോന്യം വാക്കു കൊടുക്കുകയും അതിൻപ്രകാരം വസ്തു അരമനയ്ക്കായി വാങ്ങുകയും ചെയ്തു. താമസിയാതെ 1952-ൽ പ. കാതോലിക്കാബാവാ ദേവലോകം അരമനയിലേക്കു താമസം മാറ്റുകയും അതോടെ പരമ്പരാഗതമായി മലങ്കര മെത്രാപ്പോലീത്താമാരുടെ ആസ്ഥാനമായിരുന്ന പഴയസെമിനാരിക്ക് പകരം പൗരസ്ത്യകാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമെന്ന അത്യുന്നതസ്ഥാനങ്ങൾ സംയുക്തമായി സമ്മേളിച്ച് 1934 മുതൽ സഭയിൽ ആവിർഭവിച്ചിരുന്ന പരമോന്നതസ്ഥാനീയന് അനുയോജ്യമായ ഒരു ആസ്ഥാനമണ്ഡപം ഉരുത്തിരിയുകയും ചെയ്തു.

**തലക്കുളത്ത് ടി. സി. ജേക്കബ് കത്തനാർ**

വട്ടശ്ശേരി തിരുമേനിയുടെ സഹായകനായിരുന്ന മണലിൽ യാക്കോബ് കത്തനാർ അദ്ദേഹത്തിന്റെ സ്വന്തം പള്ളിയായ മാന്തുരുത്തേൽ പള്ളി നടത്തുന്നതിനായി തിരുമേനിയെ വിട്ടുപോയ സമയം, പകരം തലക്കുളത്ത് ടി. സി. ജേക്കബ് കത്തനാരെയാണ് പഴയ സെമിനാരി മാനേജരായി നിയമിച്ചത്. ബാവാ

പഴയസെമിനാരിയിൽ നിന്നു ദേവലോകത്തേക്ക് താമസം മാറിയപ്പോൾ മാനേജർ കത്തനാരും അങ്ങോട്ടു മാറി. പഴയസെമിനാരിയുടെ ചാർജ്ജു വഹിച്ചുകൊണ്ടിരുന്നപ്പോൾ ചെയ്തിരുന്നതുപോലെതന്നെ അദ്ദേഹം ദേവലോകം അരമനയുടെ മാനേജർസ്ഥാനത്തും തികച്ചും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അച്ചന് എന്നോട് പ്രത്യേകം താല്പര്യമുണ്ടായിരുന്നു. ഞാൻ അയ്മേനിയായിരുന്ന കാലത്തുപോലും പഴയസെമിനാരിയിൽ ചെല്ലുമ്പോൾ അദ്ദേഹം ഒരു ബിഷപ്പിനെയെന്നപോലെയാണ് എന്നെ സ്വീകരിച്ചിരുന്നത്. അതേ സ്വീകരണരീതിതന്നെ കശ്ശീശയും മെത്രാനുമായ ശേഷവും ദേവലോകത്ത് ചെല്ലുമ്പോൾ തുടർന്നിരുന്നു. കുറെനാൾ കഴിഞ്ഞ് മാനേജരായി തുടരുവാനുള്ള പ്രയാസം അച്ചൻ എഴുതി അറിയിച്ചു. സ്വന്തം ഇടവകയായ ചീരംപാറ സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ച് അച്ചൻ ഒരു സ്കൂൾ തുടങ്ങിയിരുന്നുവെങ്കിലും അദ്ദേഹം തുടർച്ചയായി അവിടെ താമസിച്ചിരുന്നില്ല. ഒരിക്കൽ അച്ചൻ എറണാകുളത്തു വന്ന് കേസ്സ് കേട്ട ശേഷം ദേവലോകത്ത് വന്ന സമയം പെട്ടെന്ന് അസുഖം ബാധിക്കുകയും ഒന്ന് രണ്ട് ദിവസങ്ങൾക്കകം അദ്ദേഹം ദിവംഗതനാകുകയും ചെയ്തു. ചീരംപാറ പള്ളിയിൽതന്നെ അച്ചനെ കബറടക്കി. അച്ചന്റെ ഓർമ്മയ്ക്കായി സ്വന്തം കുടുംബമായ കരിപ്പാൽ കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന തലക്കുളത്ത് കുടുംബക്കാർ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ പള്ളിക്കെട്ടിടത്തിൽ തുടങ്ങുകയും പിന്നീട് വിദ്യാഭ്യാസവകുപ്പിന്റെ നിബന്ധനപ്രകാരം ഒരു സ്കൂൾ കെട്ടിടം പണിയുകയും ചെയ്തു. ഈ സ്കൂൾ പിന്നീട് സഭയ്ക്കായി എഴുതിക്കൊടുത്ത സമയം എന്നെ അതിന്റെ മാനേജരാക്കുകയും, അധികം കുട്ടികൾ ഇല്ലെങ്കിലും എന്റെ മേൽനോട്ടത്തിൽ സ്കൂൾ ഭംഗിയായി നടത്തപ്പെടുകയും ചെയ്തു.

**മെത്രാൻ സ്ഥാനാഭിഷേകം**

സമുദായക്കേസ്സിൽ തിരു-കൊച്ചി ഹൈക്കോടതിയിൽ നിന്നു ലഭിച്ചു കൊണ്ടിരുന്ന വിധിവിപര്യയങ്ങളുടെ വെളിച്ചത്തിൽ സഭാംഗങ്ങൾക്ക് അദ്ധ്യാത്മികവും വൈകാരികവുമായ ഉണർവ്വും ഉന്മേഷവും കൈവരുത്തുവാനായി ഏർപ്പെടുത്തിയ നടപടികളെക്കുറിച്ച് മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവയിൽ പരമ പ്രാധാന്യമർഹിക്കുന്നതു സഭയുടെ സിരാകേന്ദ്രമായ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് ധീരവും സമർത്ഥവുമായ നേതൃത്വം നൽകമാറ് അതിനെ ബലവത്താക്കുകയെന്നതായിരുന്നു. ഈ ഉദ്ദേശ്യം മുൻനിർത്തി 1951-ൽ മലങ്കരമെത്രാപ്പോലീത്താസ്ഥാനം വഹിച്ചിരുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനി മലങ്കര അസ്സോസിയേഷന്റെ ഒരു യോഗം വിളിച്ചുകൂട്ടി. മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുക, മാനേജിംഗ് കമ്മറ്റിയിൽ പുതുതായി അംഗങ്ങളെ ചേർക്കുക, സഭാഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക എന്നിവയായിരുന്നു അതിന്റെ പരിപാടിയിലെ പ്രധാന ഇനങ്ങൾ. യോഗത്തിന്റെ തലേ ദിവസം കൂടിയ മാനേജിംഗ് കമ്മറ്റി മേല്പട്ടസ്ഥാനത്തേയ്ക്ക് അഞ്ചെട്ടു പേരെ നാമനിർദ്ദേശം ചെയ്യണമെന്നു തിരുമാനിച്ചെങ്കിലും, യോഗദിവസം രാവിലെ എന്നെയും ഫാ. പി. ഈ. ദാനിയേലിനെയും മാത്രം നാമനിർദ്ദേശം ചെയ്താൽ മതിയെന്ന് തീരുമാനിച്ചു. ഇവരിരുവരെയും 1951 മെയ് മാസം 17-ാം തീയതി കൂടിയ അസോസിയേഷൻ ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ആ വർഷംതന്നെ സെപ്റ്റംബർ 21-ന് ഇരുവരെയും പ. കാതോലിക്കാബാവാ റമ്പാൻ സ്ഥാനത്തേയ്ക്കുയർത്തി. പിന്നീട് മറ്റു മൂന്നു പേരെ കൂടി തെരഞ്ഞെടുത്ത ശേഷം അഞ്ചു പേർക്കൊരുമിച്ച് മാർ ഏലിയാ ചാപ്പൽ സ്ഥിതി ചെയ്യുന്ന എം. ഡി. സെമിനാരി അങ്കണത്തിൽ പടുത്തുയർത്തിയ സ്ഥാനാരോഹണവേദിയിൽ വച്ച് പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി 1953 മെയ് 15-ാം തീയതി മെത്രാൻപട്ടം നൽകുകയും ഞാൻ മാത്യൂസ് മാർ അത്താനോസ്യോസ് എന്ന സ്ഥാനനാമത്തിൽ അറിയപ്പെടുകയും ചെയ്തു.

**ഉത്കൃഷ്ടമായ ഉത്തരവാദിത്വം**

പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാർക്കു ഭദ്രാസനങ്ങൾ തിരിച്ചുകൊടുക്കുന്നതിനെ പറ്റി ആലോചിച്ചതിൽ, എന്നെ കോട്ടയം ഇടവകയുടെ അസിസ്റ്റന്റായി നിയമിക്കണമെന്നായിരുന്നു ആദ്യം തീരുമാനിച്ചതെങ്കിലും, പിന്നീടതു മാറ്റി പാറേട്ടു മാർ ഈവാനിയോസ് എപ്പിസ്കോപ്പയ്ക്കാണ് ഈ സ്ഥാനം നൽകിയത്. ഇതിൽ ആരുടെയൊക്കെയോ ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കപ്പെട്ടിരുന്നുവെന്ന് അക്കാലത്തു പൊതുവേ ധാരണയുണ്ടായിരുന്നു. പക്ഷേ അതിൽകൂടെയും അതിനുപരിയായും ദൈവംതമ്പുരാന്റെ അദൃശ്യമായ കരങ്ങൾ പ്രവർത്തിച്ച് അപ്രകാരമുള്ള നിഗൂഢപ്രവർത്തകരുടെ ദുരുദ്ദേശ്യങ്ങൾ പരാജയപ്പെടുകയാണ് അന്തിമമായി സംഭവിച്ചത്. ഇപ്രകാരം 1953 മുതൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതല 1960-ൽ എന്നെ ഏല്പിക്കുന്നതുവരെ ഏഴ് സംവത്സരങ്ങളിൽ സാധാരണ ഭദ്രാസനഭരണത്തെക്കാൾ മാഹാത്മ്യമേറിയ ഉത്തരവാദിത്വമാണു പ. ബാവതിരുമേനി എന്നെ വിശ്വസിച്ചേല്പിച്ചത്. ഇതിനു ദൃഷ്ടാന്തമാണ് 1955-ൽ കാതോലിക്കാ ആഫീസിന്റെ മേൽനോട്ടം എന്നെ ഭരമേല്പിച്ചതും, തദ്വാരാ സമുദായത്തിന്റെ ആകമാനമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും

ഭരണകാര്യങ്ങളിൽ സ്വാധീനം ചെലുത്തുവാനുള്ള സൗകര്യം എനിക്കും ലഭിച്ചതും. കൂടാതെ വർക്കിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി, അസോസിയേഷൻ പോലുള്ള കേന്ദ്രീയ ഭരണസംവിധാനഘടങ്ങളുടെ യോഗങ്ങൾ കുടുമ്പോൾ അവയുടെയെല്ലാം പ്രസിഡണ്ടായ ബാവാതിരുമേനിയെ സഹായിക്കുവാൻ എന്നെ നിയോഗിക്കുകയെന്ന കീഴ്വഴക്കം അതിന്റെ ആവർത്തനം മൂലം ഒരു സാധാരണ നടപടിക്രമമായി ഭവിച്ചു. ഇതിൽ ചിലർക്കെല്ലാം നീരസമോ അസൂയയോ ഉള്ളതായി പ്രസിഡണ്ടിനറിയാമായിരുന്നെങ്കിലും അദ്ദേഹം അവയെ അഗണ്യകോടിയിൽ തള്ളിക്കളയുകയും, എന്നെ ഭരമേല്പിക്കുന്ന ചുമതലകൾ ക്രമമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് എനിക്കു പ്രാപ്തി യുണ്ടെന്നുള്ള അദ്ദേഹത്തിന്റെ പരിപൂർണ്ണ ബോധ്യം വെളിപ്പെടുത്തപ്പെടുകയും ചെയ്തു. ഇപ്രകാരം സഭാസമാധാനത്തിനു ശേഷം ആദ്യമായി 1958 ഡിസംബർ 26-ാം തീയതി പുത്തൻകാവിൽ വച്ചു കൂടിയ അസ്സോസിയേഷനിൽ വച്ചു മലങ്കരമെത്രാപ്പോലീത്തായെന്ന നിലയിൽ പ. ബാവാ തിരുമേനി ആദ്ധ്യക്ഷം വഹിച്ചുവെങ്കിലും തിരുമനസ്സിലെ കല്പനപ്രകാരം ആ യോഗം ഞാൻ തന്നെയാണ് ആദ്യന്തം നിയന്ത്രിച്ചത്. ഈ യോഗത്തിൽ വച്ചു മണലിൽ യാക്കോബു കത്തനാർ വൈദികട്രസ്റ്റിയായും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം അത്മായട്രസ്റ്റിയായും തെരഞ്ഞെടുക്കപ്പെട്ടു. ദൃഷ്ടാന്താത്മകമായ ഈ കീഴ്നടപ്പനുസരിച്ച് പിന്നീടു ബാവാതിരുമേനിയുടെ സ്ഥാനത്തു ഞാൻ നിയന്ത്രിക്കേണ്ടിവന്നിട്ടുള്ള യോഗങ്ങളിൽ ചിലത്, ഭരണകാര്യങ്ങളിൽ താൽക്കാലിക ക്രമീകരണങ്ങളേർപ്പെടുത്തുവാനായി 12-1-59, 16-1-59, തീയതികളിൽ കൂടിയ മേല്പട്ടക്കാരുടെ സുഹൃത്സമ്മേളനം, അസംതൃപ്തരായ പാത്രീയർക്കീസ് പക്ഷക്കാരെ സമാധാനപ്പെടുത്തുന്നതിനായി 12-2-59-ൽ കുടിയ നേതൃസമ്മേളനം, 20-2-59-ൽ കൂടിയ മാനേജിംഗ് കമ്മറ്റി, 21-2-59-ൽ കുടിയ സുന്നഹദോസ് 15-9-59-ൽ കൂടിയ മാനേജിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി 16-1-69-ൽ എം. ഡി. സെമ്മിനാരിയിൽ കൂടിയ അസോസിയേഷൻ യോഗം, സഭാപുരോഗമനപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള കമ്മറ്റികളെ നിശ്ചയിക്കുവാനായി 18-2-60-ൽ പഴയ സെമ്മിനാരിയിൽ കൂടിയ പുതിയ മാനേജിംഗ് കമ്മറ്റിയുടെ പ്രഥമയോഗം, പൌലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്ക് എതിരായി ശിക്ഷണനടപടികൾക്കായി 28-4-60, 27-5-60, 7-6-60 തീയതികളിൽ കൂടിയ സൂന്നഹദോസ് എന്നീ യോഗങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. 1959 ജൂലൈ 12-ാം തീയതി പഴയ സെമിനാരിയിൽ വച്ച് പുലിക്കോട്ട് ജോസഫ് മാർ ദീവന്നാസ്യോസ് തീരുമേനിയുടെ ഓർമ്മദിവസം, പ. ഗീവറുഗീസ് ദ്വീതിയൻ കാതോലിക്കാബാവ എന്നെ മെത്രാപ്പോലീത്തായായി അവരോധിച്ചു. കൂടാതെ 28-4-60-ൽ കൂടിയ സുന്നഹദോസ് എന്നെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധിയായി വർക്കിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തു. ആ നിലയിൽ വർക്കിംഗ് കമ്മറ്റിയുടെ ഉപാദ്ധ്യക്ഷസ്ഥാനവും ലഭിച്ചു. അന്നേദിവസം കൂടിയ മാനേജിംഗ് കമ്മറ്റി സഭയുടെ റൂൾ കമ്മറ്റിയുടെ പ്രസിഡണ്ടായി എന്നെ നിയമിച്ചു. കൂടാതെ കാതോലിക്കേറ്റിന്റെ കീഴിലുള്ള സ്കൂളുകൾ ഒരു കോർപ്പറേഷന്റെ കീഴിൽ 1954-ൽ സംവിധാനം ചെയ്തപ്പോൾ അതിലെ മാനേജ്മെന്റ് ബോർഡിന്റെ പ്രസിഡണ്ടായി 14-5-54-ൽ എന്നെ നിയമിച്ചു. ഡിസംബർ 1955 വരെ ഞാൻ ആ ചുമതല വഹിച്ചു. 1958 ഓഗസ്റ്റ് 30-ാം തീയതി പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ മാനേജ്മെന്റിനായി നിയോഗിച്ച സ്പെഷ്യൽ കമ്മറ്റിയുടെ പ്രസിഡണ്ടായി എന്നെ നിയമിച്ചു. ഒരു വർഷം ആ സ്ഥാനത്ത് തുടർന്നു പ്രവർത്തിച്ചു. കാതോലിക്കേറ്റ് ആഫീസ് നടത്തിപ്പിന്റെ ചുമതല നിർവ്വഹണത്തിൽ, കാതോലിക്കാബാവായുടെ കല്പനകൾ, പള്ളികളിലും സഭാസ്ഥാപനങ്ങളിലുമുണ്ടാകുന്ന ഭിന്നതകൾ. സഭാവക ആതുരാലയങ്ങൾ, ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഭരണഘടനാഭേദഗതികൾ, വരവുചിലവ് കണക്കുകൾ മുതലായ കാര്യങ്ങൾ കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് സഭാംഗങ്ങളിൽ പൊതുവെ മതിപ്പും അഭിനന്ദനവും വർദ്ധിച്ചുവന്നു.

**ബാഹ്യകേരള ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ**

ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതല ഏല്ക്കുന്നതിന് മുമ്പുതന്നെ അന്നത്തെ ബാഹ്യകേരള ഭദ്രാസനമെത്രാപ്പോലീത്തായായിരുന്ന മാർ തേവോദോസ്യോസ് തിരുമേനിയുടെ അഭ്യർത്ഥനപ്രകാരം ഞാൻ വിദേശത്തുള്ള ഇടവകകൾ സന്ദർശിച്ച് അവയ്ക്ക് ഉത്തേജനം നല്കിയിട്ടുണ്ട്. ഇപ്രകാരം 1958 മാർച്ച് 23 മുതൽ 31 വരെ മലേഷ്യയിലുള്ള ഇടവകകൾ സന്ദർശിച്ച് ഓശാന ഞായറാഴ്ച സിംഗപുരിലും, ഹാശായാഴ്ച കോലാലംപൂരിലും വിശുദ്ധവാരശുശ്രൂഷകൾ നടത്തി. ഏപ്രിൽ 19, 20 തീയതികളിൽ കോലാലംപൂരിൽ സെന്റ് മേരീസ് പള്ളിയുടെ കല്ലിടീൽകർമ്മം നടത്തി. മെയ് 25 പെന്തിക്കോസ്തി ഞായറാഴ്ച സിംഗപ്പൂർ സെന്റ് മേരീസ് പള്ളിയുടെ കല്ലിടീൽശുശ്രൂഷ നടത്തി. മെയ് 31-ന് തിരികെ യാത്ര ചെയ്ത് ജൂൺ 3-ാം തീയതി നാട്ടിൽ വന്നു ചേർന്നു.

പിന്നീട് രണ്ടു വർഷങ്ങൾക്കു ശേഷം ഈ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത അനാരോഗ്യം മൂലം തൽസ്ഥാനം രാജി വയ്ക്കുകയാൽ, പ.

ബാവാതിരുമേനി 1960 സെപ്തംബർ 23-ാം തീയതിയിലെ കല്പനപ്രകാരം എന്നെ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിച്ചു. ഈസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ട് സഭയ്ക്ക് ഒരു അഖിലഭാരതീയ കാഴ്ചപ്പാടും സഭയുടെ പ്രവർത്തനങ്ങൾക്ക് ഒരു വിശാല ഭാരതീയ അഭിവിന്യാസവും പ്രദാനം ചെയ്യുവാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്. ഈദൃശ പദ്ധതികളുടെ നടത്തിപ്പിനായി ഭാരതത്തിൽ പല സ്ഥലങ്ങളിലും നൂതന സഭാകേന്ദ്രങ്ങളും ഇതര പ്രവർത്തനരംഗങ്ങളും വികസിപ്പിച്ചെടുത്തിട്ടുണ്ട്.1963-ൽ എന്റെ മെത്രാൻസ്ഥാനാഭിഷേകത്തിന്റെ ദശകപൂർത്തിസ്മാരകാഘോഷം സംബന്ധിച്ച് ബാഹ്യകേരള ഭദ്രാസനത്തിന്റെ വാർഷികസമ്മേളനത്തിൽ വച്ച് 1963 മെയ് 16-ാം തീയതി നിശ്ചയിച്ച പ്രകാരം ദക്ഷിണകാനാറാപ്രദേശങ്ങളിലെ അവികസിത ഇടവകകളുടെ ഉന്നമനം ലാക്കാക്കി, പതിനായിരം രൂപയുടെ ഒരു കാനാറാഫണ്ട് ശേഖരിച്ച് സഹായധനം നല്കുകയുണ്ടായി.1965-ൽ വൈദികസെമിനാരി 150 വർഷം പൂർത്തിയാക്കിയ അവസരത്തിൽ നടത്തിയ ജൂബിലിയാഘോഷങ്ങളിൽ പല സഭകളുടെയും പ്രതിനിധികൾ സംബന്ധിച്ചിരുന്നു. അടുത്ത ഒരു വർഷവും കൂടി ഞാൻ അതിന്റെ പ്രിൻസിപ്പലായി തുടർന്നു. അക്കാലത്ത് റോമാനഗരത്തിൽ നടന്നുക്കൊണ്ടിരുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സ്മാരകസൂചകമായി പ്രിൻസിപ്പൽ എന്ന നിലയിലിൽ മാർപാപ്പ ഒരു മെഡലും ശൃംഖലയും അദ്ദേഹത്തിന്റെ സ്ഥാനാപതിയിൽ കൂടെ എനിക്കു സമ്മാനിക്കുകയുണ്ടായി.1965 മാർച്ച് മാസത്തിൽ മാർ ഔഗേൻ കാതോലിക്കാ ബാവാ മോസലിൽ നിന്നും എഴുന്നള്ളിച്ചു കൊണ്ടുവന്ന മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾക്ക് സമുചിതമായ സ്വീകരണം സംഘടിപ്പിച്ചു.1966-ൽ അറേബിയൻ ഗൾഫ് രാജ്യങ്ങളിലേക്ക് ഒരു പര്യടനത്തിന് പുറപ്പെടുകയും തത്സമയം യെറുശലേം, ദമസ്കോസ്, ലബനോൻ ആദിയായ സ്ഥലങ്ങൾ സന്ദർശിക്കുകയും ദമസ്കോസിൽ വച്ചു പാത്രിയർക്കീസ് യാക്കൂബ് തൃതീയനുമായി കുടിക്കാഴ്ച നടത്തുകയും ചെയ്തു. 1967 മാർച്ച് 27-ാം തീയതി എന്റെ ഷഷ്ടിപൂർത്തി സമുചിതമായി ആഘോഷിക്കപ്പെട്ടു. തത്സംബന്ധമായി, 1967 മെയ് 16-ാം തീയതി കൂടിയ ബാഹ്യകേരള ഭദ്രസനത്തിന്റെ വാർഷികസമ്മേളനത്തിൽ വച്ച് ഭാവുകങ്ങളും ഉപഹാരങ്ങളും ജൂബിലേറിയൻ മുമ്പാകെ സമർപ്പിക്കപ്പെട്ടു. 1968 ഓഗസ്റ്റ് 2-ാം തീയതി സ്ലീബാദാസ സമൂഹത്തിന്റെ പ്രസിഡന്റായും 1968 സെപ്തംബർ 4-ാം തീയതി കാതോലിക്കേറ്റ് സ്കൂളുകളുടെയും എം. ഡി. സ്കൂളുകളുടെയും കോർപ്പറേറ്റ് മാനേജരായും ഞാൻ നിയമിക്കപ്പെട്ടു.1970 ഡിസംബർ 31-ാം തീയതി മാർ ഔഗേൻ കാതോലിക്കാ ബാവായുടെ പിൻഗാമിയെ തെരഞ്ഞെടുക്കുവാനായി കൂടിയ അസോസിയേഷൻ യോഗം സർവ്വസമ്മതമായ അഭിപ്രായ ഐക്യത്തോടുകൂടി എന്നെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. 1971 ഒക്ടോബർ 27-ാംതീയതി പൂർത്തിയായ എന്റെ പൗരോഹിത്യ സ്ഥാനലബ്ധിയുടെ രജതജൂബിലിയാഘോഷം സംബന്ധിച്ച് 1972 മെയ് മാസത്തിൽ നടത്തിയ ബാഹ്യകേരള ഭദ്രാസനത്തിന്റെ വാർഷികസമ്മേളനത്തിൽ വച്ച് ഒരു പണക്കിഴി സമ്മാനിക്കപ്പെട്ടു. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമശതാബ്ദി ദിനമായ 1972 ജൂലൈ മുന്നാം തീയതി ബാഹ്യകേരള ഭദ്രാസനത്തിന്റെ മിഷ്യനറികേന്ദ്രം ഭീലായിയിൽ ആരംഭിച്ചു. 1972 ഒക്ടോബറിൽ മലങ്കരസഭാഭരണഘടന ഞാൻ ഇംഗ്ലീഷിൽ തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തി.

**മലങ്കരമെത്രാപ്പോലീത്തായും പൗരസ്ത്യകാതോലിക്കായും**

1975 സെപ്റ്റംബർ 24-ാം തീയതി പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ അദ്ദേഹത്തിന്റെ മലങ്കരമെത്രാപ്പോലീത്താസ്ഥാനം രാജി വച്ചപ്പോൾ ഞാൻ മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനമേറ്റു. തുടർന്ന് 1975 ഒക്ടോബർ 27-ാം തീയതി ഔഗേൻ ബാവാ തന്റെ കാതോലിക്കാസ്ഥാനവും രാജി വച്ചപ്പോൾ ഞാൻ പൌരസ്ത്യകാതോലിക്കായായി അവരോധിക്കപ്പെട്ടു. തദവസരത്തിൽ സൂന്നഹദോസിനും സഭാംഗങ്ങൾക്കും വേണ്ടി നടത്തിയ അനുമോദനപ്രസംഗത്തിൽ അന്ന് കൊല്ലം ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഇപ്രകാരം പറഞ്ഞു: 'സഭയുടെ പരമോന്നതസ്ഥാനത്തേക്ക് ഇന്ന് ഉയർത്തപ്പെട്ടിരിക്കുന്ന അത്താനാസ്യോസ് മെത്രാപ്പോലീത്താ, ജ്ഞാനം കൊണ്ടും സാമർത്ഥ്യം കൊണ്ടും ഭരണതന്ത്രജ്ഞത കൊണ്ടും സമുന്നതനാണ്. വി. സൂന്നഹദോസ് തെരഞ്ഞെടുത്ത് ഈസ്ഥാനത്തേക്കുയർത്തപ്പെട്ട അദ്ദേഹത്തെക്കാൾ ഈ സ്ഥാനത്തിനർഹനില്ല. സൂന്നഹദോസ് അഞ്ചു നിമിഷം കൊണ്ട് ഇദ്ദേഹമാണ് ഈ സ്ഥാനത്തേയ്ക്ക് യോഗ്യൻ എന്നു തീരുമാനിച്ചു. എല്ലാവരും ഇദ്ദേഹമാണിതിനു യോഗ്യൻ എന്നു പ്രഖ്യാപിച്ചു....' എന്റെ മറുപടിപ്രസംഗത്തിൽ നിന്നു പ്രസക്തമായ രണ്ടു ഭാഗങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു. തിരുസഭയുടെ പ്രധാന ഇടയനെന്ന നിലയിലുള്ള എന്റെ മനോഭാവവും സമീപനവും വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'മാർതോമ്മാ ശ്ലീഹാ തന്റെ മജ്ജയും മാംസവും ഈ മണ്ണിൽ വീഴ്ത്തി വളർത്തിയെടുത്ത പൗരാണികമായ ഈ ക്രൈസ്തവസഭയുടെ പ്രധാന നേതൃസ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ദൈവതിരുമുമ്പാകെ പൂർണ്ണമായി സമർപ്പിച്ചും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ പൂർണ്ണമായി ആശ്രയിച്ചും കാതോലിക്കായും

മലങ്കരമെത്രാപ്പോലീത്തായും എന്ന നിലകളിലുള്ള അതിഗൗരവമായ ചുമതലകൾ ഞാൻ ഏറ്റവും വിനീതതനായി ഏറ്റെടുക്കുകയാണ്. കടന്നുപോയ പിതാക്കന്മാരുടെ മദ്ധ്യസ്ഥത എപ്പോഴും എനിക്കായി ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.' കൂടാതെ എന്റെ മുൻഗാമിയായ ഔഗേൻ ബാവായെക്കുറിച്ച് ഞാൻ ഇപ്രകാരം പറഞ്ഞു: 'നമ്മുടെ പരിശുദ്ധ പിതാവായ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമേനി പിതാക്കന്മാരുടെ പിതാവെന്ന നാമം അന്വർത്ഥമാക്കിയിരിക്കുകയാണ്. 92 വയസ്സു കഴിഞ്ഞ പ. ബാവാ മലങ്കരസഭയിലുണ്ടായിട്ടുള്ള എല്ലാ മേല്പട്ടക്കാരെക്കാൾ കൂടുതൽ വർഷം ജീവിച്ചിരിക്കുന്നയാളാണ്. ... കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും സ്ഥാനം ഞാൻ ഏറ്റെടുത്തെങ്കിലും പരിശുദ്ധ ബാവായെ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ഞാൻ കാണുന്നു. അദ്ദേഹം വലിയ ബാവായാണ്. കാതോലിക്കാ പിതാവാണ്. പിതാക്കന്മാരുടെ പിതാവാണ്. ആ നിലയിൽ അദ്ദേഹത്തെ ബഹുമാനിച്ച് അദ്ദേഹത്തിന്റെ ചേവടികളിൽ തൊട്ടുകൊണ്ടും അദ്ദേഹത്തിന് വിധേയനായും മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനം ഞാൻ ഏറ്റെടുക്കുന്നു. തിരുമനസ്സിലെ ശിഷ്ടായുസ്സ് എല്ലാ വിധത്തിലും അനുഗ്രഹപ്രദമായിരിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണം.' പ. പിതാവിന്റെ അന്ത്യകല്പനയിൽ എന്നെക്കുറിച്ച് പ്രീതിവാത്സല്യത്തോടെ കല്പിച്ചത് ഇപ്രകാരമാണ്: 'നമ്മുടെ പിൻഗാമിയായി പൗരസ്ത്യസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എല്ലാ വിധത്തിലും ആ സിംഹാസനത്തിന് യോഗ്യനാണ്. ഒരുറച്ച വിശ്വാസിയും, അഗാധപണ്ഡിതനായ ഒരു വേദശാസ്ത്രജ്ഞനും, ഭരണനിപുണനും, സഭാനൗകയെ ധീരതയോടെ നയിക്കുന്നതിന് കഴിവുള്ള മഹാപുരോഹിതശ്രേഷ്ഠനുമാണ് അദ്ദേഹം എന്നുള്ളതിൽ രണ്ടു പക്ഷമില്ല. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഭയുടെ ഭാവി സുസ്ഥിരമാണെന്ന് ദൈവത്തിൽ നാം ശരണപ്പെടുന്നു...'

**മേന്മയും അതുല്യതയും**

മുൻഗാമികളുടെ അനുഗ്രഹാശിസ്സുകളുടെ കാര്യത്തിൽ എനിക്കുള്ള ഒരു പ്രത്യേകത, മലങ്കരമെത്രാപ്പോലീത്തന്മാരുടെ ചരിത്രത്തിലേക്കുള്ള ഒരു ത്വരിതാവലോകനത്തിൽ ഡോ. മാത്യൂസ് ഏബ്രഹാം ഇപ്രകാരം ചൂണ്ടി കാണിക്കുന്നു: 'തന്റെ മുൻഗാമി എല്ലാ അനുഗ്രഹാശിസ്സുകളും സ്ഥാനമുദ്രകളും സ്വന്തം കൈകൊണ്ട് ഇദ്ദേഹത്തിന് ദാനം ചെയ്യുകയും തലയിൽ കൈ വച്ച് പൈതൃക വാഴ്വുകൾ നല്കുകയും ചെയ്തതിനാൽ, ആ അസുലഭഭാഗ്യത്തിനും വിശിഷ്ടാനുഭവത്തിനും കാതോലിക്കാമാരുടെ ശൃംഖലയിൽ ഇദ്ദേഹം മാത്രമാണ് അർഹനായത് എന്നുതന്നെ പറയാം. കാരണം ഒന്നാം ശതകം മുതൽ നീണ്ടുനിൽക്കുന്ന കാതോലിക്കേറ്റ് ചരിത്രത്തിൽ മുൻഗാമിയുടെ നേരിട്ടുള്ള അനുഗ്രഹാശിസ്സുകളും സ്ഥാനപദവികളും പ്രാപിച്ച് ഭരണഭാരം ഏറ്റെടുത്തിട്ടുള്ള മറ്റൊരു കാതോലിക്കാ ഉണ്ടായിട്ടില്ല.' ലേഖകൻ തുടരുന്നു: 'ഇദ്ദേഹത്തിനുള്ള മറ്റൊരു മേന്മ, കാതോലിക്കാമാരുടെ മണിമകുടമായിരുന്ന 13-ാം ശതകത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ വേദശാസ്ത്രപണ്ഡിതനും ചരിത്രകാരനും ആയ ബാർ എബ്രായയെപ്പോലെ പണ്ഡിതാഗ്രേസരനും വിശ്വാസധീരനും ആണ് എന്നുള്ളതാണ്. എതിർകൊടുങ്കാറ്റുകളിൽ ഇളകാതെ പാറ പോലെ ഉറച്ചു നില്ക്കുന്ന ഇദ്ദേഹത്തിന്റെ കൈകളിൽ സഭയുടെ സ്വാതന്ത്ര്യവും ഭാവിയും സുരക്ഷിതമാണെന്ന് പതിനഞ്ചു ലക്ഷത്തോളം വരുന്ന മലങ്കരനസ്രാണികൾ വിശ്വസിക്കാൻ കാരണം, അദ്ദേഹം തന്റെ കഴിവുകളിലല്ല, ദൈവത്തിന്റെ അളവറ്റ കൃപയിൽ ആശ്രയിച്ചാണ് സഭാനൗകയെ നയിക്കുന്നതെന്ന ബോധം അദ്ദേഹം എപ്പോഴും എടുത്തുപറയാറുണ്ട് എന്നുള്ളതുകൊണ്ടാണ്. അദ്ദേഹത്തിന്റെ കൈകൾക്ക് ദൈവം ശക്തി നൽകട്ടെ.'

**മാർത്തോമ്മാ എന്ന സ്ഥാനനാമത്തിന്റെ പുനഃസ്ഥാപനം**

മാർത്തോമ്മാശ്ലീഹായുടെ അപ്പോസ്തോലിക സിംഹാസനത്തിന്മേൽ ആരുഢനായ നിമിഷംതന്നെ എന്റെ ഔദ്യോഗിക സ്ഥാനനാമത്തിൽ കൂടി സാധിതപ്രായമാക്കിയ ഒരു നേട്ടം, മാർത്തോമ്മാ ആറാമന്റെ കാലം മുതൽ (എ. ഡി. 1765 to 1808) നഷ്ടപ്പെട്ടിരുന്നതും പിൽക്കാലത്ത് നവീകരണക്കാർ അന്യായമായി കൈയടക്കിയതുമായ മാർത്തോമ്മാ എന്ന സ്ഥാനനാമം വീണ്ടെടുക്കുകയെന്നതായിരുന്നു. ഇപ്രകാരം മാർത്തോമ്മാശ്ലീഹായുടെ നാമം കാതോലിക്കായുടെ പദവി സംജ്ഞയിൽ കുട്ടിച്ചേർത്ത് 'ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ' എന്ന പേരിലാണ് ഞാൻ സ്ഥാനാരോഹണം ചെയ്തത്. സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് 'മാർത്തോമ്മ നാമവും കാതോലിക്കോസും' എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ, 'മാർത്തോമ്മ' 'മാർ ദീവന്നാന്ന്യോസ്' എന്ന നാമങ്ങളുടെ ചരിത്രപശ്ചാത്തലം വിവരിച്ചിട്ടുണ്ട്. മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് പാത്രിയർക്കീസ് മലങ്കരയിലേക്കയച്ച ചില മേല്പട്ടക്കാർ, മാർത്തോമ്മാ 5-ാമൻ 'ദീവന്നാസ്യോസ്' എന്ന നാമം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ യവനപുരാണത്തിൽ മദ്യദേവനായി അറിയപ്പെടുന്ന പ്രസ്തുത നാമം തികച്ചും അസ്വീകാര്യമായി തള്ളിക്കളഞ്ഞതായി വിവരിച്ച ശേഷം, അദ്ദേഹത്തിന്റെ പിൻഗാമി

മാർത്തോമ്മാ ആറാമനെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'മഹാൻസ്ഥാനം നല്കപ്പെട്ട ആറാം മാർത്തോമ്മായ്ക്ക് റോമാസഭയിൽ ചേർന്ന നസ്രാണികളെയും തന്റെ ഭരണത്തിൽ കൊണ്ടുവരണമെന്ന് മോഹം ഉണ്ടായി. അതു സാധിക്കാൻ റോമാസഭയിൽ ചേർന്ന് പേര് ചീത്തയായി. മാർത്തോമ്മാ എന്ന പേര് മാറ്റി, ദീവന്നാസ്യോസ് എന്ന പേരു സ്വീകരിക്കണമെന്ന് സിറിയാക്കാർ ആവശ്യപ്പെട്ടു. അപകടത്തിൽ ചാടി ബലഹാനി സംഭവിച്ച മെത്രാൻ അവരുടെ നിർദ്ദേശം സ്വീകരിക്കാൻ നിർബ്ബന്ധിതനായി തീർന്നു. അതോടുകൂടി നമ്മുടെ തറവാട്ടുപേരും -തോമ്മാ- നഷ്ടപ്പെട്ടു. പിന്നെ വന്ന മലങ്കരമെത്രാപ്പോലീത്തന്മാരെല്ലാം ദീവന്നാസ്യോസ് നാമം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. -തറവാട് വിറ്റ് പുതിയ സ്ഥലം വാങ്ങി അവിടെ താമസമാക്കിയ തരത്തിൽ എന്നു പറയാമോ? പിന്നീട് ഏകദേശം ഒരു ശതാബ്ദത്തിനു ശേഷം നവീകരണക്കാർ മാർത്തോമ്മാ എന്ന പേര് കൈയടക്കിയതിനെക്കുറിച്ച് ഇസഡ്. എം. പാറേട്ട് ഇപ്രകാരം പറയുന്നു: 'റോയൽകോർട്ട് വിധി' എന്ന് സാധാരണ പറയാറുള്ള അപ്പീൽവിധിയിലൂടെ (എ. ഡി. 1889) ജോസഫ് ദീവന്നാസ്യോസും അനുഗാമികളും വിജയിച്ചു. പക്ഷെ 'തോറ്റ നവീകരണസുറിയാനിക്കാർ' ആ തോൽവിയിലൂടെ ഒരു വിജയം കൈവരിച്ചു. അവർ 'മാർത്തോമ്മാ' എന്ന പേരിൽ ഒരു സഭ സ്ഥാപിച്ച് തറവാട്ടുപേര് കൈയടക്കി. തോമസ് അത്താനാസ്യോസിന്റെ മരണശേഷമാണ് അവർക്ക് അതിനു വേണ്ട പ്രചോദനം ലഭിച്ചത്. (മലബാർ സുറിയാനിക്കാരും സി.എം.എസും.-പി ചെറിയാൻ p.297) നവീകരണക്കാർ അങ്ങനെ കൈയടക്കിയത് എന്നാണെന്ന് (എന്താണെന്ന്) ദീവന്നാസ്യോസ് നാമത്തിൽ കടിച്ചുതുങ്ങി കിടന്ന നമ്മുടെ ആളുകൾ മനസ്സിലാക്കിയില്ല. കൂനൻകുരിശുസത്യം വഴി പൂർവ്വസ്ഥാനത്ത് ഉറച്ചുനിന്ന നാം പുത്തൻ കൂറ്റുകാരും പതിനഞ്ചാം ശതകത്തിൽ ഇവിടെ വന്ന റോമാക്കാർ പഴയ കുറ്റുകാരും ആയതുപോലെതന്നെ- അതിന്റെ ഒരു ആവർത്തനമായിരുന്നു, നവീകരിച്ചവർ പൂർവ്വികമായ തറവാട്ടുപേര് എടുത്തപ്പോൾ ഉണ്ടായ പ്രതികരണവും. പൂർവ്വികനാമത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ നമ്മുടെ കഴിവു കോടാണോ ഇതൊക്കെ കാണിക്കുന്നത്?' ലേഖകൻ കാര്യകാരണസഹിതം ചൂണ്ടിക്കാണിക്കുന്ന ചരിത്രപരമായ അപാകതകൾ പാടെ നീക്കി, പിതൃനാമമായ 'മാർത്തോമ്മാ' എന്ന പദവും കുടി കാതോലിക്കായുടെ സ്ഥാനനാമത്തിന്റെ അവിഭാജ്യഘടകമായി കുട്ടിച്ചേർത്ത് പദാർത്ഥപരമായ കലാസുഭഗതയും ശ്രവണമാധുര്യവും സമ്യക്കായി ഒത്തിണങ്ങി ഐകരൂപ്യം പ്രാപിച്ചിരിക്കുന്ന 'ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ' എന്ന പദവിന്യാസം മുഖേന പഴയ തറവാട്ടുപേര് വീണ്ടെടുക്കുവാൻ സാധിച്ചതിൽ കുടുംബാംഗങ്ങൾക്കും സഭാമക്കൾക്ക് ആകമാനമായും അഭിമാനം കൊള്ളാവുന്നതാണ്.

**നയപ്രഖ്യാപനം**

മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ മഹത്ത്വവും പ്രശസ്തിയും വർദ്ധമാനമായി ഉയർത്തുകയെന്നതാണു സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിലുള്ള എന്റെ പ്രവർത്തനപരിപാടികളുടെ പ്രേരകശക്തി. തത്സംബന്ധമായി സഭയുടെ കാവൽഭടനായ കാതോലിക്കാബാവാ എന്ന ശീർഷകത്തിൽ മാത്യു ശങ്കരത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'കണ്ണിലെ കൃഷ്ണമണിയെന്നപോലെ ഞാൻ സ്നേഹിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയ്ക്കു കുറവു സംഭവിക്കുന്ന യാതൊന്നും ഞാൻ പ്രവർത്തിക്കുന്നതല്ല.' പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ കബറടക്കശുശ്രൂഷയുടെ അന്ത്യഘട്ടത്തിൽ ദേവലോകം അരമന അങ്കണത്തിൽ ചെയ്ത ചരമപ്രസംഗവേളയിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനിയാണ് ഈ പ്രഖ്യാപനം നടത്തിയത്. 'തന്റെ സ്ഥാനമോ ജീവൻ തന്നെയുമോ പോയാലും മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ മഹിമയ്ക്കു കുറവു വരുന്ന യാതൊന്നും താൻ പ്രവർത്തിക്കുന്നതല്ല' എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ച തന്റെ മുൻഗാമിക്ക് അന്ത്യോപചാരം അർപ്പിച്ചുകൊണ്ടുള്ള പ. ബാവാതിരുമേനിയുടെ ഈ പ്രസംഗം, അദ്ദേഹത്തിന്റെ നയപ്രഖ്യാപനം കുടിയായിരുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ദൈവദത്തമായി എനിക്കു ലഭിച്ചിട്ടുള്ള താലന്തുകളെല്ലാം യഥായോഗ്യം വിനിയോഗിച്ച് അർപ്പണബുദ്ധിയോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

**എക്യുമെനിസം അഥവാ സഭകളുടെ സഹവർത്തിത്വം**

സഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കുകയെന്നത് ഒരു പ്രധാന ലക്ഷ്യമായി വിഭാവന ചെയ്തുകൊണ്ട് എന്റെ സ്ഥാനാഭിഷേകത്തിനു ശേഷം നടന്ന സ്വീകരണസമ്മേളനത്തിൽ വച്ചുതന്നെ ഞാൻ പ്രസ്താവിച്ചത് ഇപ്രകാരമാണ്: 'കേരളത്തിലെ ക്രൈസ്തവസഭകളെ ഞാൻ പ്രത്യേകം പരിഗണിക്കുന്നു.വിവിധ സാഹചര്യങ്ങൾകൊണ്ട് യോജിപ്പില്ലാതെ നിലകൊള്ളുന്നുവെങ്കിലും ഇവിടത്തെ കത്തോലിക്കാ, സി.എസ്.ഐ., മാർത്തോമ്മാ, അഞ്ചുര്, കൽദായ മുതലായ സഭകൾ ഒരേ രക്തത്തിൽ നിന്നുള്ള സഭകളാകുന്നുവെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. അവയും ബാഹ്യകേരളത്തിലെ മറ്റു സഭകളും ഓർത്തഡോക്സ് സഭയും യോജിച്ച് ഒരു അഖിലഭാരതസഭ ഉണ്ടാകുന്നത് ഞാൻ സ്വപ്നം

കാണുകയാണ്. കേവലം കിനാവു മാത്രമല്ല, അതിനു വേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.' സഭകളുടെ ഐക്യം പെട്ടെന്ന് സാധിതപ്രായമാകുന്നില്ലെങ്കിലും സഹോദരീസഭകളുമായി സൗഹൃദബന്ധം പുലർത്തുന്നതിനായി പല വേദികളിലും നേതൃത്വം നൽകുന്നതിന് എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ക്രൈസ്തവസഭകൾക്കു വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിന് ഇൻഡ്യൻഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള മൗലികാവകാശങ്ങൾക്ക് വിഘ്നം നേരിട്ടിട്ടുള്ള സന്ദർഭങ്ങളിലും എല്ലാ സഭകളും സഹകരിച്ച് പടുയർത്തിയ നിലയ്ക്കൽ സെന്റ് തോമസ് ദേവാലയത്തിന്റെ നടത്തിപ്പിലും സാമുദായിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ക്രിസ്തീയമൂല്യങ്ങൾ നിലനിർത്തി പരിരക്ഷിക്കുന്ന കാര്യത്തിലും ഇതരസഭകളുമായി യോജിച്ചു പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സഹോദരീസഭകളുമായി മൈത്രിബന്ധം പുലർത്തുന്നതിനായി അവരുടെ ജൂബിലിയാഘോഷങ്ങളിൽ നേരിട്ട് സംബന്ധിക്കുകയോ പ്രതിനിധികളെ അയയ്ക്കുകയോ ചെയ്തിട്ടുണ്ട്. നമ്മുടെ സഭയുടെ സമാനസന്ദർഭങ്ങളിൽ ഇതരസഭകളിലെ ഉന്നതാധികാരികളെ ക്ഷണിച്ചുവരുത്തിയിട്ടുമുണ്ട്. ഇവയ്ക്ക് ഉദാഹരണങ്ങളാണ് റഷ്യൻസഭയുടെ സഹസ്രാബ്ദിയാഘോഷം, മലങ്കരയിലെ കാതോലിക്കേറ്റിന്റെ സുവർണ്ണജൂബിലി, പ്ലാറ്റിനം ജൂബിലി തുടങ്ങിയ അവസരങ്ങൾ ഈദൃശമായ സൗഹൃദ സമ്പർക്കങ്ങൾക്ക് മകുടം ചാർത്തുന്ന സംഭവമാണ് 1986 ഫെബ്രുവരി 8-ാം തീയതി പൗരസ്ത്യ കാതോലിക്കേറ്റിന്റെ ആസ്ഥാന ദേവാലയമായ മാർ ഏലിയാ കത്തീഡ്രലിൽ വച്ചു മാർപാപ്പയുമായി നടന്ന കുടിക്കാഴ്ച. മാർപാപ്പയുടെ ക്ഷണപ്രകാരം 1983 ജൂൺ മാസത്തിൽ ഞാൻ വത്തിക്കാൻ സന്ദർശിച്ചതിന് ഒരു പ്രതിസന്ദർശനമെന്ന നിലയിൽ എന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട് നടത്തിയതായിരുന്നു ഈ കൂടിക്കാഴ്ച. 'ഐക്യത്തിലേക്കുള്ള കർത്താവിന്റെ വിളി' എന്ന സന്ദേശവും പേറിക്കൊണ്ട് സഭകൾ തമ്മിലുള്ള സഹവർത്തിത്വം എന്ന എക്യൂമിനിസത്തിന്റെ ലക്ഷ്യം മുൻനിർത്തിയായിരുന്നു മാർപാപ്പയുടെ ഈ പര്യടനം. മലങ്കരസഭയുടെ 1986 മാർച്ചിലെ മാസികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രകാരം അതതു ദേശത്തുള്ള സാമൂഹിക സാംസ്കാരിക ജീവിതപശ്ചാത്തലവുമായി ചേർന്നു പോകത്തക്കവണ്ണവും സഭയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടും കഴിയുന്നിടത്തോളം സഭകളെല്ലാം ക്രൈസ്തവമൂല്യങ്ങളുടെ അടിസ്ഥാനത്തിലും തിരുവചനത്തിന്റെ വെളിച്ചത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പ്രചോദിതമായി ഒന്നിച്ച് സഹകരിക്കുകയെന്നതാണ് എക്യൂമിനിസത്തിന്റെ പ്രവർത്തനശൈലി. സഭയുടെ ഏകീകരണ (uniformity) ത്തിന് ശ്രമിക്കാതെ വൈവിദ്ധ്യമാർന്ന സഭകളുടെ സഹവർത്തിത്വം വ്യാപിപ്പിക്കുകയാണ് എക്യൂമിനിസത്തിന്റെ തൽക്ഷണമായ ഉദ്ദേശ്യം. എത്രയും ഉത്കൃഷ്ടമായ ഈ ചിന്താഗതിയുടെ പശ്ചാത്തലത്തിലാണ് പ്രസ്തുത കുടിക്കാഴ്ച നടന്നത്. ഇരുപിതാക്കന്മാരും ഏലിയാ കത്തീഡ്രലിന്റെ വി. ത്രോണോസിൽ മുത്തി ഒരുമിച്ചു മുട്ടുകുത്തി പ്രാർത്ഥിച്ചത് എക്യൂമിനിസത്തെ സാക്ഷാത്കരിക്കുന്ന നിർണ്ണായകമായ ഒരു ചുവടുവയ്പായിരുന്നു. ചരിത്രപ്രധാനമായ ഈ സന്ദർശനത്തിൽ പ. അപ്പോസ്തലന്മാരായ പത്രോസ് ശ്ലീഹായുടെയും തോമ്മാശ്ലീഹായുടെയും സിംഹാസനങ്ങളുടെ സമാനപദവിയുടെയും തുല്യമാന്യതയുടെയും നിദർശനമായി പൗരസ്ത്യകാതോലിക്കായെ കോട്ടയം മാർപ്പാപ്പയെന്ന് റോമാനഗരത്തിലെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വിശേഷിപ്പിച്ച കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാണ്.

മാർപാപ്പാസന്ദർശനത്തെ തുടർന്ന് പരസ്പരസഹവർത്തിത്വം ലാക്കാക്കി ഒരു ഓർത്തഡോക്സ്-റോമൻകത്തോലിക്കാ സംയുക്ത വേദശാസ്ത്ര കമ്മീഷൻ രൂപീകരിക്കുകയും അതിന്റെ ഒരു സമ്മേളനം 1988 ഒക്ടോബർ 22 മുതൽ 25 വരെ കോട്ടയം സോഫിയാ സെന്ററിൽ വച്ചു നടത്തുകയും തല്ഫലമായി എ. ഡി. 451-ലെ കല്ക്കദോനിയ സൂന്നഹദോസ് മുതൽ നിലനിന്നിരുന്ന ഭിന്നിപ്പുകളെ സംബന്ധിച്ച് പരസ്പരം സ്വീകാര്യമായ ഒരു വിശദീകരണം കണ്ടെത്തുകയും ചെയ്തു. ഇതിനെ പിന്തുടർന്ന് തയ്യാറാക്കിയ ഒരു സംയുക്തരേഖ ഇരുസഭാനേതൃത്വങ്ങളുടെയും അംഗീകരണത്തിന് സമർപ്പിക്കുകയും അംഗീകരണത്തിനു ശേഷം 1990 ജൂൺ 3-ാം തീയതി ഞായറാഴ്ച പ്രസ്തുത രേഖയുടെ ഔപചാരികമായ പ്രകാശനം വത്തിക്കാൻ, ദേവലോകം അരമനകളിൽ നടക്കുകയും ചെയ്തു. പരസ്പര കുർബ്ബാനസ്വീകരണത്തിനുള്ള ഒരു തടസ്സം മാത്രമെ ഇപ്രകാരം നീങ്ങിയിട്ടുള്ളുവെങ്കിലും ഇതു പരസ്പരസഹവർത്തിത്വത്തിലേക്കുള്ള ഖണ്ഡിതമായ ഒരു മുന്നേറ്റമായിരുന്നു.

### ജീവകാരുണ്യപ്രവർത്തനങ്ങൾ

സഭയുടെ ദൗത്യത്തിൽ സാമൂഹികനീതി നടപ്പിൽ വരുത്തകയെന്ന ലക്ഷ്യവും ഉൾപ്പെട്ടിരിക്കുന്നുവെന്ന് തിരുവചനത്തിൽ വ്യക്തമായി കാണുന്നപ്രകാരം, ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പീഡിതർക്ക് മോചനവും പ്രദാനം ചെയ്യുക (ലൂക്കോ. 4:18-19) കർത്താവിന്റെ പ്രസാദവർഷത്തിന്റെ പദ്ധതികളിലെ ഒരു പ്രധാനഘടകമായി ഏറ്റെടുത്ത് നടത്തുവാൻ പ. സൂന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്. തത്സംബന്ധമായി ഞാനയച്ച കല്പനയുടെ പ്രസക്തഭാഗം 1986 ഓഗസ്റ്റ് മാസത്തിലെ

മലങ്കരസഭാമാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: 'നമ്മുടെ സഭയിൽ മിഷ്യൻപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ച് ആരംഭിച്ചിട്ടുള്ള സംഘടനയാണ് നമ്മുടെ മിഷ്യൻ ബോർഡും അനുബന്ധഘടകങ്ങളും. ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കേന്ദ്രമിഷൻ ബോർഡിന്റെ പ്രവർത്തനങ്ങളെ മെത്രാസനതലങ്ങളിലും ഇടവകതലങ്ങളിലും സജീവമാക്കുവാൻ വേണ്ടി ഓരോ മെത്രാസനത്തിലും ഇടവക മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി മെത്രാസന മിഷ്യൻ ബോർഡും, മെത്രാസന മിഷ്യൻ ബോർഡിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി ഓരോ ഇടവകയിലും ഇടവക വികാരി അദ്ധ്യക്ഷനായി ഇടവകയൂണിറ്റുകളും ആരംഭിച്ച് മിഷ്യൻ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണമെന്ന് 1986 ഫെബ്രുവരിയിൽ കൂടിയ പ. എപ്പിസ്കോപ്പൽ സൂന്നഹദോസ് നിശ്ചയം ചെയ്തിട്ടുണ്ട്.' കഴിഞ്ഞ ഒന്നര ദശാബ്ദത്തിൽ ഈ രംഗത്ത് സഭയുടെ പ്രവർത്തനങ്ങൾ വ്യാപകമായിട്ടുണ്ട്. സുവിശേഷദൗത്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് പുനഃസംവിധാനം ചെയ്യുന്ന വിദ്യാഭ്യാസപരവും സാമൂഹ്യവുമായ സേവനസൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിനും ധാർമ്മിക ഉന്നമനത്തിനുമായുള്ള സമിതിയുടെ പ്രവർത്തനം വ്യാപകമാക്കി വരുന്നു. ശിശുക്ഷേമം മുൻനിർത്തി ശിശുക്ഷേമ ബോർഡ് രൂപവത്ക്കരിച്ചിട്ടുണ്ട്. യോഹന്നാനൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച ശിശുദിനമായും, സഖറിയാപുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച മാതാപിതാക്കന്മാരുടെ ദിനമായും, വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച രോഗികളുടെ ഞായറാഴ്ചയായും, ദനഹായ്ക്കു ശേഷം വരുന്ന നാലാമത്തെ ഞായറാഴ്ച തൊഴിലാളിദിനമായും ആചരിക്കുന്നുണ്ട്. ശിശുക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഹൈദരാബാദ് പട്ടണത്തിൽ നിന്നു 50 കി.മീ. അകലെ യാച്ചാരംഗ്രാമത്തിൽ വാങ്ങിയ 24 ഏക്കർ സ്ഥലത്ത് സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിന്റെ പ്രവർത്തനങ്ങൾ 1985-ൽ ആരംഭിച്ചു. വിദേശസഹായം കൂടാതെ ആന്ധ്രപ്രദേശിൽ സഭ ഒരു ഭവനനിർമ്മാണപദ്ധതി ഏറ്റെടുത്ത് നടത്തി. ഇതിനും പുറമെ നാടാകെ നടുക്കിയ ഭോപ്പാൽ വാതകദുരിതത്തിലകപ്പെട്ടവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടുകൂടി പ. സൂന്നഹദോസ് ഒരു ഭോപ്പാൽ മിഷ്യന് തുടക്കം കുറിച്ചു. ഭോപ്പാൽ സെന്റ് തോമസ് പള്ളി കേന്ദ്രമാക്കി നടത്തുന്ന മിഷ്യന്റെ പ്രവർത്തകർ എല്ലാ ദിവസവും ചേരിപ്രദേശങ്ങൾ സന്ദർശിക്കുകയും രോഗികൾക്ക് വൈദ്യസഹായം എത്തിക്കുകയും ചെയ്യുന്നു.

മിഷ്യൻ പ്രവർത്തകരെ പരിശീലിപ്പിക്കുവാൻ ഒരു മിഷ്യൻ ട്രെയിനിംഗ് കേന്ദ്രം, അഞ്ച് മിഷ്യൻ സെന്ററുകൾ, അശരണരെ സഹായിക്കുവാൻ 12 അനാഥാലയങ്ങൾ എന്നിവ സഭ നടത്തുന്നുണ്ട്. കൂടാതെ വിവാഹസഹായ ഫൗണ്ടേഷൻ, ഭവന നിർമ്മാണസഹായ ഫൗണ്ടേഷൻ, തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്റർ, വികലാംഗഭവൻ എന്നിവ പ്രവർത്തിച്ചുവരുന്നു.ഇതിനും പുറമെ സഭാ മെഡിക്കൽ ബോർഡിന്റെ മാർഗനിർദേശത്തിൽ 15 ആശുപത്രികളും കേരളത്തിൽ പ്രവർത്തിച്ചുവരുന്നു.

വിദ്യാഭ്യാസരംഗത്തിലും സഭയുടെ നേട്ടം പ്രശംസനീയമാണ്. സഭയുടെ അടിസ്ഥാനഘടകമായ ഇടവകകൾക്കായി ഉത്തമ ഇടയന്മാരെ പരിശീലിപ്പിക്കുന്ന വൈദിക സെമിനാരിയിൽ ഇപ്പോൾ മൂന്നുറോളം പേർ പഠിക്കുന്നുണ്ട്. ഉന്നതബിരുദം നല്കുവാൻ പര്യാപ്തമായി വികസിച്ച ഈ സെമിനാരിയിൽ മൂന്ന് ദശാബ്ദങ്ങളിലധികം അദ്ധ്യാപകനായും (1935-1966) അതിൽ പകുതിയിലധികം (1951 മുതൽ) പ്രിൻസിപ്പലായും ഞാൻ പ്രവർത്തിച്ചിരുന്ന ചരിത്രം മുകളിൽ 154-ാം പേജിൽ വിവരിച്ചിട്ടുണ്ട്. വേദശാസ്ത്രവിജ്ഞാനത്തിൽ മാസ്റ്റർബിരുദം നേടുന്നതിനായി പഠനവും ഗവേഷണവും നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. സെമിനാരിയുടെ നിയന്ത്രണത്തിൽ അത്മായക്കാർക്കായി ആരംഭിച്ച 'ദിവ്യബോധനം' എന്ന പേരിലറിയപ്പെടുന്ന പഠനക്കളരി സഭയിൽ ഒരു പുതിയ ഉണർവ്വ് സംജാതമാക്കിയിട്ടുണ്ട്. മാത്രമല്ല, മതേതര പഠനങ്ങൾക്കായി കേരളത്തിലും പുറത്തുമായി 13 കോളേജുകളും ഇരുനൂറിലേറെ സ്കൂളുകളും 12 വ്യവസായ പരിശീലനകേന്ദ്രങ്ങളും 5 അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളും പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. സഭയിലെ എല്ലാ തലങ്ങളിലും മാന്യവും ഉത്തമവുമായ മാനദണ്ഡങ്ങൾ നിലനിർത്തുവാൻ സഹായകമായി ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം, യൂത്ത് മൂവ്മെന്റ് എന്നിവയും കാതലായ സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. ഇരുപത് ലക്ഷത്തോളം അംഗസംഖ്യയുള്ള സഭയിൽ ഇരുപത് ഭദ്രാസനങ്ങളിലായി 19 മേല്പട്ടക്കാരും 900 വൈദികരും 1200 പള്ളികളുമുണ്ട്. ആത്മീയപ്രസ്ഥാനങ്ങളായ 12 ദയറാകളും 10 സന്യാസിനീമഠങ്ങളും വൈദികർക്കായി സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘവും പ്രവർത്തിക്കുന്നുണ്ട്. കുടാതെ സഭയുടെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ചിരിക്കുന്ന പൊതു ആരാധനയുടെ നിർദ്ദിഷ്ടമുറയെപ്പറ്റി പഠിക്കുന്നതിന് ഒരു ലിറ്റർജിക്കൽ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ഹിന്ദിയിലേക്കും തമിഴിലേക്കും വി. കുർബ്ബാനതക്സാ വിവർത്തനം ചെയ്തിട്ടുണ്ട്. വി. കുർബ്ബാനക്രമത്തിന്റെ ഇംഗ്ലീഷ് വിവർത്തനം ഞാൻ 1966-ൽ നിർവഹിച്ച കാര്യം മുകളിൽ 160-ാം പേജിൽ വിവരിച്ചിട്ടുണ്ട്. 12 വയസ്സായ കുട്ടികളുടെ സഭാംഗത്വ

ബോധവൽക്കരണത്തിനും പുനഃപ്രതിഷ്ഠയ്ക്കുമായി പ്രത്യേകദിനം ഏർപ്പെടുത്തുകയും പ്രത്യേകക്രമം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നാനാപ്രകാരേണയും കഴിഞ്ഞ ഒരു ദശകത്തിൽ സഭയ്ക്കുണ്ടായിട്ടുള്ള വളർച്ചയും നേട്ടങ്ങളും അവലോകനം ചെയ്തുകൊണ്ട് പ. ഗീവറുഗീസ് ദ്വീതിയൻ ബാവായുടെ ചരമദിന രജതജൂബിലിയാഘോഷത്തോടനുബന്ധിച്ച് നമ്മുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ (ഇപ്പോഴത്തെ നമ്മുടെ ദ്വീതീയൻ ബാവാ) എഴുതിയ ഒരു ലേഖനം ഇപ്രകാരം സമാപിക്കുന്നു: 'സഭയുടെ വളർച്ചയാണ് പരിശുദ്ധ കാതോലിക്കാബാവായുടെ സ്വപ്നം. കാതോലിക്കാബാവായുടെ സുശക്തമായ നേതൃത്വത്തിൽ സഭ വളരുകയാണ്. തന്റെ ജനങ്ങൾക്ക് മരുഭൂമിയിൽ സ്വർഗ്ഗീയ യാത്ര ഒരുക്കുന്നതിനുള്ള കർമ്മനിരതമായ ആസൂത്രണം സഭയ്ക്കു കരുത്തും ശക്തിയും പകരുന്നു. പരിശുദ്ധ കാതോലിക്കാബാവായുടെ കർമ്മസാഫല്യം സഭയ്ക്കു ദീർഘനാൾ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.'

**സഭാക്കേസ്**

1064 പള്ളികളുടെ കേസെന്നും സഭാക്കേസ് എന്നുമറിയപ്പെടുന്ന കേസ് അഡ്വ. കെ. ചെറിയാന്റെ ഉപദേശപ്രകാരം ആരംഭിച്ചതും അതിൽ കേരളഹൈക്കോടതിയിൽ നിന്നു വമ്പിച്ച വിജയം നേടിയതുമായ വസ്തുതകൾ മുകളിൽ 128-132 പേജുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. കാതോലിക്കാപക്ഷത്തിന്റെ അപേക്ഷപ്രകാരം ഗവണ്മെന്റ് നിയോഗിച്ച സ്പെഷ്യൽ കോടതിക്കെതിരായി പാത്രിയർക്കീസ് ഭാഗം അന്യായമായി അപഖ്യാതി ആരോപിച്ചതിനാൽ, പകരം ഒരു അനന്തസുബ്രഹ്മണ്യത്തെ ജഡ്ജിയായി നിയമിച്ചു. അയാൾ യഥാർത്ഥത്തിൽ പാത്രിയർക്കീസ് പക്ഷത്തോട് ചായ്വുള്ളവനായിരുന്നു. ഈ കോടതി മുമ്പാകെ എന്നെ സാക്ഷിയായി വിസ്തരിക്കുകയും വിസ്താരം 90 ദിവസം നീണ്ടു നില്ക്കുകയും ചെയ്തു. വാദിഭാഗം വക്കീൽ കെ. ജോർജിന്റെ ചീഫ് വിസ്താരത്തിനു ശേഷം പ്രതിഭാഗം വക്കീലന്മാർ പി. പി. ജോണും, റ്റി. റ്റി. ഉതുപ്പും ക്രോസ് വിസ്താരം നടത്തി. ഉതുപ്പിന് എന്നെ മനഃപൂർവ്വം ആക്ഷേപിക്കണമെന്ന ദുരുദ്ദേശമുണ്ടായിരുന്നതായി തോന്നിക്കുന്ന പല ചോദ്യങ്ങളും അയാൾ ചോദിച്ചു. ഈ കാര്യം ജഡ്ജിയെ അറിയിച്ചെങ്കിലും അയാൾ ഉതുപ്പിന്റെ രീതികളോട് യോജിക്കുകയാണ് ചെയ്തത്. എന്നോടാലോചിക്കാതെ വക്കീലന്മാർ ജഡ്ജിയുടെ ചേംബറിൽ സങ്കടം ബോധിപ്പിച്ച സമയം, ജഡ്ജി പരാതികൾ തീർത്തും അവഗണിക്കുകയും അതിനു പുറമെ മാന്യതയുടെ പരിധികൾ ലംഘിച്ച് അവരെ ഭർത്സിക്കുകയും ചെയ്തു. തദനന്തരം ഉതുപ്പ് പതിവിൻ പ്രകാരമുള്ള വിസ്താരം തുടരുകയും എന്റെയും പി. എൻ. നൈനാൻ, മണലിൽ യാക്കോബ് കത്തനാർ ആദിയായവരുടെയും വിസ്താരങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ജഡ്ജിയുടെ പ്രവർത്തനശൈലിയിൽ വിദ്വേഷപരമായ മനച്ചായ്വ് പ്രകടമായി കണ്ടിരുന്നതിനാൽ ഈ ജഡ്ജിയുടെ വിധി തികച്ചും പക്ഷപാതപരമായിരിക്കുമെന്നുള്ള നിഗമനത്തിൽ കാതോലിക്കാപക്ഷം കോടതിമാറ്റത്തിനായി സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതി ചീഫ് ജസ്റ്റീസ് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ ആ ചുമതല ഏല്പിച്ചു. അദ്ദേഹം ഹൈക്കോടതി സിംഗിൾ ബഞ്ച് ജഡ്ജിയായി ജ. ചന്ദ്രശേഖരമേനോനെ നിയോഗിച്ചു. തുടർന്ന് കാതോലിക്കാപക്ഷത്തേക്കു എൻ. നാരായണൻ പോറ്റി, എം. ഏബ്രഹാം, പി. റ്റി. മാത്യു, സി. റ്റി. ഐസക്ക് എന്നിവരും പാത്രിയർക്കീസ് പക്ഷത്തേക്കു തൈക്കാട്ട് സുബ്രഹ്മണ്യഅയ്യർ, പി. പി. ജോൺ എന്നിവരും വാദം നടത്തി. ജ. മേനേന്റെ വിധി തികച്ചും അപ്രതീക്ഷിതമായിരുന്നു. ഇരുഭാഗക്കാർക്കും അവരവരുടെ പള്ളികളിൽ ഭരണം നടത്തുന്നതിനും യഥേഷ്ടം മേല്പട്ടക്കാരെ സ്വീകരിക്കുകയോ, നിരാകരിക്കുകയോ, ചെയ്യുവാനും സ്വാതന്ത്ര്യമുണ്ടെന്നും കാതോലിക്കാഭാഗം പള്ളികൾ അവരുടെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നും എന്നാൽ ആ ഭരണഘടന പാത്രീയർക്കീസ് പക്ഷത്തിനു ബാധകമല്ലെന്നുമായിരുന്നു വിധിസാരം. തൽഫലമായി 1958-ലെ സുപ്രീംകോടതി വിധിപ്രകാരം യാതൊരു നില്ക്കക്കള്ളിയുമില്ലായിരുന്ന പാത്രിയർക്കീസ് ഭാഗത്തിനു തങ്ങളുടെ കൈവശമുള്ള പള്ളികളിൽ യഥേഷ്ടം വിഹരിക്കുന്നതിന് അവസരം ലഭിക്കുകയും കാതോലിക്കാഭാഗത്തേക്കു പ്രസ്തുത സ്വാതന്ത്ര്യം നിലനിർത്തിയിരുന്നെങ്കിലും സഭയിലാകമാനമുണ്ടായിരുന്ന ഭരണധികാരം നഷ്ടപ്പെടുകയുമാണുണ്ടായത്. കൂടാതെ സഭയുടെ എപ്പിസ്കോപ്പൽ സ്വഭാവത്തിനു തികച്ചും വിപരീതമായി ഓരോ പള്ളിയും സ്വതന്ത്രമാണെന്നും സഭ കൂട്ടായ്മസ്വഭാവമുള്ളതാണെന്നുമുള്ള നിഗമനം സത്യവിരുദ്ധമായിരുന്നതിനു പുറമെ, സഭയിലെ കക്ഷിമാത്സര്യം എക്കാലവും നിലനിർത്തുവാൻ പര്യാപ്തവുമായിരുന്നു. ജ. മേനോന്റെ നിഗമനപ്രകാരം പള്ളികൾക്കു സന്ദർഭാനുസരണം വിശ്വസ്തതയും വിധേയത്വവും വ്യത്യാസപ്പെടുത്തുവാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ അപ്രകാരമുള്ള സഭയിൽ ഒരിക്കലും ഭരണസുസ്ഥിരത നിലനില്ക്കുമായിരുന്നില്ല. ഭിന്നിച്ചിരുന്ന കക്ഷികളെ എക്കാലവും ഭിന്നിപ്പിച്ചു തന്നെ നിലനിർത്തുവാൻ കരുതിക്കൂട്ടി ആസൂത്രണം ചെയ്ത ഒരു പദ്ധതിയായിരുന്നില്ലേ ഈ വിധിയുടെ പ്രേരകശക്തിയെന്നു സംശയിക്കേണ്ടി വന്നു. ജ. മേനോന്റെ ഔദ്യോഗികവിരാമത്തിനു ശേഷം തന്റെ പദവിക്കനുയോജ്യമായ

മാന്യതയുടെ മാനദണ്ഡങ്ങൾ ലംഘിച്ചുവെന്നത് പ്രസ്തുത സംശയങ്ങൾക്ക് ഉപോത്ബലകമായി ഭവിച്ചു. അതായത് അദ്ദേഹം ഒരഭിഭാഷകനായി രംഗപ്രവേശം ചെയ്ത സമയം പാത്രിയർക്കീസ് പക്ഷത്തിന് ഉപദേശം നല്കുകയും അന്യായ പത്രികകളും മറ്റും എഴുതി തയ്യാറാക്കി കൊടുക്കുകയും ചെയ്തിരുന്നു. അയോഗ്യമായ ഇതേ നടപടിതന്നെ മുമ്പ് സ്പെഷ്യൽ ജഡ്ജിയായിരുന്ന അനന്തസുബ്രഹ്മണ്യഅയ്യരും സ്വീകരിച്ചുകൊണ്ട് ഇരുവരും തങ്ങളുടെ ജീവിതചര്യയുടെ ഉത്കൃഷ്ടസ്ഥാനമായിരുന്ന ന്യായാധിപ പദവിയെ കളങ്കപ്പെടുത്തിയെന്ന ദുഃഖസത്യം നിലനില്ക്കുന്നു. കൂടാതെ സഭയുടെ ഭരണകാര്യങ്ങളിൽ വൈഷമ്യങ്ങളും അസ്വസ്ഥതയും സംജാതമായി. 1958-ലെ സമാധാനവ്യവസ്ഥയനുസരിച്ച് ഓർത്തഡോക്സ് സഭയിൽ ചേർന്ന വൈദികർക്കും ജനങ്ങൾക്കും വളരെയേറെ പീഡാനുഭവങ്ങളുണ്ടായി. പള്ളികളിൽ കുഴപ്പങ്ങളും മത്സരങ്ങളും അടിപിടി അക്രമങ്ങളും പോലീസിടപെടലും കേസ്സുകളും വന്നു ഭവിക്കുകയും തൻനിമിത്തമുള്ള പാഴ്ചെലവുകൾ വഹിക്കേണ്ടിവരികയും ചെയ്തു. ഈ ദുഃസ്ഥിതിക്കു പരിഹാരമായി കാതോലിക്കാപക്ഷം കാതോലിക്കേറ്റ് ചാപ്പലുകൾ സ്ഥാപിക്കുകയെന്ന മാർഗ്ഗം സ്വീകരിക്കുകയും ഭീമമായ ചെലവുകൾ വഹിച്ച് സ്വാതന്ത്ര്യം പരിരക്ഷിക്കേണ്ടതായും വന്നു. ഈദൃശമായ ദുരവസ്ഥയെ കൂടുതൽ വഷളാക്കിയതു രാഷ്ട്രീയ കൈകടത്തലുകളായിരുന്നു. തല്പരകക്ഷികളായ എം.എൽ.എ.മാർ മന്ത്രിമാരെ സ്വാധീനപ്പെടുത്തി അവരിൽകൂടി ജഡ്ജിമാരിൽ സമ്മർദ്ദം ചെലുത്തി അടിച്ചേല്പിച്ച പീഡനങ്ങൾ അസഹനീയമായിരുന്നു. ഇവയുടെയെല്ലാം ആത്യന്തിക നിവാരണമാർഗ്ഗം സിംഗിൾ ബെഞ്ച് ജഡ്ജിയുടെ വിധിക്കെതിരെ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ കൊടുക്കുകയായിരുന്നു. അപ്പീൽകേസ്സു നടത്തുന്നതിനായി പ്രഗത്ഭരായ അഭിഭാഷകരെ ഏർപ്പെടുത്തന്നതുകുടാതെ കേന്ദ്രസ്ഥാനത്തുള്ള ഓഫീസ്, വാടക, വേതനം, യാത്രച്ചെലവ് ആദിയായ വകയിൽ പ്രതിമാസം ഭീമമായ ഒരു തുക സംഭരിക്കേണ്ടിയിരുന്നു. ഇവയ്ക്കെല്ലാമായി പരുമല സെമിനാരിയുടെ വരവിൽ നിന്നു ലക്ഷക്കണക്കിന് പണം വിനിയോഗിക്കേണ്ടി വന്നു. കേസ്സ് നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കേണ്ടിയിരുന്ന എനിക്ക് ധനസമാഹരണഭാരത്തിനു പുറമെ വളരെ മനോഭാരവും വഹിക്കേണ്ടി വന്നു. ഹൃദയം തകർക്കുന്ന ഈ വ്യഥയുടെ ഭാരം ഞാൻ ദൈവതിരുമുമ്പാകെ സമർപ്പിച്ചുകൊണ്ട്, വി. പത്രോസ് ശ്ലീഹായുടെ 1-ാം ലേഖനം 5:7-ലെ ഉപദേശാനുസരണം 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടു കൊൾവിൻ' എന്ന തിരുവചനം ശിരസ്സാ വഹിച്ചുകൊണ്ട് ദൈവികനടത്തിപ്പിനായി കാത്തിരുന്നുവെന്നും, തൽഫലമായി സ്വർഗ്ഗീയകവാടങ്ങൾ തുറന്ന് ദൈവംതമ്പുരാന്റെ അളവറ്റ കൃപയും കരുണയും സമൃദ്ധിയായി വർഷിക്കപ്പെടുകയും ദീർഘനാൾ അന്ധകാരനിബിഡമായിരുന്ന സഭാന്തരീക്ഷം തൽക്ഷണം പ്രഭാപൂരിതമാകുകയും ഭാരവും ബദ്ധപ്പാടും കവിഞ്ഞു കുന്നിച്ച് നിമഗ്നമാക്കുന്ന പ്രതികൂലസാഹചര്യങ്ങളിൽ കൂടിയും സഭാകേസ്സ് യഥായോഗ്യം നടത്തുവാൻ സാധിച്ചുവെന്നും മാത്രമല്ല, കേസ്സിന്റെ വിധിപ്രഖ്യാപനത്തിന് ഒരു മാസം മുമ്പ് എന്റെ ശതാഭിഷേകസന്ദർഭം പ്രമാണിച്ച് 27-3-90-ലെ മലയാളമനോരമയിൽ പ്രസിദ്ധീകരിച്ച ഒരു അഭിമുഖത്തിൽ വ്യവഹാരവിഷയത്തെക്കുറിച്ച് 'ഞാൻ നടത്തിയ കേസ്സുകളൊന്നും തോറ്റിട്ടില്ല. ഇപ്പോഴത്തെ കേസ്സ് തോല്ക്കുകയില്ലെന്നാണ് എന്റെ വിശ്വാസം' എന്ന് ദൃഢവും സംശയാതീതവുമായി പ്രതികരിക്കുവാൻ തക്ക ആത്മധൈര്യം ദൈവംതമ്പുരാൻ എനിക്ക് പ്രദാനം ചെയ്തുവെന്നും തുടർന്ന് 1-6-1990-ൽ പ്രഖ്യാപിതമായ ഹൈക്കോടതിവിധിപ്രകാരം കാതോലിക്കാപക്ഷത്തിന് വമ്പിച്ച വിജയം വരിക്കുവാൻ സാധിച്ചുവെന്നും ഈ ആത്മകഥനത്തിൽ രേഖപ്പെടുവാൻ സംഗതിയാക്കിയ ദൈവംതമ്പുരാനെ ഞാൻ അത്യന്തം സ്തുതിക്കുന്നു.

**എന്റെ വിദേശപര്യടനങ്ങൾ**

1958 മാർച്ച് 23 മുതൽ മെയ് 31 വരെ ഞാൻ മലയാ, സിംഗപ്പൂർ പ്രദേശങ്ങളിൽ പര്യടനം നടത്തിയ കാര്യം മുകളിൽ 173-ാം പേജിൽ പറഞ്ഞിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ 1967-ൽ വീണ്ടും ഒരു പര്യടനം നടത്തി. ഇതിനു പുറമെ 1963 ജൂലൈയിൽ സഭയുടെ പ്രതിനിധികളിലൊരാളായി റഷ്യൻ ഓർത്തഡോക്സ് സഭയുടെ അലക്സി പാത്രിയർക്കീസിന്റെ സുവർണ്ണജൂബിലിയാഘോഷങ്ങൾക്കായി ഞാൻ മോസ്കോ സന്ദർശിച്ചു. 1966-ൽ അറബ്യേൻ ഗൾഫ് നാടുകൾ സന്ദർശിച്ചു. വീണ്ടും ഞാൻ 1976-ൽ മോസ്കോയും അർമീനിയായും സന്ദർശിച്ചു. 1979 ജൂലൈ മാസത്തിൽ നമ്മുടെ മക്കാറിയോസ് മെത്രാച്ചന്റെ സ്ഥാനാരോഹണം സംബന്ധിച്ച് നടന്ന അമേരിക്കൻസന്ദർശനവേളനയിൽ ഞാൻ അമേരിക്കൻ ഐക്യനാടുകളിൽ പര്യടനം നടത്തി. കൂടാതെ മാർപ്പാപ്പായുടെ ക്ഷണപ്രകാരം 1983-ൽ ഞാൻ വത്തിക്കാൻ സന്ദർശിച്ച കാര്യം മുകളിൽ 180-ാം പേജിൽ പറഞ്ഞിട്ടുണ്ട്. ഈ പര്യടനത്തിൽ വിശുദ്ധനാടും പുണ്യസ്ഥലങ്ങളും സന്ദർശിക്കുന്നതിന് അവസരം ലഭിച്ചു.

**മെത്രാൻ സ്ഥാനാഭിഷേകങ്ങൾ**

രണ്ട് പ്രാവശ്യം മെത്രാൻ സ്ഥാനാഭിഷേകം എന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയിട്ടുണ്ട്.

ഒന്നാമത്തേത് 1978 മെയ് 15-ാം തീയതി പഴഞ്ഞി സെന്റ് മേരീസ് ദേവലായത്തിൽ വച്ചായിരുന്നു. അന്ന് വാഴിക്കപ്പെട്ട മെത്രാന്മാർ താഴെ പറയുന്നവരാണ്.

1. യാക്കോബ് മാർ പോളിക്കർപ്പോസ്
2. സഖറിയാ മാർ ദീവന്നാസ്യോസ്
3. ഗീവറുഗീസ് മാർ ദീയസ്കോറോസ്
4. മാത്യൂസ് മാർ ബർന്നബാസ്
5. യൂഹാനോൻ മാർ അത്താനാസ്യോസ്

രണ്ടാം പ്രാവശ്യം മാവേലിക്കര പുതിയകാവ് ദേവാലയത്തിൽ വച്ച് 1985 മേയ് 15-ാം തീയതി താഴെ പറയുന്ന 5 മെത്രാന്മാരെ വാഴിച്ചു.

1. മാത്യൂസ് മാർ എപ്പിപ്പാനിയോസ്
2. ഫീലിപ്പോസ് മാർ യൗസേബിയോസ്
3. തോമസ് മാർ അത്താനാസ്യോസ്
4. ഗീവറുഗീസ് മാർ ഈവാനിയോസ്
5. പൗലൂസ് മാർ മിലിത്തിയോസ്

**മുറോൻകൂദാശകർമ്മം**

രണ്ടു പ്രാവശ്യം ഞാൻ മുറേൻ കുദാശ ചെയ്തു. ആദ്യത്തേത് 1977 ഏപ്രിൽ 1-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം പഴയസെമിനാരിയിൽ വച്ചും, രണ്ടാമത്തേത് 1988 മാർച്ച് 25-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം ദേവലോകം അരമനയിൽ വച്ചുമായിരുന്നു.

**വ്യക്തി ബന്ധങ്ങൾ**

എന്റെ ജീവിതത്തെ ആകമാനമായും അവഗാഢമായും സ്വാധീച്ചിട്ടുള്ള ഏകവ്യക്തി എന്റെ ജ്യേഷ്ഠസഹോദരൻ അഡ്വ. കെ. ചെറിയാനാണ്. എനിക്കും എന്റെ സഹോദരി സഹോദരന്മാർക്കും അദ്ദേഹം ഒരു പിതാവിന്റെ സ്ഥാനത്ത് നിന്ന് പ്രവർത്തിച്ച കാര്യം (118,138 എന്നീ പേജുകളിൽ) പറഞ്ഞിട്ടുണ്ട്. മേല്പട്ടക്കാരിൽ സ്വഭാവവൈശിഷ്ട്യത്താൽ ആരാധ്യരും മാർഗ്ഗദർശികളുമായി ഞാൻ കരുതിയിട്ടുള്ളവർ പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് തിരുമേനി, ബാഹ്യകേരള ഭദ്രാസനത്തിൽ എന്റെ മുൻഗാമിയായിരുന്ന മാർ തേവോദോസ്യോസ് തിരുമേനി എന്നിവരാണ്.

കശ്ശീശന്മാരുടെ ഗണത്തിൽ എന്റെ വന്ദ്യപിതാവ് വട്ടക്കുന്നേൽ വല്യച്ചന് പുറമെ, മല്പാൻ സി.ജെ.സ്കറിയാ, ഫാദർ ടി.സി. ജേക്കബ്, മണലിൽ യാക്കോബ് കത്തനാർ എന്നീ പേരുകൾ പ്രസ്താവയോഗ്യമാണ്.

അത്മായക്കാരിൽ കെ. സി. മാമ്മൻ മാപ്പിളയ്ക്ക് എന്നോടുണ്ടായിരുന്ന പ്രത്യേക താല്പര്യം മുകളിൽ 163-ാം പേജിൽ വിവരിച്ചിട്ടുണ്ട്. കൂടാതെ എനിക്കു വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധതയോടുകൂടി സ്വയം മറന്ന് സ്നേഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു മഹൽവ്യക്തിയാണ് പുത്തനങ്ങാടി മാളിയേക്കൽ കുഞ്ഞുഞ്ഞ് എന്ന ചെറിയാൻ കുര്യൻ. ഇതിനു പുറമെ ശ്രദ്ധേയമായ പേരുകൾ എറികാട്ട് ബേബി (ഈ. ജെ. ജോസഫ്) കൊച്ചിമൂല പുന്നച്ചൻ, കട്ടത്ര ഫിലിപ്പ്, മുട്ടമ്പലം പാറയിൽ കൊച്ച് എന്നിവരുടേതാണ്.

എന്നെ ആത്മാർത്ഥമായി സ്നേഹിച്ചിട്ടുള്ളവർ ഫാ. ടി. എം. ജോർജ്, ഫാ. പി. എം. തോമസ്സ് മുണ്ടുകുഴി, ഫാ. സി. സി. ജേക്കബ്ബ് ചാലിശ്ശേരി, ഡ്രൈവർമാരായ എം. ജെ. ഏബ്രഹാം, കപ്യാർ (ഡ്രൈവർ) കടമറ്റം കുഞ്ഞുവർക്കി എന്നിവരും പനയമ്പാല കപ്യാർ കുഞ്ഞുവർക്കി (വറുഗീസ്) എന്നിവരുമാണ്.

എന്റെ കുടുംബാംഗങ്ങൾ വ്യത്യാസം കുടാതെ എല്ലാവരും എന്നെ സ്നേഹിച്ചിരുന്നു. പ്രത്യേകമായി എന്റെ അമ്മ, പെങ്ങൾ ഡോ. മേരി കുര്യൻ എന്നിവരുടെ സ്വഭാവവൈശിഷ്ട്യം എന്നെ അവരിലേക്ക് ആകർഷിച്ചിരുന്നു.

❑